# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2022 ഫെബ്രുവരി, വോള്യം: 10 ലക്കം: 6

എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്,
പി. നന്ദകുമാർ,
കെ ചന്ദ്രൻപിള്ള

08
ഇന്ത്യ വിൽപ്പനയ്ക്കുള്ളതല്ല
കേന്ദ്ര ബജറ്റ്






ദ്വിദിന പണിമുടക്ക് വമ്പിച്ച വിജയമാക്കുക 16
ആനത്തലവട്ടം ആനന്ദൻ

"ജനങ്ങളെ സംരക്ഷിക്കൂ, രാജ്യത്തെ രക്ഷിക്കൂ" എന്ന ആവശ്യം ഉന്നയിച്ചുകൊണ്ടാണ് മാർച്ച് 28, 29 തീയതികളിൽ ദ്വിദിന ദേശീയ പണിമുടക്ക് നടത്തുന്നത്.

ഹിന്ദുത്വവാദികൾ പടർത്തുന്ന വിഭാഗീയതയും സംഘർഷവും 20
കെ.ടി.കുഞ്ഞിക്കണ്ണൻ



എൽഐസി വിൽപ്പനയും പോളിസി ഉടമസ്ഥരും 24 ഡോ. തോമസ് ഐസക്ക്

മാർച്ച് 8 : സമരം പൂക്കേണ്ട കാലത്തെ വനിതാദിനം 27 കെ.എൻ. ഗോപിനാഥ്

സർഗ്ഗത്താളുകൾ 30

ടോക്കിംഗ് പോയിന്റ് : സിഐടിയു കേന്ദ്ര കമ്മിറ്റി തയ്യാറാക്കിയ കുറിപ്പുകൾ 31

ദേശീയ പണിമുടക്ക് : വ്യാപാരികളുടെ സഹകരണം അനിവാര്യം 41 അഡ്വ. പി. സജി

തൊഴിലാളിവർഗ പോരാട്ടങ്ങളുടെ മുന്നേറ്റം 43 എൻ. പത്മലോചനൻ

അമേരിക്കൻ യുദ്ധങ്ങളുടെ വില 46 ജോസ് ടി എബ്രഹാം

ഇപിഎഫ് പെൻഷൻ ആഗോള റാങ്കിംഗ് 48 ഡോ. കെ.എൻ. ഹരിലാൽ

വാർഷിക വരിസംഖ്യ : 200 രൂപ.

മുഖപ്രസംഗം

# ജനവിരുദ്ധ കേന്ദ്രബഡ്ജറ്റ്

2020, 2021 വർഷങ്ങൾ, ലോകത്തെയാകെ കോവിഡ് മഹാമാരി ഗുരുതരമായി ബാധിച്ചു. ഇന്ത്യയിലും കോവിഡ് വലിയ പ്രത്യാഘാതം സൃഷ്ടിച്ചു. സാമ്പത്തിക വളർച്ച താഴോട്ട് പോയി. കോടിക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടമായി. കോവിഡ് ബാധിച്ച് അനേകായിരങ്ങൾ മരണം വരിച്ചു. ഈ ഗുരുതരമായ സാഹചര്യത്തിൽ നിന്നും രാജ്യത്തെ കരകയറ്റാൻ ഉതകുന്ന ഒരു ബഡ്ജറ്റാണ് കേന്ദ്രസർക്കാരിൽ നിന്നും ജനങ്ങൾ പ്രതീക്ഷിച്ചത്.

എന്നാൽ, ധനകാര്യമന്ത്രി ശ്രീമതി നിർമലാ സീതാരാമൻ, ഫെബ്രുവരി 1 ന് പാർലമെന്റിൽ അവതരിപ്പിച്ച ബഡ്ജറ്റ്, രാജ്യം നേരിടുന്ന പ്രതിസന്ധികളെ മറി കടക്കാൻ ഉതകുന്നതല്ല. തൊഴിലും, വരുമാനവും നഷ്ടപ്പെട്ട ജനങ്ങൾക്ക്, യാതൊരാശ്വാസവും ബഡ്ജറ്റ് നൽകുന്നില്ല. പാവപ്പെട്ടവരുടെ കൈകളിൽ പണമെത്തിക്കലില്ല, സാമൂഹ്യസുരക്ഷാപെൻഷൻ വർദ്ധനവില്ല, പോഷാകാഹാരക്കുറവ് നേരിടുന്നതിനുള്ള ഇടപെടലില്ല, കഴിഞ്ഞ് രണ്ട് വർഷം വിദ്യാർത്ഥികൾ നേരിട്ട 'പഠനനഷ്ടം' നേരിടുന്നതിനുള്ള പദ്ധതികളില്ല, ഇടത്തരക്കാർക്ക് നികുതി ഇളവുകളില്ല, ജനക്ഷേമം എന്ന സങ്കൽപ്പം കാറ്റിൽ പറത്തി.

സമകാലീന ഇന്ത്യയിൽ 'തൊഴിൽ ശക്തി' 94 കോടി ജനങ്ങളാണ്. ഇതിൽ തൊഴിലിൽ ഏർപ്പെടുന്നവർ 56 കോടി ഇന്ത്യാക്കാരാണ്. ഒരു വികസ്വര സമ്പദ്ഘടനയിൽ, 15 വയസ്സിന് മുകളിൽ പ്രായമുള്ളവരെ രാജ്യത്തിന്റെ തൊഴിൽശക്തിയായി കണക്കാക്കുന്നു. മോഡി 2014 ൽ വാഗ്ദാനം ചെയ്തത് വർഷം പ്രതി 2 കോടി പുതിയ തൊഴിൽ സൃഷ്ടിക്കുമെന്നായിരുന്നു. തൊഴിൽ സൃഷ്ടിക്കുന്നതിൽ ബി.ജെ.പി സർക്കാർ ദയനീയമായി പരാജയപ്പെട്ടു. കഴിഞ്ഞ 7 വർഷക്കാലത്ത് തൊഴിലില്ലായ്മ രൂക്ഷമായി വർദ്ധിച്ചു.

കോവിഡ് കാലത്ത് 60 ലക്ഷം ചെറുകിട-ഇടത്തരം വ്യവസായങ്ങൾ അടച്ചുപൂട്ടി. കോടിക്കണക്കിന് തൊഴിലാളികൾക്ക് ജോലി നഷ്ടമായി. കുടിയേറ്റ തൊഴിലാളികൾ, വലിയ യാതന സഹിക്കേണ്ടിവന്നു. കോവിഡ് വ്യാപനം കുറഞ്ഞശേഷം, ജോലി തിരിച്ചു കിട്ടിയ പലർക്കും വേതനം കുറഞ്ഞു. രാജ്യത്തെ 84 ശതമാനം കുടുംബങ്ങളുടെ വരുമാനം കുറഞ്ഞു. ഈ സാഹചര്യത്തിലാണ്, ബഡ്ജറ്റ് പറയുന്നത് വരുന്ന 5 വർഷത്തിനിടയിൽ 60 ലക്ഷം തൊഴിൽ സൃഷ്ടിക്കുമെന്ന്! ഒരു വർഷം 12 ലക്ഷം വീതം. ഓരോ വർഷവും തൊഴിൽ ശക്തിയിൽ വന്ന് ചേരുന്നവർ 47.5 ലക്ഷമാണ്. തൊഴിലില്ലായ്മ രൂക്ഷമാവും, പ്രത്യേകിച്ച് കുറഞ്ഞ വിദ്യാഭ്യാസമുള്ളവർക്കിടയിൽ.

ക്ഷേമപദ്ധതികൾക്കുള്ള പണം, കഴിഞ്ഞ ബഡ്ജറ്റിനേക്കാൾ കുറവ് വരുത്തി. പാവപ്പെട്ട ജനങ്ങളെ നേരിട്ട് ബാധിക്കുന്ന പദ്ധതികൾക്ക്, പുതിയ ബഡ്ജറ്റിൽ വകകൊള്ളിച്ച തുക, മുമ്പത്തെ ബഡ്ജറ്റിലെ തുകയുമായി താരതമ്യം ചെയ്യാം.

| | 2021-2022 | 2022-2023 |
|---|---|---|
| പെട്രോളിയം സബ്സിഡി | 6517 കോടി | 5813 കോടി |
| രാസവളം സബ്സിഡി | 1,40,000 കോടി | 1,05,000 കോടി |
| ഭക്ഷ്യസുരക്ഷ സബ്സിഡി | 2,86,219 കോടി | 2,06,481 കോടി |
| ഉച്ചഭക്ഷണ പദ്ധതി | 11500 കോടി | 10233 കോടി |
| വിള ഇൻഷൂറൻസ് | 15989 കോടി | 15500 കോടി |
| തൊഴിലുറപ്പ് പദ്ധതി | 98000 കോടി | 73300 കോടി |
| ആരോഗ്യം | 85915 കോടി | 86606 കോടി |

സബ്സിഡി തുക, കഴിഞ്ഞ ബഡ്ജറ്റിലെ തുകയുടെ 27 ശതമാനം വെട്ടിക്കുറച്ചു. പാവപ്പെട്ട കുടുംബങ്ങൾക്ക് സൗജന്യ റേഷനോ, പണം നേരിട്ട് നൽകുന്ന പദ്ധതിയോ ഉണ്ടായിരിക്കുന്നതല്ലെന്നാണ് ബഡ്ജറ്റ് നൽകുന്ന സൂചന. സാമൂഹ്യക്ഷേമ പെൻഷനുകളിൽ യാതൊരു വർദ്ധനവുമില്ല. ഉപഭോക്താക്കൾക്ക്, ജി.എസ്.ടിയിൽ യാതൊരു ഇളവുമില്ല.

സമ്പത്ത് സൃഷ്ടിക്കുന്നത് ഒരു കുറ്റമല്ല. പുതിയ മൂലധനത്തിനുള്ള ആധാരവും, നിക്ഷേപവുമാണത്. വരുമാനം വർദ്ധിക്കുന്നത്, നികുതി അടച്ചുകഴിഞ്ഞാൽ സമ്പത്തായി കുമിഞ്ഞ് കൂടും. വരുമാനവും, സമ്പത്തും നിക്ഷേപത്തെ ഉത്തേജിപ്പിക്കും. അതോടൊപ്പം സാങ്കേതിക വിദ്യാവികസനവും, ഗവേഷണവും എല്ലാം വർദ്ധിക്കും. എന്നാൽ സമ്പത്തിന്റെ കേന്ദ്രീകരണം സമൂഹത്തിൽ അസമത്വം വർദ്ധിപ്പിക്കും. ഇന്ത്യ, ലോകത്തിലെ ഏറ്റവും കൂടിയ സാമ്പത്തിക അസമത്വമുള്ള രാജ്യമാണെന്നാണ് പഠനറിപ്പോർട്ട്. ഇന്ത്യയിൽ ശതകോടീശ്വരന്മാരുടെ എണ്ണം 142 ആയി ഉയർന്നു. അവരുടെ മൊത്തം സമ്പത്ത് 53 ലക്ഷം കോടിരൂപയാണ്. കോവിഡ് കാലത്ത് അതിസമ്പന്നരുടെ സമ്പത്ത് ഇരട്ടിയായി വർദ്ധിച്ചു. ജനസംഖ്യയുടെ മുകൾത്തട്ടിലുള്ള അതിസമ്പന്നരായ 10 ശതമാനം പേർ, അടിത്തട്ടിലെ 50 ശതമാനം ജനതയുടേതിനേക്കാൾ 20 മടങ്ങിൽ കൂടുതൽ , സമ്പത്ത് വർഷംപ്രതി നേടുന്നു എന്നാണ്, വേൾഡ് ഇൻ ഇൻക്വാലിറ്റി റിപ്പോർട്ട് -2022 വ്യക്തമാക്കുന്നത്. പാവപ്പെട്ടവരുടെ ക്ഷേമത്തിനായി, സമ്പത്ത് ഉപയോഗിക്കപ്പെടണമെന്നാണ്, ജനങ്ങളിൽ ഭൂരിപക്ഷം ആഗ്രഹിക്കുന്നത്. എന്നാൽ ഈ ബഡ്ജറ്റ് സമ്പന്നന്മാർക്കുള്ളതാണ്, പാവപ്പെട്ടവർക്കുള്ളതല്ല, മൂലധനശക്തികളും, അവരുടെ നിയന്ത്രണത്തിലുള്ള മാധ്യമങ്ങളും, ബഡ്ജറ്റിനെ പ്രകീർത്തിച്ചു.

സാമ്പത്തിക മാന്ദ്യകാലത്ത്, വ്യക്തികൾ സ്വകാര്യസ്ഥാപനങ്ങൾ എന്നിവരുടെ ചെലവ് ചെയ്യൽ കുറയും. ഈ കുറവ് നികത്താൻമാത്രം പണം, സർക്കാർ കമ്പോളത്തിൽ ഇറക്കണം. എങ്കിൽമാത്രമേ, സമ്പദ്ഘടന വീണ്ടെടുപ്പ് നടത്തൂ. 2022 ലെ കേന്ദ്രബഡ്ജറ്റിൽ, അങ്ങിനെ ഒരു ലക്ഷ്യമില്ല.

കേന്ദ്രസർക്കാരിന്റെ 2022-23 വർഷത്തെ മൊത്തം ചെലവ് 37.7 ലക്ഷം കോടി രൂപയാണ്. കഴിഞ്ഞ ബഡ്ജറ്റിനേക്കാൾ 4.6 ശതമാനം വർദ്ധനവ്. പണപ്പെരുപ്പം ഇതിനേക്കാൾ കൂടിയ നിരക്കിലായതിനാൽ സർക്കാരിന്റെ യഥാർത്ഥ ചെലവ് കുറയും. ദേശീയ വരുമാനത്തിന്റെ 15.3 ശതമാനം മാത്രമാണ് സർക്കാർ ചെലവ്. കോവിഡിന് മുമ്പ് ഇത് 17.8 ശതമാനമായിരുന്നു. മാന്ദ്യകാലത്ത് സർക്കാർ ചെലവ് കുറച്ചത്, ഗുരുതരമായ പ്രത്യാഘാതം സൃഷ്ടിക്കും.

മോഡി സർക്കാർ ഡീസൽ തീരുവ 9.5 മടങ്ങും, പെട്രോൾ തീരുവ 3.5 മടങ്ങുമാണ്. പല തവണകളായി വർദ്ധിപ്പിച്ചത്. വർദ്ധിപ്പിച്ച മുഴുവൻ തീരുവയും കുറക്കണം. കോർപറേറ്റുകൾക്ക്, രണ്ടുവർഷം മുമ്പ് കൊടുത്ത നികുതിയിളവ് പിൻവലിച്ചാൽ, പെട്രോളിയം നികുതി വരുമാനം കുറയുന്നതിന് പരിഹാരമാവും. ഈ വഴിക്ക് ചിന്തിക്കാൻ കേന്ദ്രം സന്നദ്ധമല്ല.

പാവപ്പെട്ട ജനങ്ങളോട് ഒരു ദാക്ഷിണ്യവും കാണിക്കാൻ കേന്ദ്രം സന്നദ്ധമല്ലെന്നുള്ളതിന്റെ തെളിവാണ്, തൊഴിലുറപ്പ് പദ്ധതിക്കുള്ള വകയിരുത്തൽ, കഴിഞ്ഞവർഷത്തെ ബഡ്ജറ്റിലേതിനേക്കാൾ 25000 കോടി രൂപയാണ് വെട്ടിക്കുറച്ചത്. പാവപ്പെട്ടവർക്കുള്ള മറ്റ് പദ്ധതികളിലും വെട്ടിക്കുറവുണ്ടായി. എസ്സി, എസ്ടി, ന്യൂനപക്ഷ വിഭാഗങ്ങൾക്കുള്ള പദ്ധതി 2021-22ൽ 1.21 ലക്ഷം കോടി രൂപയായിരുന്നത് പുതിയ ബജറ്റിൽ 0.99 ലക്ഷം കോടി രൂപയായി കുറച്ചു. കോവിഡിന്റെ ഭാഗമായി, ഗുരുതരമായ പ്രശ്നം നേരിടുന്ന സന്ദർഭത്തിൽ ആരോഗ്യമേഖലക്കുള്ള തുകയിൽ യാതൊരു വർദ്ധനവും വരുത്താനിരുന്നതിന് ഒരു ന്യായീകരണവുമില്ല. അംഗൻവാടികൾക്ക്, കഴിഞ്ഞ വർഷത്തെ അതേ തുകമാത്രമാണ് വകയിരുത്തിയിരിക്കുന്നത്.

സാമ്പത്തിക അസമത്വം കുറയണമെങ്കിൽ, സമ്പന്നരുടെ മേൽ കൂടുതൽ നികുതി ചുമത്തണം. പാവങ്ങളെ സഹായിക്കണം. ആഗോളവൽക്കരണം ആരംഭിച്ച 1991 ൽ, ജനസംഖ്യയിൽ മുകൾതട്ടിലെ ഒരുശതമാനം വരുന്ന അതിസമ്പന്നരുടെ കയ്യിലായിരുന്ന രാജ്യത്തെ 16 ശതമാനം സമ്പത്തും. ഇപ്പോഴത് 45 ശതമാനത്തിന് മുകളിലായി. അതേസമയം പാവങ്ങളുടെ സമ്പത്ത് വിഹിതം 1991 ൽ 8.8 ശതമാനമായിരുന്നത്, ഇപ്പോൾ 2.5 ശതമാനമായി കുറഞ്ഞു. ഈ അതിസമ്പന്നരിൽപ്പെട്ട 965 കുടുംബങ്ങളുടെ സമ്പത്തിന്മേൽ 2 ശതമാനം നികുതി ഈടാക്കിയാൽ, പാവപ്പെട്ടവരെ സഹായിക്കാൻ 50,000 കോടി രൂപ കണ്ടെത്താം. കേന്ദ്രധനകാര്യമന്ത്രിയുടെ ചിന്ത ആ വഴിക്ക് പോയില്ല. ബഡ്ജറ്റ് പ്രസംഗത്തിൽ പാവങ്ങൾ അസമത്വം എന്ന രണ്ട് വാക്കുകൾ ഒരിക്കൽ പോലും പറഞ്ഞില്ല.

ബി.ജെ.പി സർക്കാരിന്റെ 2016 ലെ ബഡ്ജറ്റിൽ അന്നത്തെ ധനകാര്യവകുപ്പ് മന്ത്രി അരുൺ ജെയ്റ്റ്ലി ഒരു പ്രഖ്യാപനം നടത്തി. രാജ്യത്തെ കർഷകരുടെ വരുമാനം 2022 ആവുമ്പോൾ ഇരട്ടിയാക്കും. ഈ ലക്ഷ്യം നേടാൻ സർക്കാർ സ്വീകരിക്കേണ്ട നടപടികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ "അശോക്ദൽവായ്" അദ്ധ്യക്ഷനായ ഒരു കമ്മീഷനെ കേന്ദ്രസർക്കാർ നിയോഗിച്ചു. പ്രസ്തുത കമ്മീഷൻ നൽകിയ 14 വാല്യങ്ങളുള്ള റിപ്പോർട്ട്, മൂന്ന് വർഷമായി പൊടിപിടിച്ച് കിടക്കുന്നു. കർഷകരുടെ വരുമാനം 2016 ൽ നിന്ന് ഇരട്ടിയാകേണ്ട വർഷമായ 2022 ൽ അവതരിപ്പിച്ച ബഡ്ജറ്റിൽ, അതിനെക്കുറിച്ച് ഒരക്ഷരം പറഞ്ഞില്ല. എന്തൊരു വഞ്ചന?

ഉൽപ്പന്നങ്ങൾക്ക് ആദായവില, കൃഷിചെലവിൽ സബ്സിഡി, വിള ഇൻഷൂറൻസ് ഇവയില്ലാതെ, കർഷകരുടെ വരുമാനം സ്ഥായിയായി മെച്ചപ്പെടുത്താനാവില്ല. കൃഷി ചെലവിന്റെ ഒന്നരമടങ്ങെങ്കിലും വിലയായികിട്ടണം. ബഡ്ജറ്റ് ഈ കാര്യത്തിൽ മൗനം പാലിച്ചു. നെല്ല്, ഗോതമ്പ് താങ്ങുവില നൽകാൻ, സർക്കാർ കഴിഞ്ഞ ബഡ്ജറ്റിൽ അനുവദിച്ച തുക സ്ബസിഡി തോത് കുറവ് വരുത്തി. 2021-22 ൽ 1.97 കോടി കർഷകർക്ക് 2.84 ലക്ഷം കോടി രൂപ വകയിരുത്തി. പുതിയ ബഡ്ജറ്റിൽ, ആയത് 1.63 കോടി കർഷകർക്ക് 2.37 ലക്ഷം കോടി രൂപ എന്നായി കുറച്ചു. നെല്ല് കിലോക്ക് കേന്ദ്രം നൽകുന്ന താങ്ങുവിലയേക്കാൾ 9 രൂപയിലധികം നൽകിയാണ് കേരളം സംഭരിക്കുന്നത്.

പൊതുമേഖലാ സ്വകാര്യവൽക്കരണത്തിന് ബഡ്ജറ്റ് ഊന്നൽ നൽകുന്നു. എയർ ഇന്ത്യ ടാറ്റയെ എൽപ്പിച്ചതിൽ ഊറ്റം കൊള്ളുന്ന ബഡ്ജറ്റ്, എൽ.ഐ.സി സ്വകാര്യവൽക്കരണം ത്വരിതഗതിയിലാക്കുമെന്ന് സൂചന നൽകുന്നു. രാജ്യത്ത് സമ്പത്തുൽപ്പാദിപ്പിക്കുന്ന തൊഴിലാളികളുടെ ക്ഷേമം പരാമർശിക്കുന്ന ഒരു വാക്ക് ബഡ്ജറ്റിലില്ല. കോർപറേറ്റുകളുടെ താൽപ്പര്യം മാത്രം ലക്ഷ്യംവെക്കുന്നതാണ്, 2022-23 ലെ കേന്ദ്രബഡ്ജറ്റ്.

കേരളസർക്കാർ സമർപ്പിച്ചതും, ദീർഘകാലമായി ആവശ്യപ്പെട്ട് വരുന്നതുമായ ഒരു പദ്ധതിയും പുതിയ ബഡ്ജറ്റിലില്ല. "എയിംസ്" കേരളത്തിനനുവദിക്കുമെന്ന്, മൻമോഹൻസിംഗ് പ്രധാനമന്ത്രിയായിരിക്കുമ്പോൾ വാഗ്ദാനം ചെയ്തതാണ്. ഈ ബഡ്ജറ്റിലും അതില്ല. സംസ്ഥാനം സമർപ്പിച്ച കെ റെയിൽ പ്രോജക്ടിനെക്കുറിച്ച് ഒരു പരാമർശവും ബഡ്ജറ്റിലില്ല. ജി.എസ്.ടി കോമ്പൻസേഷൻ 5 വർഷത്തേക്ക് കൂടി ദീർഘിപ്പിക്കണമെന്ന കേരളത്തിന്റെ ആവശ്യവും അംഗീകരിച്ചില്ല. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിന് ഒരു സ്കീമും ബഡ്ജറ്റിലില്ല. സംസ്ഥാനത്ത് കടമെടുക്കാനുള്ള പരിധി 5 ശതമാനമാക്കണമെന്ന ആവശ്യവും അംഗീകരിച്ചില്ല.

അതേസമയം, കേരളം തുടങ്ങിവെച്ച ചില പദ്ധതികൾ, കേന്ദ്രബഡ്ജറ്റിൽ സ്ഥാനം പിടിച്ചത്, സംസ്ഥാനത്തിന് അഭിമാനകരമാണ്. കെഫോൺ പദ്ധതിക്ക് സമാനമായ ഇന്റർനെറ്റ് ശൃംഖല, കിഫ്ബിക്ക് സമാനമായ ധനകാര്യസ്ഥാപനം, ഡിജിറ്റൽ സർവകലാശാല തുടങ്ങിയ പദ്ധതികൾ, കേന്ദ്രധനകാര്യമന്ത്രി പ്രഖ്യാപിച്ചു. സംസ്ഥാനത്തെ വികസനപദ്ധതികൾക്ക് താങ്ങായി നില കൊണ്ട 'കിഫ്ബി'യെ തകർക്കാൻ ശ്രമിച്ച, സംസ്ഥാനത്തെ പ്രതിപക്ഷത്തിനേറ്റ ഇരുട്ടടിയാണിത്. കേരളമോഡൽ രാജ്യവ്യാപകമാക്കാൻ പോകുന്നു.

സാമ്പത്തിക മാന്ദ്യകാലത്ത് സ്വീകരിക്കേണ്ട പ്രായോഗിക നിലപാടുകൾക്ക് പകരം കുത്തക പ്രീണന നയങ്ങളും, സ്വകാര്യവൽക്കരണവും ഊന്നിക്കൊണ്ടുള്ള കേന്ദ്രബഡ്ജറ്റ്, രാജ്യത്ത് വലിയ നാശം സൃഷ്ടിക്കും. ഈ നയത്തിനെതിരെ ശക്തമായ പ്രതിഷേധം ഉയർന്നുവരണം.

## മാർച്ച് 28, 29ന്റെ
## പൊതുപണിമുടക്കിൽ അണിചേരുക







കേന്ദ്ര ബജറ്റ്



# ഇന്ത്യ
# വിൽപ്പനയ്ക്കുള്ളതല്ല

**2022 -23 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് മോഡി സർക്കാർ 2021 ഫെബ്രുവരി ഒന്നിന് അവതരിപ്പിച്ചു. തങ്ങളുടെ ഓർമയിലെ ഏറ്റവും ദുരിത കാലത്തിൽ ജീവിക്കുന്ന ഈ രാജ്യത്തെ മനുഷ്യർക്ക് ഈ ബജറ്റ് ചെറിയ ആശ്വാസം നൽകുമെന്ന് പലരും പ്രതീക്ഷിച്ചിരുന്നു. എന്നാൽ ജനങ്ങളുടെ ദുരവസ്ഥ നോക്കൂ:**

- നേരത്തെ തന്നെ അപകടകരമായ സ്ഥിതിയിലാണ് തൊഴിലില്ലായ്മ. അത് രണ്ടുവർഷമായി രൂക്ഷമായി മാറിയിരിക്കുന്നു. ഇന്ന് തൊഴിലില്ലാത്തവരുടെ എണ്ണം 5.3 കോടിയാണ്. 2019 റെയിൽവെ പരസ്യം ചെയ്ത 35000 തസ്തികകളിലെ നിയമനത്തിന് അപേക്ഷിച്ചത് ഒന്നേകാൽ കോടി യുവാക്കളാണെന്നത് തൊഴിലില്ലായ്മയുടെ തീവ്രത വെളിവാക്കുന്നു. ആ പരീക്ഷയുടെ ഫലം ഇതുവരെ വെളിച്ചം കണ്ടിട്ടുമില്ല.




- കഴിഞ്ഞ ഒരു വർഷമായി അവശ്യസാധനങ്ങളുടെ വില കുതിച്ചുയരുകയാണ്. വിവിധ മേഖലകളിൽ വൻ തോതിൽ തൊഴിലാളികൾ കുറഞ്ഞതും കഴിഞ്ഞ വർഷം തന്നെ. പച്ചക്കറി, ഭക്ഷ്യ എണ്ണ, പാചകവാതകം, പെട്രോൾ, ഡീസൽ, വളം തുടങ്ങിയവയുടെ വില ഗണ്യമായി ഉയർന്നു.

- രാജ്യത്തെ 6.33 കോടി ചെറുകിട വ്യവസായങ്ങളിൽ 73 ശതമാനവും രൂക്ഷമായ പ്രതിസന്ധിയിലാണ്. 59 ശതമാനവും അടച്ചുപൂട്ടിയതോടെ വൻ തൊഴിൽനഷ്ടം സംഭവിച്ചു.

**23 കോടി മനുഷ്യർ മിനിമം വേതനം പോലും കിട്ടാതെ ദാരിദ്ര്യത്തിലേക്ക് കൂപ്പുകുത്തി. രണ്ടു വർഷത്തിനിടെ 84 ശതമാനം പേരുടെ വരുമാനം കുത്തനെ ഇടിഞ്ഞു**

- അതേസമയം വൻകിട കോർപറേറ്റുകളുടെയും ബിസിനസ് ഭീമന്മാരുടെയും ആസ്തി അതിശയകരമാംവിധം വർധിച്ചു. ദശലക്ഷക്കണക്കിന് മനുഷ്യരുടെ ദുരിതത്തിൽനിന്നാണ് ഇക്കൂട്ടർ തടിച്ചു കൊഴുക്കുന്നത്. രാജ്യത്തെ 64ശതമാനം സമ്പത്തും കൈവശം വച്ചിരിക്കുന്നത് 10 ശതമാനം ധനാഢ്യരാണ്. അങ്ങേയറ്റം ദരിദ്രരായ 50ശതമാനം പേർക്ക് വെറും ആറു ശതമാനം ആസ്തിയേ ഉള്ളൂ.

- സമ്പദ്വ്യവസ്ഥയെ ഉത്തേജിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, വില നിയന്ത്രിക്കുക, ഭക്ഷണം, വിദ്യാഭ്യാസം, ആരോഗ്യം, ജനങ്ങൾക്ക് സാമൂഹിക സുരക്ഷ തുടങ്ങിയവ ഉറപ്പാക്കുക വഴി ദുരിതമനുഭവിക്കുന്ന കോടിക്കണക്കിന് ജനങ്ങൾക്ക് ആശ്വാസം പകരാൻ ബജറ്റിന് കഴിയുമായിരുന്നു. പക്ഷേ മോഡി സർക്കാർ അത് ചെയ്തില്ല. വൻകിട കോർപ്പറേറ്റുകൾക്കും അതിസമ്പന്നർക്കും നേട്ടമുണ്ടാക്കാനുള്ള ബജറ്റാണ് മോഡി സർക്കാർ അവതരിപ്പിച്ചത്.



- പാവങ്ങളെ ഞെക്കിപിഴിയുന്ന ബജറ്റാണിത്. എന്നാൽ സമൃദ്ധിയിലേയ്ക്ക് രാജ്യത്തെ നയിക്കുന്ന ബജറ്റാണെന്ന വഞ്ചനാപരമായ ചിത്രം വരയ്ക്കാൻ അവർ ശ്രമിക്കുന്നു.

**മാർച്ച് 28നും 29നുമായി നടക്കുന്ന പൊതുപണിമുടക്ക് മോഡി സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെയാണ്. ജനപക്ഷ ബദലിനായുള്ള പോരാട്ടമാണ്. നമ്മുക്ക് ഒന്നിച്ച് പോരാടാം. സമരത്തിൽ അണിചേരാം.**



2022-23

# ജനങ്ങളോടുള്ള വഞ്ചന







രാജ്യം 75-ാം സ്വാതന്ത്ര്യമാഘോഷിക്കുന്ന ഈ ഘട്ടത്തിൽ ജനങ്ങളോട് നിരന്തരം കള്ളം പറയുകയും രാജ്യത്തിന്റെ സമ്പദ്വ്യവസ്ഥയെ താറുമാറുക്കുകയും ചെയ്ത പാർട്ടിയാണ് രാജ്യം ഭരിക്കുന്നത് എന്നത് ദാരുണമാണ്. അവർ രാജ്യത്തിന്റെ പൊതുസ്വത്തും വിഭവങ്ങളും വിറ്റഴിക്കുകയാണ്. രാജ്യത്തെ ജനങ്ങളെ ചൂഷണം ചെയ്യാൻ കുത്തകളെ അനുവദിക്കുകയാണ്. അവരുടെ മോശം ഭരണം നിലനിർത്താൻ മതഭ്രാന്ത് അഴിച്ചുവിടുകയാണ്.

# പദ്ധതി ചെലവുകൾ വെട്ടിക്കുറച്ചു

- വളർച്ച, വികസനം, തൊഴിൽ സൃഷ്ടിക്കൽ തുടങ്ങിയ കാര്യങ്ങളിൽ കേന്ദ്ര സർക്കാർ നടത്തിയ വഞ്ചനാപരമായ അവകാശവാദങ്ങൾ ബജറ്റിലെ കണക്കുകൾ തുറന്നുകാട്ടുന്നുണ്ട്. കഴിഞ്ഞ വർഷം മോദി സർക്കാരിന്റെ ആകെ ചെലവ് 37.7 ലക്ഷം കോടി രൂപയാണ്. 2022–23ൽ 39.39 ലക്ഷം കോടിയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. 4.6 ശതമാനം വർധനവ്.
- കഴിഞ്ഞ വർഷത്തെ നാണയപ്പെരുപ്പം 5.3 ശതമാനമാണെന്നത് മാത്രം മതി ഈ വർധനവ് നാമമാത്രമാണെന്ന് മനസിലാവാൻ. അതായത്, ഈ ദുരിതകാലത്തും ജനങ്ങൾക്ക് ആശ്വാസം പകരുന്ന പദ്ധതികൾക്കായി പണം ചെലവഴിക്കാൻ മോഡി സർക്കാർ തയ്യാറാവുന്നില്ല.



# ചെലവ് വെട്ടിക്കുറച്ചതെങ്ങനെ...?

- എംജിഎൻആർഇജിഎസ് പദ്ധതിക്കായുള്ള തുക 25 ശതമാനം വെട്ടിക്കുറച്ചു. കഴിഞ്ഞ വർഷം 98,000 കോടിയായിരുന്നത് ഈ വർഷം 73,000 കോടിയാക്കി.
- 2021– 22ലെ പുതുക്കിയ എസ്റ്റിമേറ്റുമായി താരതമ്യപ്പെടുത്തുമ്പോൾ നിരവധി ഇനങ്ങളുടെ സബ്സിഡി വെട്ടിക്കുറച്ചു. ദേശീയ ഭക്ഷ്യസുരക്ഷാ നിയമപ്രകാരമുള്ള ഭക്ഷ്യ സബ്സിഡി 28 ശതമാനം വെട്ടിക്കുറച്ചു. വളത്തിനുള്ള സബ്സിഡി 25 ശതമാനവും പെട്രോളിയം സബ്സിഡി 11 ശതമാനവും കുറച്ചു. അതായത് ഈ സാധനങ്ങൾക്കെല്ലാം വില ഉയരും.
- നെല്ലും ഗോതമ്പും സംഭരണത്തിനുള്ള വിഹിതം 11000 കോടി കുറച്ചു
- സബ്സിഡിയുള്ള പാചക വാതകത്തിനുള്ള ഉജ്ജ്വല പദ്ധതിയ്ക്കായുള്ള തുക പകുതിയായി കുറച്ചു.
- കഴിഞ്ഞ വർഷം 1618 കോടി രൂപയായിരുന്നത് 800 കോടിയായി.
- ഗ്രാമീണ വീട് നിർമാണത്തിനായുള്ള പ്രധാനമന്ത്രി ആവാസ് യോജനയ്ക്കായുള്ള തുക കഴിഞ്ഞ വർഷം 20390 കോടിയായിരുന്നു. അത് 20000 കോടിയായി കുറച്ചു.
- ഐസിഡിഎസിനുള്ള വിഹിതം കഴിഞ്ഞ വർഷത്തെ 20105 കോടിയിൽ നിന്ന് ഈ വർഷം 20263 കോടിയായി നാമമാത്രം വർധിപ്പിച്ചിട്ടുണ്ട്. എന്നാൽ പണപ്പെരുപ്പം കണക്കിലെടുത്താൽ തുക വെട്ടിക്കുറച്ചിരിക്കുകയാണെന്ന് മനസിലാവും. രാജ്യത്തെ 25 കോടിയോളം വരുന്ന സ്ത്രീകളും കുട്ടികളും പോഷകാഹാരക്കുറവ് അനുഭവിക്കുന്ന ഘട്ടത്തിലാണ് കേന്ദ്രത്തിന്റെ ഈ നടപടി.




- രണ്ട് ലക്ഷം അംഗനവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുമെന്നും ശബ്ദ ദൃശ്യ സാങ്കേതിക സൗകര്യങ്ങളൊരുക്കുമെന്നും ബജറ്റിൽ പറയുന്നുണ്ട്. എന്നാൽ ഇതിനായി തുക വകയിരുത്തിയിട്ടില്ല.
- അങ്കണവാടി ജീവനക്കാർ, ആശാമാർ, ഉച്ചഭക്ഷണ തൊഴിലാളികൾ, മറ്റ് സ്കീം വർക്കർമാർ എന്നിവർക്കായി യാതൊരു പ്രഖ്യാപനവുമില്ല. ഇവരിൽ ഭൂരിഭാഗവും സ്ത്രീകളാണന്നിരിക്കെ കേന്ദ്രസർക്കാരിന്റെ നാരിശക്തി വാദം പൊള്ളയാണെന്ന് വ്യക്തമായി.
- മഹാമാരിക്കാലത്ത് ഇത്രയധികം ദുരിതങ്ങൾ ജനങ്ങൾ അനുഭവിച്ചിട്ടും ആരോഗ്യമേഖലയെ മോഡി സർക്കാർ പൂർണമായും അവഗണിച്ചിരിക്കുകയാണ്. കഴിഞ്ഞ വർഷം 88665 കോടിയാണ് വകയിരുത്തിയെതങ്കിൽ ഈ വർഷം ഇത് 586 കോടി മാത്രമാണ് വർധിപ്പിച്ചത്. പണപ്പെരുപ്പം കണക്കിലെടുത്താൽ വകയിരുത്തിയ തുക കുറവാണെന്ന് മനസിലാവും. ബജറ്റിലെ 2.35 ശതമാനമാണ് കഴിഞ്ഞ വർഷം ആരോഗ്യമേഖലയിലേയ്ക്ക് മാറ്റിയെതങ്കിൽ ഇത്തവണ 2.26 ശതമാനമായി കുറച്ചു. ജിഡിപി നോക്കുകയാണെങ്കിൽ 0.38 ശതമാനത്തിൽ നിന്ന് 0.35 ശതമാനമായി കുറച്ചു.
- സ്കൂൾ വിദ്യാഭ്യാസത്തിന്റെ കാര്യവും മറ്റൊന്നല്ല. മഹാമാരിക്കാലത്ത് അവതരിപ്പിച്ച കഴിഞ്ഞ ബജറ്റിൽ 38750 കോടി വകയിരുത്തിയെങ്കിൽ ഈ ബജറ്റിൽ അത് 37383 കോടിയായി കുറച്ചു.

## തിരുവനന്തപുരം സിറ്റി കോർപ്പറേഷൻ എംപ്ലോയീസ് കോഓപ്പറേറ്റീവ് സൊസൈറ്റി

ക്ലിപ്തം നമ്പർ റ്റി 764, തിരുവനന്തപുരം-33

- നിക്ഷേപങ്ങൾക്ക് പൂർണ്ണ സുരക്ഷ ഡെപ്പോസിറ്റ് ഗ്യാരന്റിയും
- ലളിതമായ വ്യവസ്ഥയിൽ വായ്പ സൗകര്യം
- സ്വർണ പണയ വായ്പ
- വായ്പകൾക്ക് റിസ്ക്ക് ഫണ്ട് ആനുകൂല്യം
- വനിതകൾക്കുള്ള ടെക്സ്റ്റയിൽ യൂണിറ്റ്, സ്റ്റിച്ചിംഗ് സെന്റർ, ഫോട്ടോസ്റ്റാറ്റ്, കൺസ്യൂമർ സ്റ്റോർ എന്നിവ സംഘത്തിന്റെ കീഴിൽ പ്രവർത്തിക്കുന്നു.

ആർ.വി.ഷിബു
പ്രസിഡന്റ്

ബി.എസ്.മണികണ്ഠൻ
സെക്രട്ടറി



## ഗവ: സെക്രട്ടേറിയേറ്റ് സ്റ്റാഫ് സഹകരണ സംഘം

ക്ലിപ്തം നമ്പർ 2620, തിരുവനന്തപുരം

ഫോൺ: 2518590, 2518499, 2518869, ബ്രാഞ്ച്: 2512463

Email: gsscstvpm@gmail.com

തുടർച്ചയായി ലാഭത്തിൽ പ്രവർത്തിക്കുന്ന ക്ലാസ് 1
സൂപ്പർ ഗ്രേഡ് സഹകരണ സംഘം

എൻ. സുഭാഷ്
പ്രസിഡന്റ്

ബി.എസ്.മനുലാൽ
ട്രഷറർ

എസ്.റഫീഖ്
സെക്രട്ടറി

# വിഭവങ്ങൾ എവിടെയാണ്?

- കേന്ദ്ര സർക്കാരും അവരെ പിന്തുണയ്ക്കുന്ന മാധ്യമങ്ങളും ഉപദേശകരായ അന്താരാഷ്ട്ര ഏജൻസികളും പറയുന്ന ഒരൊറ്റ വാദമാണ്. വിഭവങ്ങളില്ലെന്ന്. ഇത് ഒരുപാട് പേർ വിശ്വസിക്കുന്നുണ്ട്. എന്നാൽ ശുദ്ധനുണയാണിത്. സർക്കാരിന്റെ കൈവശം നിലവിൽ വിഭവങ്ങളുണ്ട്. വരും ദിവസങ്ങൾ കൂടുതൽ വിഭവസമാഹരണത്തിന് ശേഷിയുമുണ്ട്. പക്ഷേ അതിന് രാഷ്ട്രീയമായ ഇച്ഛാശക്തി വേണം. എങ്ങനെയെന്ന് അല്ലേ?




- 2019–ൽ കേന്ദ്രം വെട്ടിക്കുറച്ച കോർപ്പറേറ്റ് നികുതി ഉയർത്താം. ഇതിലൂടെ 1.45 ലക്ഷം കോടിയാണ് നഷ്ടമുണ്ടായത്. വാസ്തവത്തിൽ ഇത് അനിവാര്യമാണ്. മഹാമാരിക്കാലത്ത് കൊള്ളലാഭമാണ് കോർപ്പറേറ്റുകളുണ്ടാക്കിയിരുക്കുന്നത്. ജീവനക്കാരെ കുറച്ചും ശമ്പളം വെട്ടിക്കുറച്ചും ആനുകൂല്യങ്ങൾ തടഞ്ഞുവെച്ചുമാണ് അവർ ഈ കൊള്ള ലാഭമുണ്ടാക്കിയത്. കുത്തക സ്ഥാപനങ്ങൾക്ക് ഇളവുകൾ നൽകുന്നത് അവസാനിപ്പിക്കണം. 2020-21ൽ 1.03 ലക്ഷം കോടിയാണ് ഇളവായി നൽകിയത്.
- വർഷങ്ങളായി തർക്കത്തിലിരിക്കുന്ന 16 ലക്ഷം കോടിയിലധികം വരുന്ന നികുതി സർക്കാർ വേഗത്തിൽ പിരിച്ചെടുക്കണം. ഇതിൽ ഏഴ് ലക്ഷം കോടി കോർപ്പറേറ്റ് നികുതിയാണ്. ഇതുകൂടാതെ കോർപ്പറേറ്റുകളും വൻകിട ബിസിനസ് സ്ഥാപനങ്ങളും രണ്ട് വർഷത്തിനുള്ളിൽ നേരിട്ടുള്ള നികുതി കുടിശ്ശിക 2.35 ലക്ഷം കോടി രൂപയിലധികമാണ്. എന്നാൽ ഇവ തിരിച്ചുപിടിക്കുന്നതിന് പകരം കോർപ്പറേറ്റുകൾക്ക് വൻ നികുതിയിളവ് നൽകുകയെന്നതാണ് ബിജെപി സർക്കാരിന്റെ നയം. നികുതി വെട്ടിപ്പ് നടത്തുന്ന കോർപ്പറേറ്റുകൾക്കുള്ള ബോണസുകൾ നിർത്തലാക്കുന്നതിന് പകരം, നികുതി റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് കൂടുതൽ സമയപരിധി അനുവദിച്ച് ഈ ബജറ്റിലും കൂടുതൽ ഇളവ് നൽകുകയാണ് ചെയ്തിരിക്കുന്നത്.

**ട്രേഡ് യൂണിയനുകളുടെ പിന്തുണയോടെ നടന്ന ശക്തമായ കർഷക സമരത്തിൽ മോഡി സർക്കാരിന് പിൻവാങ്ങേണ്ടി വന്നപോലെ ശക്തമായ സമരത്തിലൂടെ സർക്കാരിന്റെ ശത്രുതാപരമായ നയങ്ങൾ പിൻവലിക്കാനുള്ള സമയം അതിക്രമിച്ചിരിക്കുകയാണ്.**

**2 വർഷമായി തുടരുന്ന കോവിഡ് മഹാമാരിയും അതുമായി ബന്ധപ്പെട്ട രൂക്ഷമായ സാമ്പത്തിക തകർച്ചയും കൂടാതെ തീർത്തും പ്രതികൂലമായ ആഗോള സാമ്പത്തിക രാഷ്ട്രീയ സ്ഥിതിഗതികളും പരിഗണിക്കാതെയാണ് നിർമലാ സീതാരാമൻ 2022-23 ബജറ്റ് അവതരിപ്പിച്ചത്.**



- 2022–23 ലെ ബഡ്ജറ്റ് രാജ്യത്തെ ജനങ്ങൾ ഇന്ന് നേരിടുന്ന അതിഗുരുതരമായ തൊഴിലില്ലായ്മ, വിലക്കയറ്റം, ദാരിദ്ര്യവൽക്കരണം ഇവ ഒന്നും കണക്കിലെടുക്കാതെയുള്ള ഒന്നാണ്.
- 1991 മുതൽ മൻമോഹൻസിംഗ് തുടങ്ങിവച്ച സ്വകാര്യവൽക്കരണ ഉദാരവൽക്കരണ നടപടികൾ അതിവേഗത്തിൽ നടപ്പാക്കുന്ന ഒരു ബഡ്ജറ്റാണ് 202223 നിർമ്മലാ സീതാരാമൻ ഫെബ്രുവരി 1ന് പാർലമെന്റിൽ അവതരിപ്പിച്ചത്.



- ബജറ്റ് പ്രസംഗത്തിന്റെ തുടക്കത്തിൽ തന്നെ എയർഇന്ത്യാ സ്വകാര്യവൽക്കരണം, നിലാഞ്ചൽ ഇസ്പാറ്റ് (Neelanchal Ispat) എന്ന പൊതുമേഖലാ സ്റ്റീൽ കമ്പനി ടാറ്റക്ക് വിറ്റത്, എൽ.ഐ.സി സ്വകാര്യവൽക്കരണം എല്ലാം വലിയനേട്ടം എന്ന നിലയ്ക്കാണ് അവതരിപ്പിച്ചത്.
- 1991 നു ശേഷം പ്രത്യേകിച്ച് 2014 ൽ ബി.ജെ.പി അധികാരത്തിൽ വന്നതിനുശേഷം അവതരിപ്പിക്കപ്പെട്ട മിക്ക ബഡ്ജറ്റുകളും സാധാരണ ജനങ്ങളെ അവഗണിക്കുന്നതും കുത്തകകളെ സഹായിക്കുന്നതുമായിരുന്നു.
- ഇന്ന് ഇന്ത്യൻ സമ്പദ്‌രംഗം നേരിട്ടുകൊണ്ടിരിക്കുന്ന പ്രധാന പ്രതിസന്ധി ഉപഭോഗത്തിലെ ഇടിവാണ്. ഉപഭോഗം ഉയരണമെങ്കിൽ ജനങ്ങളുടെ കൈയ്യിൽ പണമെത്തണം. അതിന് തൊഴിലുണ്ടാകണം. തൊഴിലില്ലാത്തവർക്കും തൊഴിൽ നഷ്ടപ്പെട്ടവർക്കും സർക്കാർ വേണ്ട സഹായം ചെയ്യണം. ഈ ബഡ്ജറ്റിൽ അതിനുള്ള യാതൊരു സമീപനവും ഇല്ല.




- ഭക്ഷ്യസബ്സിഡിയിൽ 30%ത്തിന്റെ കുറവാണ് വരുത്തിയിരിക്കുന്നത്.
- കൃഷിക്ക് പ്രത്യേകമായ ഒരു പരിഗണനയും നൽകിയില്ലെന്ന് മാത്രമല്ല, രാസവള സബ്സിഡിയിൽ കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് 25% കുറവും വരുത്തി.
- കോവിഡിന്റെ പശ്ചാത്തലത്തിൽ രാജ്യത്തെ കുട്ടികൾ ആകെ ദുരിതത്തിലായപ്പോഴും മിഡ്ഡേ സ്കീമിൽ 1767 കോടിരൂപയുടെ കുറവാണ് വരുത്തിയത്.
- നികുതി സമ്പ്രദായം ലളിതവൽക്കരിച്ച് ടാക്സ് തട്ടിപ്പ് എളുപ്പത്തിലാക്കാൻ സാധിക്കുന്ന നടപടികളാണ് എടുത്തിട്ടുള്ളത്.
- 2020–21 ൽ കുത്തകകൾക്ക് 72041 കോടി രൂപയുടെ നികുതിയിളവാണ് നൽകിയത്. ഇതുകൂടാതെ നികുതിയടവിൽ 4.05 ലക്ഷം കോടി രൂപയുടെ വീഴ്ചയാണ് കുത്തകകൾ വരുത്തിയിട്ടുള്ളത്. അത് തിരിച്ചുപിടിക്കാൻ യാതൊരു ശ്രമവും നടത്തുന്നമില്ല.

# കേരളത്തെ അവഗണിച്ച കേന്ദ്ര ബജറ്റ്

- കേരളം ആവശ്യപ്പെട്ട ഒന്നും തന്നെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.
- ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് മെഡിക്കൽ സയൻസസ് (എയിംസ്), റെയിൽവേയുമായി ബന്ധപ്പെട്ട വികസന പദ്ധതികൾ ഒന്നും പരിഗണിച്ചില്ല.
- ജിഎസ്ടി കോംപൻസേഷൻ അഞ്ചുവർഷം കൂടി ദീർഘിപ്പിക്കണമെന്ന് കേരളം ഉൾപ്പെടെ എല്ലാ സംസ്ഥാനങ്ങളും ആവശ്യപ്പെട്ടതാണ്. അനുകൂലമായ ഒരു തീരുമാനവും ബഡ്ജറ്റിൽ ഇല്ല. ദോഷഫലങ്ങളുള്ള ഉൽപന്നങ്ങളിൽ (പുകയില ഉൽപന്നങ്ങൾ പോലുള്ളവ) ചുമത്തുന്ന അധിക തീരുവയിൽ നിന്നാണ് നഷ്ടപരിഹാരത്തുക ശേഖരിക്കുന്നത്. ഇതിലൂടെ സംസ്ഥാനത്തിന് അടുത്ത സാമ്പത്തിക വർഷം 13,000 കോടി രൂപയുടെ കുറവുണ്ടാകും.
- പെട്രോളിന്റെ സെസ്സും സർചാർജും കുറയ്ക്കണമെന്ന ആവശ്യം കേരളം ശക്തമായി ഉയർത്തിയതാണ്. അത് അംഗീകരിച്ചില്ലെന്ന് മാത്രമല്ല, Unblended (ഇത്തനോൾ ചേർക്കാത്തത്) പെട്രോളിനും ഡീസലിനും 2 രൂപയുടെ എക്സൈസ് ഡ്യൂട്ടി അധികമായി ചുമത്താൻ തീരുമാനിക്കുകയും ചെയ്തു.
- സംസ്ഥാന സർക്കാരുകൾക്ക് നൽകുന്ന പണത്തിലും വലിയ കുറവാണ് വരുത്തിയിരിക്കുന്നത്. 2021-22 ൽ 8,58,570.69 കോടി രൂപയാണ് സംസ്ഥാനങ്ങൾക്കായി നീക്കി വച്ചത്. എന്നാൽ 2022-23 ൽ വകയിരുത്തിയിരിക്കുന്നത് 7,95,131.03 കോടി രൂപ മാത്രമാണ്. 63,439.66 കോടിരൂപയുടെ കുറവ്.
- സംസ്ഥാനങ്ങൾക്ക് കടമെടുക്കാനുള്ള പരിധി 3% ത്തിൽ നിന്ന് ഉയർത്തണമെന്ന് കേരളവും ഇതര സംസ്ഥാനങ്ങളും ആവശ്യപ്പെട്ടതാണ്. എന്നാൽ കഴിഞ്ഞ സാമ്പത്തികവർഷം നൽകിയ 4.5% പരിധി പോലും അനുവദിച്ചില്ല.
- കേന്ദ്രപദ്ധതി (Centraly Sponsered Schemes) കേരളത്തിന് വകയിരുത്തുന്ന തുക വർധിപ്പിക്കണമെന്ന ആവശ്യവും അംഗീകരിച്ചില്ല.
- സഹകരണസംഘങ്ങൾക്ക് ഏർപ്പെടുത്തിയ ഇൻകംടാക്സ് പിൻവലിക്കണമെന്ന ആവശ്യം കേരളം വച്ചിരുന്നു. എന്നാൽ 18.50% ആയിരുന്ന ഇൻകം ടാക്സ് നിരക്ക് വ്യവസായികളുടെ നിരക്കിന് ഒപ്പമാക്കി 15% ആക്കുക മാത്രമാണ് ചെയ്തത്. സഹകരണ ബാങ്കുകളെയും കമ്പനികളെയും ഒരേ തട്ടിലാണ് കേന്ദ്രസർക്കാർ കാണുന്നത്.
- വൻകിട അടിസ്ഥാന സൗകര്യ പദ്ധതികൾക്കുള്ള വിപണി വായ്പകളെ ധന ഉത്തരവാദിത്ത നിയമത്തിൽ നിന്ന് ഒഴിവാക്കണമെന്ന കേരളത്തിന്റെ ആവശ്യം പരിഗണിച്ചില്ല.
- പ്രവാസികൾക്കായി പ്രത്യേക പാക്കേജ്, കാർഷിക, ചെറുകിട വ്യവസായമേഖല, നാണ്യവിളകൾ, അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി എന്നിവക്കുള്ള സഹായം, തൊഴിലുറപ്പ് ദിനങ്ങളുടെ എണ്ണവും കൂലിയും വർധിപ്പിക്കൽ തുടങ്ങിയ ആവശ്യങ്ങളും തള്ളി.



“ജനങ്ങളെ സംരക്ഷിക്കുക
രാജ്യത്തെ രക്ഷിക്കുക”

ദേശീയ പണിമുടക്ക്
മാർച്ച് 28-29



ആനത്തലവട്ടം
ആനന്ദൻ

# ദ്വിദിന പണിമുടക്ക് വമ്പിച്ച വിജയമാക്കുക

**ഇന്ത്യൻ സമരചരിത്രത്തിൽ തങ്കലിപികളാൽ രേഖപ്പെടുത്താവുന്ന തൊഴിലാളി കർഷക ഐക്യസമരം വിജയം കണ്ടത്, 2022 ന്റെ പിറവിയോടെയാണ്. 2021ൽ ആരംഭിച്ചു ഒരു വർഷവും ഏതാനും ദിവസങ്ങളും നീണ്ടുനിന്ന സമരം എഴുന്നൂറിൽപ്പരം കൃഷിക്കാരുടെ ജീവൻ നഷ്ടപ്പെട്ട സമരം, കൊടിയ മർദ്ദനവും, കള്ളക്കേസുകളും വിവരണാതീതമായ യാതനകളും അനുഭവിച്ച് കൊടുംചൂടിലും അതിശൈത്യത്തിലും തണുത്ത് വിറങ്ങലിച്ച് തെരുവിൽ കഴിയേണ്ടിവന്ന സമരം, രാജ്യത്തെ സമ്പത്ത്സമൃദ്ധമാക്കാൻ, ജനങ്ങളെ അന്നമൂട്ടാൻ ഭക്ഷ്യോൽപ്പാദനം നടത്തുന്ന കൃഷിക്കാരുടെ ഇച്ഛാ ശക്തിക്ക് അവരെ പിന്തുണയ്ക്കാൻ ഐക്യദാർഢ്യവുമായി ഇറങ്ങിയ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ കരുത്തിന്റേയും വിജയം കണ്ട സമരം.**



പാർലമെന്റിൽ കോവിഡ് മറവിൽ ഭൂരിപക്ഷം ഉപയോഗിച്ച് പാസാക്കിയെടുത്ത 3 കർഷക ദ്രോഹനിയമങ്ങൾ പിൻവലിക്കാൻ ആവശ്യപ്പെട്ടുകൊണ്ടാണ് സമരം ആരംഭിച്ചത്. പാർലമെന്റ് പാസാക്കിയ നിയമം നടപ്പാക്കാനുള്ളതാണ്. പിൻവലിക്കാനുള്ളതല്ലെന്ന് അഹങ്കാരത്തോടെ പ്രതികരിച്ച പ്രധാനമന്ത്രിയും അദ്ദേഹത്തിന്റെ സംഘപരിവാർ പാർട്ടിയും, സമരം പരാജയപ്പെടുത്താൻ പഠിച്ച പണി പതിനെട്ടും പയറ്റിനോക്കി. കൃഷിക്കാർ കീഴടങ്ങിയില്ല. ഒടുവിൽ മാപ്പ് പറഞ്ഞ് കൃഷിക്കാരുടെ മുന്നിൽ മുട്ടുമടക്കി. പാർലമെന്റ് വിളിച്ചുകൂട്ടി പാസാക്കിയ 3 നിയമങ്ങളും പിൻവലിച്ചു. കടിച്ച പാമ്പിനെക്കൊണ്ടു തന്നെ വിഷം എടുപ്പിച്ചു.

എന്നാൽ സമരം പിൻവലിച്ച ശേഷം മാസങ്ങൾ ചിലതു കഴിഞ്ഞിട്ടും ഒത്തുതീർപ്പു വ്യവസ്ഥകൾ നടപ്പാക്കാതെ  മരണപ്പെട്ടവരുടെ കുടുംബങ്ങൾക്കുള്ള സഹായം നൽകാതെ, കേസുകൾ പിൻവലിക്കാതെ, സമരമുഖത്ത് വണ്ടിയോടിച്ചു കയറ്റി 4 പേരെ കൊന്ന മന്ത്രി പുത്രന്റെ പേരിലുള്ള കേസ്, മിനിമം സപ്പോർട്ട് പ്രൈസ് ഇതെല്ലാം നടപ്പാക്കുന്നതിൽ കുറ്റകരമായ കാലതാമസം വരുത്തുകയാണ്.

എന്തായാലും പാർലമെന്റ് പാസാക്കിയ നിയമത്തിന്റെ തണലിൽ കൃഷിഭൂമിയും കാർഷികവിളകളും കോർപ്പറേറ്റുകൾക്ക് കയ്യടക്കാൻ ലക്ഷ്യമിട്ടു പാസാക്കിയ നിയമങ്ങൾ പിൻവലിപ്പിച്ചു മാപ്പ് പറയിക്കാൻ കർഷക സമരത്തിന് സാധിച്ചുവെന്നത് അഭിനന്ദനാർഹമാണ്.

കോവിഡിന്റെ മറവിൽ തൊഴിലാളികളെ ദ്രോഹിക്കുന്ന നാലു തൊഴിൽ കോഡുകളും പാർലമെന്റ് പാസാക്കിയിട്ടുണ്ട്. പാർലമെന്ററി കീഴ്‌വഴക്കങ്ങളും നടപടിക്രമങ്ങളും പിച്ചിച്ചീന്തികൊണ്ട്, അഭിപ്രായം പ്രകടിപ്പിക്കാനോ എതിർത്ത് വോട്ട് ചെയ്യാനോ പോലുള്ള അവകാശങ്ങൾ നിഷേധിച്ചു കൊണ്ട്, ജനാധിപത്യവിരുദ്ധമായാണ് തൊഴിലാളിദ്രോഹ നിയമങ്ങൾ പാസാക്കിയിരിക്കുന്നത്.

8 മണിക്കൂർ ജോലിയെന്നത് ലോകവ്യാപകമായി അംഗീകരിച്ച് നടപ്പാക്കി വരുന്നതാണ്. പല രാജ്യങ്ങളും 5 മണിക്കൂറും 6 മണിക്കൂറും വരെ ആയി ജോലിസമയം കുറച്ചു. ഗൾഫ് നാടുകളിൽ ചിലത് ആഴ്ചയിൽ 5 ദിവസം ജോലി ചെയ്താൽ മതിയെന്ന വ്യവസ്ഥ കൊണ്ടുവന്നിരിക്കുന്നു. എന്നാൽ ഇന്ത്യയിൽ മോദി ഭരണം ദിവസം 8 മണിക്കൂറിനു പകരം 12 മുതൽ 16 മണിക്കൂർ വരെ പണിയെടുപ്പിക്കാൻ നിയമഭേദഗതി പാസാക്കിയിരിക്കുകയാണ്. അതായത് 18ാം നൂറ്റാണ്ടിൽ അടിമ ഉടമകാലഘട്ടത്തിലേക്ക് ഇന്ത്യൻ തൊഴിലാളി വർഗത്തെ വലിച്ചെറിയാനാണ് ശ്രമം. വൻകിട മുതലാളികൾക്കും കോർപ്പറേറ്റുകൾക്കും അവരുടെ സമ്പത്ത് കുന്നുകൂടാൻ കളമൊരുക്കുന്നതാണ് ഈ നിയമം.

കോൺഗ്രസ് ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങൾ നിയമത്തിന് പിന്തുണ പ്രഖ്യാപിച്ചതോടെ നിയമസഭകൾ ചട്ടങ്ങൾ പാസ്സാക്കി. കേരളത്തിലെ ജനങ്ങൾക്കൊരാശ്വാസം, കേരളത്തിന്റെ മുഖ്യമന്ത്രി സ:പിണറായി വിജയൻ, പാർലമെന്റ് പാസാക്കിയ ഈ തൊഴിലാളി ദ്രോഹനിയമം കേരളത്തിൽ നടപ്പാക്കില്ലെന്ന് പ്രഖ്യാപിച്ചതാണ്. പാർലമെന്റ് പാസാക്കിയ നിയമങ്ങൾ ഇന്ത്യക്കാകെ ബാധകമാണ്. അത് നടപ്പാക്കില്ലെന്ന് പറയാൻ കേരളത്തിന്റെ മുഖ്യമന്ത്രി ആരാണ്? എന്നൊക്കെ ബി.ജെ.പി, കോൺഗ്രസ് നേതാക്കൾ ഭീഷണി പ്രയോഗങ്ങൾ നടത്തി നോക്കി. നടപ്പാക്കില്ലെന്ന് പറഞ്ഞാൽ നടപ്പാക്കില്ല തന്നെ. "കേന്ദ്രം തുമ്മിയാൽ തെറിക്കുന്ന മൂക്കല്ല കേരളത്തിന്റേത്" എന്ന് മുഖ്യമന്ത്രി മറുപടി നൽകി. ഇന്ത്യയിൽ മാത്രമല്ല പൗരത്വഭേതഗതിനിയമം കേന്ദ്രം പാസാക്കിയപ്പോഴും കേരളത്തിന്റെ നിലപാട് ഇതുതന്നെയായിരുന്നു.

ഉദാരവൽക്കരണസ്വകാര്യവൽക്കരണ കരാർവൽക്കരണ നടപടികൾ അതിവേഗം പൂർത്തീകരിക്കാൻ മോദീ ഗവൺമെന്റ് കിണഞ്ഞുപരിശ്രമിക്കുകയാണ്. സ്വാതന്ത്ര്യാനന്തരം ഇന്ത്യ വളർത്തിയെടുത്ത സകലപൊതുമേഖലാസ്ഥാപനങ്ങളും കോർപ്പറേറ്റുകൾക്ക് വിറ്റ് കമ്മീഷൻ തട്ടുന്ന തിടുക്കത്തിലാണ് കേന്ദ്രഗവൺമെന്റ് . അതിലും ബദൽ നിലപാടാണ് കേരളത്തിനുള്ളത്. കേരളത്തിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിനു പുറമേ കേന്ദ്രഗവൺമെന്റുകൾ സംസ്ഥാനത്തുള്ള പൊതുമേഖലാസ്ഥാപനങ്ങൾ വിൽക്കുന്നതിലും ഏറ്റെടുത്തു നടത്തുകയെന്ന സമീപനം കേരളം സ്വീകരിച്ചുവരികയാണ്.



**ഭൂമിയും ആകാശവും ഭൂമിക്കടിയിലുള്ള തും, സ്വാതന്ത്ര്യാനന്തര ഇന്ത്യ വികസി പ്പിച്ചെടുക്കുന്നതും ജനങ്ങളുടെ അധ്വാ നത്തിന്റെ ഫലമായി നിർമ്മിച്ചതുമായ എല്ലാ സ്വത്തുക്കളും രാജ്യത്തിന്റേതാണ്, ജനങ്ങളുടേതാണ് അത് തദ്ദേശീയരും, വിദേശീയരുമായ കോർപ്പറേറ്റുകൾക്ക് തുച്ഛവിലയ്ക്ക് നൽകുകയും അതിലൂടെ കോടാനുകോടി രൂപയുടെ കമ്മീഷൻ അഴിമതി നടത്തുകയും ചെയ്യുന്ന ഒരു ഭരണമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്.**

എന്നാൽ കേന്ദ്രമാകട്ടെ വില്പനയായാലും കേരളത്തിനു നൽകില്ല, അദാനിക്കോ മറ്റു കോർപ്പറേറ്റുകൾക്കോ മാത്രമേ കൊടുക്കുവെന്ന നിലപാടാണ് എടുത്തത്. വിൽപ്പന പൂർത്തിയായാൽ ഇന്ത്യൻ ജനതക്ക് ഒന്നും ഉണ്ടാകില്ല. ഏഴരപതിറ്റാണ്ടായി ഇന്ത്യൻതൊഴിലാളിവർഗ്ഗവും ഇതര ജനവിഭാഗങ്ങളും അധ്വാനിച്ചു നേടിയ സകലസമ്പത്തും നമ്മുടേതല്ലാതാകും. ഇതിനകം വിറ്റതും ഇപ്പോൾ വിൽക്കാനിട്ടിരിക്കുന്നതും വിറ്റുകഴിയുമ്പോഴാണ് ഇന്ത്യയിലെ ജനങ്ങൾ ഒന്നുമില്ലാത്തവരാകുന്നതിന്റെ ചിത്രം പൂർണ്ണമാവുക.

രഹസ്യങ്ങൾ കൈമാറുന്ന വാർത്താവിനിമയ മേഖല കമ്പിതപാൽ വകുപ്പിനു കീഴിലായിരുന്ന P&T (പോസ്റ്റ് ആന്റ് ടെലഗ്രാഫ് ഡിപ്പാർട്ട്മെന്റ്), ബി.എസ്.എൻ.എൽ, വി.എസ്.എൻ.എൽ എന്ന രണ്ടു കമ്പനികളാക്കി, അതിപ്പോൾ വിദേശ മൊബൈൽകമ്പനികളുടെയും അംബാനി നിയന്ത്രിക്കുന്ന ജിയോയുടെയും നിയന്ത്രണത്തിലാക്കി. പോസ്റ്റൽ ടെലഗ്രാഫ് ഡിപ്പാർട്ട്മെന്റിന്റെ പടുകൂറ്റൻ ആഫീസുകളും സംവിധാനങ്ങളും ഓരോ പട്ടണത്തിലുമുള്ളത്, ഒന്നൊന്നായി സ്വകാര്യമേഖലയ്ക്കു വിറ്റുകൊണ്ടിരിക്കുന്നു. സെക്രട്ടേറിയറ്റിനു മുന്നിലുള്ള ടെലഗ്രാഫ് ആഫീസിന്റെ പുതിയ കെട്ടിടവും വിൽപ്പനയ്ക്കിട്ടിരിക്കുന്നു.

വിമാനങ്ങളും വിമാനത്താവളങ്ങളും, തീവണ്ടികളും, റെയിൽവേസ്റ്റേഷനുകളും, റയിൽവേയുടെ പക്കലുള്ള ഭൂമിയും, കോച്ചുനിർമ്മാണ ഫാക്ടറികളും, എഞ്ചിൻനിർമ്മാണഫാക്ടറിയും വിറ്റുകഴിഞ്ഞു. 150 തീവണ്ടികൾ, 400 റെയിൽവേ സ്റ്റേഷനുകൾ വിൽപ്പന പൂർത്തിയാക്കി. കേരളത്തിൽ കോഴിക്കോട്, എറണാകുളം, തൃശ്ശൂർ സ്റ്റേഷനുകൾ ഫോർസെയിൽ ബോർഡുകൾ വച്ചിട്ടു നാളുകളേറെയായി. കേരളത്തിലുള്ളതായതുകൊണ്ട് വിൽപ്പന എളുപ്പം നടക്കുന്നില്ല.

നാഷണൽ ഹൈവേ 3200 കിലോമീറ്റർ വിൽക്കാൻ പരസ്യം വന്നുകഴിഞ്ഞു. തുറമുഖങ്ങളും വിൽപ്പനയിൽനിന്ന് ഒഴിവായിട്ടില്ല, ലാഭം മാത്രം നൽകുന്ന പൊതുമേഖലാ കമ്പനികൾ എല്ലാം വിൽപ്പനക്കിട്ടു. ഒഎൻജിസിയും, ബിപിസിഎല്ലും വിൽക്കുന്നു. പ്രതിരോധ വകുപ്പിനു കീഴിലുള്ള ആയുധ നിർമ്മാണശാലകൾ 42 എണ്ണം വിൽപ്പനക്കിട്ടപ്പോൾ അതിശക്തിയായ എതിർപ്പ് ജീവനക്കാരിലും പൊതുപ്രസ്ഥാനങ്ങളിലും ഉയർന്നു വന്നു. അതേതുടർന്ന് വിൽപ്പന തൽക്കാലം നിർത്തി. 4 കമ്പനികളാക്കി രൂപാന്തരപ്പെടുകയാണ്. ഇനി ഓരോ കമ്പനിയും വിൽക്കാം. ഭൂമിക്കു മുകളിലുള്ളതെല്ലാം വിറ്റിട്ട്

ഭൂമിക്കടിയിലുള്ളതും വിൽക്കാനുള്ള ശ്രമത്തിലാണിപ്പോൾ, കൽക്കരിഖനനം നടത്തിവരുന്നത് കോൾ മൈൻസ് ഓഫ് ഇന്ത്യ എന്ന കേന്ദ്ര പൊതുമേഖലാസ്ഥാപനമായിരുന്നു. അതിപ്പോൾ വിദേശീയരും തദ്ദേശീയരുമായ കോർപ്പറേറ്റുകൾക്ക് ഖനനാവകാശം നൽകിക്കഴിഞ്ഞു.

ഇന്ത്യയുടെ വൈദ്യുതി ഉൽപ്പാദനത്തിന്റെ 60 ശതമാനവും കൽക്കരി താപനിലയങ്ങളാണ് ഉൽപ്പാദിപ്പിക്കുന്നത്. യഥാസമയം കൽക്കരി ലഭിച്ചില്ലായെങ്കിൽ വൈദ്യുതി നിലയങ്ങളുടെ പ്രവർത്തനം സ്തംഭിക്കും. അതിനുള്ള വഴി തുറന്നിട്ടിരിക്കുകയാണ്, കൽക്കരി ഖനനം സ്വകാര്യ മേഖലയ്ക്കു നൽകിയതിലൂടെ.

ചുരുക്കത്തിൽ ഭൂമിയും ആകാശവും ഭൂമിക്കടിയിലുള്ളതും, സ്വാതന്ത്ര്യാനന്തര ഇന്ത്യ വികസിപ്പിച്ചെടുക്കുന്നതും ജനങ്ങളുടെ അധ്വാനത്തിന്റെ ഫലമായി നിർമ്മിച്ചതുമായ എല്ലാ സ്വത്തുക്കളും രാജ്യത്തിന്റേതാണ്, ജനങ്ങളുടേതാണ്. അത് തദ്ദേശീയരും, വിദേശീയരുമായ കോർപ്പറേറ്റുകൾക്ക് തുച്ഛവിലയ്ക്ക് നൽകുകയും അതിലൂടെ കോടാനുകോടി രൂപയുടെ കമ്മീഷൻ അഴിമതി നടത്തുകയും ചെയ്യുന്ന ഒരു ഭരണമാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്.

അവശേഷിച്ചത് കടലായിരുന്നു. അതിന്റെ കച്ചവടത്തിനും വഴികൾ കണ്ടുപിടിച്ചിരിക്കുന്നു. ബ്ലൂ റവലൂഷൻ (നീല വിപ്ലവം) എന്ന പേരിൽ ആഴക്കടൽ, മത്സ്യ ബന്ധന വിദേശമത്സ്യ ബന്ധന യാനങ്ങൾക്ക് കേന്ദ്രം അനുമതി നൽകിക്കഴിഞ്ഞു. അതിലൂടെ തീരക്കടൽ വരെ മത്സ്യഖനനം നടത്താനുള്ള അവസരം അവർ ഉപയോഗിക്കും. അതോടെ രാജ്യത്തിന്റെ വില്പന പൂർത്തിയാകും. അവശേഷിച്ചത് ജനങ്ങളുടെ ജീവിതത്തിന്റെ ഗ്യാരന്റിയായി കരുതിയിരുന്ന ലൈഫ് ഇൻഷുറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയായിരുന്നു. 202223 ലെ ബഡ്ജറ്റ് അവതരിപ്പിച്ചുകൊണ്ടും കേന്ദ്രധനമന്ത്രി നിർമ്മലാസീതാരാമൻ അതും വിൽക്കാൻ തീരുമാനിച്ചതായി പ്രഖ്യാപിച്ചുകഴിഞ്ഞു.

ഒന്നുമില്ലാത്തവരായി എല്ലാം നഷ്ടപ്പെട്ടവരായി 138 കോടിയോളം വരുന്ന ജനത, അവരുണ്ടാക്കിയ സമ്പത്ത്, 1 ശതമാനം വരുന്ന ശതകോടീശ്വരന്മാരുടെ കീശയിലാക്കിയിരിക്കുന്നു. ഏറ്റവും ദരിദ്രരായ 50 ശതമാനം വരുന്നവർക്ക് ഇന്ത്യൻ സമ്പത്തിന്റെ മൂന്നര ശതമാനം മാത്രം.

ഈ അസമത്വത്തിന് അറുതി വരണം. നാം അധ്വാനിച്ചുണ്ടാക്കിയത് വിറ്റ് കമ്മീഷൻ വാങ്ങാൻ, ആരേയും നമ്മൾ അധികാരപ്പെടുത്തിയിട്ടില്ല. രാഷ്ട്രത്തിന്റെ സ്വത്ത് പരിപാലിച്ചു ഭരണം നടത്താനാണ് ഭരണാധികാരികളെ തെരഞ്ഞെടുക്കുന്നത്, രാജ്യം വിൽക്കാനല്ല.

സ്വാതന്ത്ര്യം നേടുമ്പോൾ ചവച്ചു തുപ്പിയ കരിമ്പിൻതൊണ്ടുപോലെ ലഭിച്ച രാജ്യമാണ് ഇന്ത്യ. സമ്പത്ത് മുഴുവൻ ബ്രിട്ടീഷുകാരൻ കൊള്ളയടിച്ചുകൊണ്ടുപോയി. ഭക്ഷണം കിട്ടാതെ 45 ലക്ഷം ആളുകൾ പട്ടിണി കിടന്ന രാജ്യം. വ്യവസായമില്ല കൃഷിക്കു ഭൂമിയുണ്ട്, പക്ഷേ മരുഭൂമിയാണ്. ജനസേചനസൗകര്യമില്ല, അണക്കെട്ടു വേണ്ടെ, വ്യവസായ വികസനത്തിന് ഉരുക്കുനിർമ്മാണശാല വേണ്ടെ. ഇതൊന്നുമില്ലാതിരുന്ന ഇന്ത്യയെ ഇന്നത്തെ ഇന്ത്യയാക്കാൻ കോടാനുകോടി തൊഴിലാളികളും കൃഷിക്കാരും എല്ലു നുറുങ്ങെ പണിയെടുത്തിട്ടുണ്ട്. അവർ ചത്തതിനൊത്ത് ജീവിച്ചവരാണ്. വേലക്കുതക്ക കൂലി കിട്ടിയിട്ടില്ല. മക്കളെ പഠിപ്പിക്കാൻ കഴിഞ്ഞിട്ടില്ല. രോഗം വന്നാൽ ചികിത്സ ലഭിച്ചിട്ടില്ല, ചോർന്നൊലിക്കുന്ന കൂരകളിലും തെരുവുകളിലും അന്തിയുറങ്ങിയും ജീവിതസുഖം എന്തെന്നറിയാതെ ജീവിച്ചുമരിച്ച കോടാനുകോടി തൊഴിലാളികളുടെ അധ്വാനത്തിന്റെ മിച്ചമൂല്യമാണ്. ഇന്നത്തെ ഇന്ത്യ Made in India അവരുടേതാണ്. അല്ലാതെ മാറിമാറി വന്ന ഭരണാധികാരികളുടെ കുടുംബസ്വത്ത് ഉപയോഗിച്ച് ഉണ്ടാക്കിയതല്ല. ഇന്ന് നമ്മോടൊപ്പമില്ലാത്ത മൺമറഞ്ഞുപോയ ആ മനുഷ്യർ വരുംതലമുറയ്ക്കു കരുതിനൽകിയ ഈ നാടിനെ, ഈ സമ്പത്തുകളെ വിൽക്കാൻ ഞങ്ങൾ അനുവദിക്കില്ലെന്ന് പ്രതിജ്ഞയെടുക്കണം. ഈ സമ്പത്ത് ഈ തലമുറക്കും വരും തലമുറയ്ക്കും ജീവിക്കാനുള്ളതാണ്. അത് വിൽക്കരുത് "ജനങ്ങളെ സംരക്ഷിക്കൂ, രാജ്യത്തെ രക്ഷിക്കൂ" എന്ന ആവശ്യം ഉന്നയിച്ചുകൊണ്ടാണ് മാർച്ച് 28, 29 തീയതികളിൽ ദ്വിദിന ദേശീയ പണിമുടക്ക് നടത്തുന്നത്. ദേശാഭിമാനികളായ മുഴുവൻ ജനങ്ങളും പണിമുടക്കു വമ്പിച്ച വിജയമാക്കാൻ സഹകരിക്കണമെന്ന്, സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.●



# ഹിന്ദുത്വവാദികൾ പടർത്തുന്ന വിഭാഗീയതയും സംഘർഷവും

ഭക്ഷണത്തിന്റെയും വസ്ത്രത്തിന്റെയും പ്രണയത്തിന്റെയും പേരിൽ ജനസമൂഹങ്ങൾക്കിടയിൽ വിദ്വേഷം പടർത്തി കടുത്ത വിഭാഗീയതയും സംഘർഷവും വളർത്തുകയാണ് ഹിന്ദുത്വ വാദികൾ. തങ്ങൾക്ക് ലഭ്യമായ ദേശീയ അധികാരമുപയോഗിച്ച് ഹിന്ദുരാഷ്ട്ര നിർമ്മിതിക്കാവശ്യമായ ഭരണനടപടികളും പ്രത്യയശാസ്ത്ര വൽക്കരണവും ത്വരിതഗതിയിലാക്കിയിരിക്കുകയാണവർ. ഭരണഘടനയെ തന്നെ നോക്കുകുത്തിയാക്കി കൊണ്ട് കാശ്മീർ പ്രത്യേക പദവിവ്യവസ്ഥ എടുത്തു കളഞ്ഞത് തൊട്ടു പൗരത്വ നിയമം വരെ തങ്ങളുടെ മതരാഷ്ട്ര അജണ്ട ആവശ്യപ്പെടുന്ന തരത്തിൽ ഭേദഗതി ചെയ്തിരിക്കുന്നു.



കെ ടി കുഞ്ഞിക്കണ്ണൻ

ന്യൂനപക്ഷ ദളിത് സ്ത്രീവിരുദ്ധമായ പൊതുബോധരൂപീകരണത്തിനാവശ്യമായ ക്ഷുദ്ര വികാരങ്ങളുണർത്തുന്ന നുണപ്രചരണങ്ങളാണല്ലോ സംഘപവാറിന്റെ പ്രത്യയശാസ്ത്രവൽക്കരണതന്ത്രം. അപര മതസമൂഹങ്ങൾക്കെതിരായ അവജ്ഞയും ശത്രുതയും വളർത്തി ഭൂരിപക്ഷ മതസമുദായ ധ്രുവീകരണമാണവർ ലക്ഷ്യം വെക്കുന്നത്. ഭൂരിപക്ഷമതമേധാവിത്വബോധം നിർമ്മിച്ചെടുക്കാനുള്ള സംസ്കാര സംഘർഷങ്ങളുടെ ആസൂത്രണവും പ്രയോഗവും വഴി തങ്ങളുടെ അധികാരവും അധീശത്വവും നിലനിർത്താനാണ് കോർപ്പറേറ്റ് മൂലധനസംരക്ഷകരായ ഹിന്ദുത്വ വാദികൾ ശ്രമിച്ചു കൊണ്ടിരിക്കുന്നത്.

യു പി തെരഞ്ഞെടുപ്പിൽ യോഗി ആദിത്യ നാഥ് പരസ്യമായി പ്രഖ്യാ

പിച്ചത് ഉത്തർപ്രദേശിൽ 80 % വും 20%.വും തമ്മിലാണ് മത്സരമെന്നാണല്ലോ. നമ്മുടെ മത നിരപേക്ഷ ജനാധിപത്യ രാഷട്രീയത്തെ അപ്രസക്തമാക്കി കൊണ്ട് ഭൂപരിപക്ഷ ഹിന്ദുവും ന്യൂനപക്ഷ മുസ്ലിമും തമ്മിലാണ് മത്സരമെന്ന് പറയാൻ മുഖ്യസ്ഥാനത്ത് ഇരിക്കുന്ന യോഗിക്ക് ഒരു മടിയുമുണ്ടായില്ല.

ഭരണഘടനയെയും ജനാധിപത്യത്തെയും മതഭ്രാന്തന്മാർ ഹൈജാക്ക് ചെയ്ത് വർഗീയധ്രുവീകരണത്തിനായി ജനങ്ങളെ തമ്മിലടിപ്പിക്കാനുള്ള സംസ്കാര സംഘർഷങ്ങൾ പടർത്തുകയാണ് രാജ്യമാസകലം.ഗുജറാത്തിനെ തുടർന്ന് കർണാടകയും യു പി യുമെല്ലാം സംസ്കാര സംഘർഷങ്ങളുടെ മനുഷ്യത്വരഹിതമായ പരീക്ഷണ ഭൂമിയാക്കി മാറ്റിയിരിക്കുകയാണ് ഹിന്ദുത്വ വാദികൾ. അതാണ് ഹിജാബ് വിവാദവും ലൗ ജിഹാദുമെല്ലാം കാണിക്കുന്നത്. മനുഷ്യർക്കിടയിലെ സൗഹൃദത്തിന്റെയും പാരസ്പര്യത്തിന്റെയും മൂല്യചോദനകളെയാകെ ഷണ്ഡീകരിച്ച് ക്രൂരതയെയും വിദ്വേഷത്തെയും ജീവിതമൂല്യമാക്കാനാണ് എല്ലാ വർഗീയ വാദികളും പഠിപ്പിക്കുന്നത്. മനുഷ്യബന്ധങ്ങളെ നിർണ്ണയിക്കുന്നതും നിലനിർത്തുന്നതുമായ പരസ്പരസ്നേഹത്തിന്റെയും ഊഷ്മളതയുടെയും ബന്ധസംസ്കൃതികളെ കുഴിച്ചുമൂടുന്ന അസഹിഷ്ണുതയുടെയും അക്രമോത്സുകതയുടെയും പാഠനിർമ്മിതികളിലൂടെയാണല്ലോ ചരിത്രത്തിൽ എല്ലായിടത്തും ഫാസിസ്റ്റുകൾ വളർന്നുവന്നത്. ഭാഷയിലെയും വാക്കുകളിലെയും എല്ലാവിധ സൗഹൃദാർത്ഥങ്ങളെയും ഇല്ലാതാക്കുന്ന വെറുപ്പിന്റെയും ഹിംസയുടെ പ്രത്യയശാസ്ത്രമാണല്ലോ മുസോളിനിയെയും ഹിറ്റ്ലറെയും ആദർശപുരുഷന്മാരായി കാണുന്ന ഹിന്ദുത്വം. സവർക്കറും ഹെഡ്ഗെ വാറും മുംഞ്ജെയും ഗോൾവാക്കറും ആവിഷ്ക്കരിച്ച ഇന്ത്യൻ ഫാസിസത്തിന്റെ പ്രത്യയശാസ്ത്രമാണ് ഹിന്ദുത്വവും ഇന്ത്യൻ ഫാസിസത്തിന്റെ കാലാൾ പടയുമാണ് ആർ എസ് എസുമെന്ന കാര്യം നമ്മുടെ പല ലിബറൽ ബുദ്ധിജീവികൾക്കും ചാനൽ ചർച്ചകളിലെ സ്വതന്ത്രനിരീക്ഷക കേസരികൾക്കും ഇനിയും മനസ്സിലായിട്ടില്ല.ഇടതുപക്ഷത്തെ എതിർക്കാൻ ആർഎസ്എസ് മുതൽ ഹനുമാൻ സേന വരെയുള്ള സംഘപരിവാറുമായി കൂട്ടുചേരുന്നതിൽ ഒരു അധാർമ്മികതയുമില്ലെന്ന് കരുതുന്നവരാണല്ലോ കേരളത്തിലെ കോൺഗ്രസുകാരും മുസ്ലിം ന്യൂനപക്ഷ സംരക്ഷകരായി ചമയുന്ന ലീഗുകാരും വരെ.

വിദ്യാഭ്യാസത്തെയും ദേശീയ അക്കാദമിക് സ്ഥാപനങ്ങളെയും ഹിന്ദുത്വ വാദികളുടെ സർക്കാർ തങ്ങളുടെ പ്രത്യയശാസ്ത്ര ഉദ്ബോധനത്തിനുള്ള ഉപകരണങ്ങളായി അധ:പതിപ്പിക്കുകയാണ്. അക്കാദമിക് കേന്ദ്രങ്ങളുടെ തലപ്പത്ത് 2014 മുതൽ ആർ എസ് എസ് അംഗത്വം മാത്രം യോഗ്യതയാക്കി കടുത്ത വർഗീയ വാദികളെ അവരോധിച്ചു തുടങ്ങി.

ഏറ്റവുമൊടുവിലായി സംഘപരിവാറുകാരനായ ഡോ: ജഗദേശ്കുമാറിനെ തന്നെ യു ജി സി യുടെ ചെയർമാനായി കൊണ്ടു വന്നിരിക്കുകയാണ്. ജെഎൻയുവിലെ വൈസ്ചാൻസലറായിരുന്നു കൊണ്ടദ്ദേഹം, ആ വിശ്വോത്തര സർവ്വകലാശാലയുടെ ജനാധിപത്യ അന്തരീക്ഷത്തെ തകർക്കുകയും എബിവിപി അഴിഞ്ഞാട്ടങ്ങൾക്ക് സൗകര്യമൊരുക്കുകയും ചെയ്തത് രാജ്യം വിവാദപരമായി ചർച്ച ചെയ്തതാണ്. അക്കാദമിക് മേഖലയുടെ കാവി വൽക്കരണത്തിനായുള്ള ആർ എസ് എസ് അജണ്ടയുടെ നിർവഹണ കേന്ദ്രമായി സർവ്വകലാശകളെ മാറ്റുവാനുള്ള നീക്കങ്ങളുടെ ഭാഗമാണ് യുജിസിയുടെ തലപ്പത്ത് ജഗദേശ് കുമാറിനെ പോലൊരാളെ കൊണ്ടുവരുന്നത്. ആർഎസ്എസിന്റെയും വിജ്ഞാന ഭാരതിയുടെയും സജീവ പ്രവർത്തകനാണ് ഈ ജഗദേശ് കുമാർ.

2014-ന് ശേഷം ഇന്ത്യയുടെ അഭിമാനങ്ങളായ അക്കാദമിക് സ്ഥാപനങ്ങളെല്ലാം സംഘപരിവാർ പിടിയിലമർന്നുകൊണ്ടിരിക്കുന്നതാണ് നാം കണ്ടത്. ചരിത്രത്തെയും സംസ്കാരത്തെയും കാവിവൽക്കരിച്ചു ഹിന്ദുരാഷ്ട്രനിർമ്മിതിക്കാവശ്യമായ പ്രത്യയശാസ്ത്രപരിസരം സൃഷ്ടിച്ചെടുക്കുകയാണവർ. അങ്ങേയറ്റം വിജ്ഞാന വിരുദ്ധവും ജനാധിപത്യവിരുദ്ധവുമായൊരു പ്രത്യയശാസ്ത്ര പദ്ധതിയാണിത്.

സ്വതന്ത്രമായ അക്കാദമിക് സമൂഹമെന്നത് ഏതൊരു സമൂഹത്തിലും ജനാധിപത്യം നിലനില്ക്കുന്നതിലും അതു വിപുലപ്പെടുന്നതിനുമുള്ള മുൻ ഉപാധിയാണ്. അക്കാദമിക് സമൂഹങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയാത്ത ഏത് സമൂഹവും സമഗ്രാധിപത്യത്തിലേക്കോ ഫാസിസത്തിലേക്കോ പതിക്കുമെന്നതാണല്ലോ ലോകത്തിന്റെ ചരിത്രാനുഭവം.

അക്കാദമിക് യോഗ്യതയേക്കാൾ മോഡിഭക്തിയും ആർഎസ്എസ് അംഗത്വവും ദേശീയ അക്കാദമിക് സ്ഥാപനങ്ങളുടെ തലപ്പത്തിരിക്കാനുള്ള യോഗ്യതയായി മാറി കൊണ്ടിരിക്കുന്ന നിരാശാജനകമായ സാഹചര്യമാണു നമ്മുടെ രാജ്യത്തിപ്പോഴുള്ളത്!

മതനിരപേക്ഷതയെയും ജനാധിപത്യത്തെയും സാമൂഹ്യനീതി തത്വങ്ങളെയും പരസ്യമായി എതിർക്കുന്ന ഹിന്ദുത്വവാദികളായ ബുദ്ധിജീ

വികൾക്ക് ഐസിഎച്ച്ആറും സാമൂഹ്യശാസ്ത്ര ഗവേഷണ കൗൺസിലും ഐസിസി സി ആറുമെല്ലാം ഏല്പിച്ചു കൊടുത്ത് ഇന്ത്യയെന്ന ആശയത്തെ തന്നെ ഇല്ലാതാക്കുകയാണ്, പ്രാചീനതയുടെ കൂരിരുട്ടിലേക്ക് രാജ്യത്തെ തള്ളിവിടുന്ന സംഘപരിവാർ ശക്തികളും അവരുടെ സർക്കാറും .

ജഗദ്ദേശ്കുമാറിന്റെ നിയമനത്തിന് പിന്നാലെയാണ് ആർ എസ് എസ് ഭക്തയും നാഥുറാം വിനായക് ഗോഡ്സെയുടെ ആരാധകയുമായ ശാന്തി ശ്രീദുലി പുടി പണ്ഡിറ്റ് എന്ന വർഗീയ വാദിയെ ജെഎൻയുവിന്റെ വിസി യായി നിയമിക്കുന്ന നത്.ഗാന്ധി ഘാതകനായ ഗോഡ്സെയെ ന്യായീകരിക്കുന്ന ഒരു പടു ഹിന്ദുത്വ വാദിയെ നെഹറുവിന്റെ നാമധേയത്തിൽ പടുത്തുയർത്തിയ വിശ്വോത്തര സർവകലാശാലയുടെ വിസിയയായി അവരോധിച്ച് കൊണ്ട് കേന്ദ്ര സർക്കാർ നൽകുന്ന സന്ദേശമെന്താണ്? ഗാന്ധിജിയുടെയും നെഹറുവിന്റെയും മതനിരപേക്ഷ ഇന്ത്യയെ ഞങ്ങൾ ഹിന്ദു രാഷ്ട്രമാക്കുമെന്നാണ്. തങ്ങൾക്കാവശ്യമായ രീതിയിൽ ചരിത്രത്തെയും സംസ്കാരത്തെയും രാഷ്ട്രത്തെയും അപനിർമ്മിച്ചെടുക്കാനായി ഇന്ത്യൻ അക്കാദമിക് മണ്ഡലത്തെ മഥനനം ചെയ്തെടുക്കുമെന്നാണ്. ഇന്ത്യയെ ഒറ്റക്കെട്ടായി നിർത്താൻ ഗാന്ധിവധമല്ലാതെ മറ്റൊരു മാർഗവുമില്ലായിരുന്നുവെന്ന് ട്വീറ്റ് ചെയ്ത ക്രൂര മഹതിയാണ് പ്രൊഫ. ശാന്തി ശ്രീ പണ്ഡിറ്റ് എന്നത് ഒരു സത്യാനന്തര കാല വിപര്യയാവാമെന്നല്ലാതെ മറ്റെന്താണ് പറയുക.

ഹിജാബ് വിവാദമാക്കി കൊണ്ട് കർണാടകയിൽ ഹിന്ദുത്വ വാദികൾ സംസ്കാര സംഘർഷങ്ങളുടെ അപകടകരമായ പരീക്ഷണങ്ങൾക്ക് ഗതിവേഗം കൂട്ടിയിരിക്കുകയാണ്.രാജ്യത്താകെ വർഗീയ ധ്രുവീകരണം ലക്ഷ്യം വെച്ചുള്ള ന്യൂനപക്ഷ വിരുദ്ധ കളികളാണ് സംഘ പരിവാർ നടത്തി കൊണ്ടിരിക്കുന്നത്.ഇന്ത്യൻ ഭരണഘടന വ്യക്തികൾക്കും പ്രത്യേക സാമൂഹ്യ വിഭാഗങ്ങൾക്കും നൽകുന്ന അവരുടെ വിശ്വാസപരവും സാംസ്കാരികവുമായ സ്വത്വ സംരക്ഷണത്തിന് വേണ്ടിയുള്ള അവകാശങ്ങളെ ഒരിക്കലും അംഗീകരിച്ചിട്ടില്ലാത്തവരാണ് ഹിന്ദുത്വ വാദികൾ. ഇന്ത്യയുടെ ബഹുസ്വരതയെയും ഭിന്നജനസമൂഹങ്ങളുടെ സ്വത്വവും സംസ്കാരവും സംരക്ഷിക്കാനുള്ള ഭരണഘടനാവകാശങ്ങളെയു നിഷേധിക്കുന്ന സംസ്കാരിക ദേശീയതയുടെ വക്താക്കളാണല്ലോ. മുസ്ലിംപെൺകുട്ടികൾക്ക് വിദ്യാഭ്യാസം നേടാനും ഹിജാബ് ധരിച്ച് ക്ലാസിൽ ഇരിക്കാനും അവകാശമുണ്ടെന്ന് കാണാതെ ഹിജാബിനെതിരെ കാവിഷാൾ വീശി ആക്രോശമുഴക്കുന്ന ആൾകൂട്ടങ്ങളെ ഇളക്കിവിടുന്ന സംഘപരിവാർ ഭരണഘടനയെ തന്നെയാണ് വെല്ലുവിളിക്കുന്നത്.

ഫൈനാൻസ് മൂലധനത്തിന്റെ അധിനിവേശ വാഞ്ഛകളും ഭൂതകാലത്തിന്റെ പ്രാക്ത്ന സംസ്കൃതിയിലഭിരമിക്കുന്ന ഹിന്ദുത്വപ്രത്യയശാസ്ത്രവും ചേർന്നു രൂപപ്പെടുത്തുന്ന ഹിംസാത്മകമായ സംസ്ക്കാര സംഘർഷ പദ്ധതികളിലാണ് ഭക്ഷണവും വസ്ത്രവും പ്രണയവുമെല്ലാം പ്രശ്നവക്കരിക്കപ്പെടുന്നതും വർഗീയ ധ്രുവീകരണത്തിനുള്ള കലാപവിഷയങ്ങളായി ഉയർത്തപ്പെടുന്നതും.

നിയോ ലിബറൽ അജണ്ടയിലാണ് ജനങ്ങളെയും ജനാധിപത്യ രാഷ്ട്ര ഘടനയെയും ഭിന്നിപ്പിക്കുന്നതും അസ്ഥിരീകരിക്കുന്നതുമായ വർഗീയവൽക്കരണവും തീവ്രഗതിയിലാവുന്നത്. തൊഴിലാളി കർഷകവർഗങ്ങളുടെയും സാധാരണക്കാരുടെയും ഭൗതിക ജീവിത പ്രശ്നങ്ങളെ മുൻനിർത്തിയുള്ള സമരങ്ങളിലൂടെയും അതിനായുള്ള വിശാലമായ ജനകീയ ഐക്യം വളർത്തി കൊണ്ടുമാണ് വർഗീയ ഭീകരതയെ പ്രതിരോധിക്കാനാവൂ. •

## ഇസ്ലാം വിരുദ്ധത മാരക രൂപം കൈവരിച്ചു : നോംചോംസ്കി



**ഇന്ത്യയിൽ ഇസ്ലാം വിരുദ്ധത അതിന്റെ ഏറ്റവും മാരക രൂപം കൈവരിച്ചതായി വിഖ്യാത പണ്ഡിതൻ നോം ചോംസ്കി. ഇസ്ലാമോഫോബിയ രാജ്യത്ത് അതിവേഗത്തിൽ പിടിമുറുക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. മോദി സർക്കാർ ജനാധിപത്യ സംവിധാനങ്ങളെ അതിവിദഗ്ധമായി മുസ്ലീം വിരുദ്ധതയ്ക്കായി ഉപയോഗപ്പെടുത്തുന്നു. പടിഞ്ഞാറൻ രാജ്യങ്ങളിൽ ഉടനീളം വളർന്നുകൊണ്ടിരിക്കുന്ന ഇസ്ലാമോഫോബിയയുടെ പത്തോളജി ഇന്ത്യയിൽ അതിന്റെ ഏറ്റവും മാരകമായ രൂപം കൈക്കൊള്ളുകയാണ്. മോദിസർക്കാർ ആസൂത്രിതമായി ഇന്ത്യൻ മതേതര ജനാധിപത്യത്തെ തകർക്കുകയും രാജ്യത്തെ ഒരു ഹിന്ദു വംശീയതയാക്കി മാറ്റുകയും ചെയ്യുന്നു.**

# ലേബർ കോഡുകൾ പിൻവലിക്കാൻ സ്വകാര്യ ബില്ല്

## രാജ്യസഭയിൽ അവതരിപ്പിച്ച് എളമരം കരീം എംപി

തൊഴിലാളി വിരുദ്ധമായ ലേബർ കോഡുകൾ പിൻവലിക്കാനുള്ള സ്വകാര്യബിൽ എളമരം കരീം എംപി രാജ്യസഭയിൽ അവതരിപ്പിച്ചു. രാജ്യത്ത് നിലവിലുള്ള മുഴുവൻ തൊഴിൽ നിയമങ്ങളെയും ഏകീകരിച്ചുകൊണ്ട് കേന്ദ്രസർക്കാർ 4 ലേബർ കോഡുകൾ പാസാക്കിയിരുന്നു. കോഡ് ഓൺ വേജസ്, ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, കോഡ് ഓൺ സോഷ്യൽ സെക്യൂരിറ്റി, ഒക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത് ആൻഡ് വർക്കിങ് കണ്ടീഷൻസ് കോഡ് എന്നീ നിയമങ്ങൾ പാസാക്കുന്ന ഘട്ടത്തിൽ തന്നെ അവയ്ക്കെതിരെ വ്യാപക പ്രതിഷേധം ഉയർന്നിരുന്നു. തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്ന ഭൂരിഭാഗം വകുപ്പുകളും ഇല്ലാതാക്കുന്നതും തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷാ പദ്ധതികളും ക്ഷേമ പദ്ധതികളും അവസാനിപ്പിക്കുന്നതുമാണ് ലേബർ കോഡുകളിലെ വ്യവസ്ഥകൾ. ഇതിനെതിരെ രാജ്യത്താകമാനം തൊഴിലാളി സംഘടനകൾ ഒറ്റക്കെട്ടായ സമരത്തിലാണ്.



തൊഴിലാളികളുടെ കൂട്ടായ വിലപേശലിനുള്ള എല്ലാ സാധ്യതകളും ഇല്ലാതാക്കുന്ന ലേബർ കോഡുകൾ മുതലാളിമാരുടെയും കോർപ്പറേറ്റുകളുടെയും താല്പര്യം സംരക്ഷിക്കാൻ മാത്രം ലക്ഷ്യമിട്ട് തയ്യാറാക്കപ്പെട്ടവയാണ്. ഈ നാല് കോഡുകളും പിൻവലിച്ചുകൊണ്ട് നിലവിലുള്ള തൊഴിൽ നിയമങ്ങളെ കൂടുതൽ മികവുറ്റതും തൊഴിലാളികൾക്കനുകൂലമായതുമാക്കിമാറ്റാനുള്ള ഇടപെടലുകളാണ് സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത്. ലേബർ കോഡുകൾക്കെതിരെ രാജ്യത്തൊട്ടാകെ നടക്കുന്ന പ്രക്ഷോഭങ്ങൾക്ക് ലേബർ കോഡുകൾ പിൻവലിക്കാനുള്ള സ്വകാര്യബിൽ അവതരണം ശക്തിപകരുമെന്ന് എളമരം കരീം പറഞ്ഞു. ഇന്ത്യൻ ശിക്ഷാ നിയമത്തിലെ രാജ്യദ്രോഹത്തെ സംബന്ധിച്ച വകുപ്പായ 124 A റദ്ദാക്കാനുള്ള സ്വകാര്യബില്ലും എളമരം കരീം അവതരിപ്പിക്കുകയുണ്ടായി.



# സിൽവർ ലൈനിന് അന്തിമ അനുമതി നൽകണം

സിൽവർ ലൈനിന് കേന്ദ്രം എത്രയും വേഗം അന്തിമ അനുമതിയും ആവശ്യമായ സാമ്പത്തിക സഹായവും നൽകണമെന്ന് രാജ്യസഭയിൽ സിപിഐഎം കക്ഷിനേതാവ് എളമരം കരീം ആവശ്യപ്പെട്ടു. കേന്ദ്രസംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ കെറെയിൽ സമർപ്പിച്ച പദ്ധതി നിർദ്ദേശത്തിന് റെയിൽവേ മന്ത്രാലയം തത്വത്തിൽ അംഗീകാരം നൽകി. കേരളം വിശദമായ ഡിപിആർ 2020 ജൂണിൽ സമർപ്പിച്ചു. ഭൂമി ഏറ്റെടുക്കലിന് അടക്കം പ്രാഥമിക നടപടി ആരംഭിച്ചു. ഡിപിആറിന് റെയിൽമന്ത്രാലയത്തിന്റെ അന്തിമ അനുമതി ലഭിച്ചാൽ അഞ്ചുവർഷത്തിനകം പദ്ധതി പൂർത്തീകരിക്കാം. നിർമാണഘട്ടത്തിൽ നേരിട്ടും അല്ലാതെയും അരലക്ഷം പേർക്കും പ്രവർത്തനം തുടങ്ങിയശേഷം 11,000 പേർക്കും തൊഴിൽ ലഭിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# എൽ.ഐ.സി. വിൽപ്പനയും പോളിസി ഉടമസ്ഥരും



തോമസ് ഐസക്ക്

**വിദേശനിക്ഷേപ കമ്പനികൾക്ക് എൽ.ഐ.സി. ഷെയർ വാങ്ങാൻ അനുവാദംനൽകാൻ പോകുകയാണ്. ഇനി ഇൻഷുറൻസ് റെഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റി എന്തെങ്കിലും ഇടങ്കോലിട്ടാലോ? അതുണ്ടാവില്ലെന്ന് ഉറപ്പുവരുത്താൻ ഒമ്പതുമാസമായി ഈ അതോറിറ്റിയുടെ ചെയർമാൻസ്ഥാനം ആരെയും നിയമിക്കാതെ ഒഴിച്ചിട്ടിരിക്കുകയാണ്. ഇതുവരെ എൽ.ഐ.സി. സ്വകാര്യവത്കരണം ജീവനക്കാരുടെ പ്രശ്നമായിരുന്നു. ഇനിമേൽ അത് 49 കോടി പോളിസി ഉടമകളുടെ കാര്യമാണ്.**




എൽ.ഐ.സി. പൊൻമുട്ടയിടുന്ന താറാവാണ്. അഞ്ചുകോടി രൂപയാണ് 64 വർഷംമുമ്പ് കേന്ദ്രസർക്കാർ മുതൽമുടക്കിയത്. ഇപ്പോൾ 38 ലക്ഷം കോടി രൂപയുടെ ആസ്തിയുണ്ട്. അറ്റാദായത്തിന്റെ അഞ്ചുശതമാനമാണ് കേന്ദ്രസർക്കാരിന് ഡിവിഡന്റായി കൊടുക്കുക. ഇതുവരെ 28,965 കോടി രൂപ ഡിവിഡന്റായി നൽകിയിട്ടുണ്ട്. ലോകത്തെ ഏറ്റവും വലിയ ഇൻഷുറൻസ് കമ്പനിയാണ്.

എൽ.ഐ.സി.യുടെ 10 ശതമാനം ഓഹരി വിൽക്കാനുള്ള തയ്യാറെടുപ്പുകൾ പൂർത്തിയായിരിക്കുന്നു. 49 ശതമാനം ഓഹരിവരെ വിൽക്കാൻ നിയമഭേദഗതി ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള സ്വകാര്യവത്കരണം എങ്ങനെയാണ് എൽ.ഐ.സി.യുടെ 49 കോടി വരുന്ന പോളിസി ഉടമകളെ ബാധിക്കാൻ പോകുന്നത്?

### പോളിസി ബോണസ് അപ്രത്യക്ഷമാകും

പോളിസി ഉടമകളുടെ ട്രസ്റ്റുപോലെയാണ് എൽ.ഐ.സി. പ്രവർത്തിക്കുന്നത്. എൽ.ഐ.സി.യുടെ ഭീമാകാരമായ ഫണ്ട് പോളിസി ഉടമസ്ഥർ നൽകിയിട്ടുള്ള പ്രീമിയത്തിൽനിന്നും ഉണ്ടാക്കിയിട്ടുള്ളതാണ്.

അവർ നൽകിയിരിക്കുന്ന ഫണ്ട് നല്ല രീതിയിൽ നിക്ഷേപിച്ച് അതിൽനിന്നും കിട്ടുന്ന ലാഭത്തിൽ വാർഷികലാഭത്തിന്റെ അഞ്ചുശതമാനം ഓഹരി ഉടമസ്ഥനായ കേന്ദ്രസർക്കാരിനു നൽകും. ബാക്കി 95 ശതമാനവും പോളി ഉടമസ്ഥർക്ക് ബോണസായി നൽകുന്നു. രണ്ടുപതിറ്റാണ്ടുമുമ്പ് സ്വകാര്യ ഇൻഷുറൻസുകാർ വന്നപ്പോൾ അഞ്ചുശതമാനം ലാഭംകൊണ്ട് പ്രവർത്തിക്കാനാവില്ലെന്ന് അവർ ശഠിച്ചു. അങ്ങനെ ഓഹരി ഉടമസ്ഥന്മാരുടെ വിഹിതം 10 ശതമാനമായി ഉയർത്തി. ഇത് ഇനിയും ഉയർത്തണമെന്നാണ് അവരുടെ വാദം.

### സ്വകാര്യകമ്പനികളും ബോണസ് നൽകുന്നുണ്ടല്ലോ

എൽ.ഐ.സി.യുടെ 80 ശതമാനം പോളിസികളും സമ്പാദ്യവുമായി ബന്ധപ്പെടുത്തിക്കൊണ്ടുള്ള പാർട്ടിസിപ്പേറ്റിങ് പോളിസികളാണ്. എന്നുവെച്ചാൽ റിസ്ക് കവറേജിനുപുറമേ നിശ്ചിതകാലയളവിൽ അവർ നൽകിയ പ്രീമിയത്തിലെ സമ്പാദ്യത്തിന്റെ ഒരുഭാഗം അവർക്കുതന്നെ




**ഇന്ത്യൻ റെയിൽവേ കഴിഞ്ഞാൽ ഏറ്റവുമധികം ഭൂസ്വത്ത് ഉള്ള എൽ.ഐ.സി.യുടെ വാല്വേഷൻ 15 ലക്ഷം കോടി രൂപയാണത്രേ. ഷെയർ വാങ്ങുന്ന ഇൻവെസ്റ്റർക്ക് തങ്ങൾക്ക് എന്ത് ലാഭം കിട്ടുമെന്നതിലാണ് ശ്രദ്ധ. ഇങ്ങനെ ഇൻവെസ്റ്റേഴ്സിന്റെ ലാഭകോണിൽ നിന്നുകൊണ്ട് കണക്കുകൂട്ടുന്നതിനെയാണ് എംബഡഡ് വാല്യു എന്നു വിളിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ എൽ.ഐ.സി.യുടെ എംബഡഡ് വാല്യു നാലുലക്ഷം കോടി രൂപയേ വരൂ.**

തിരിച്ചുനൽകും. അത്തരത്തിൽ സമ്പാദ്യഘടകം ഇല്ലാത്ത നോൺ പാർട്ടിസിപ്പേറ്റിങ് പോളിസികളുണ്ട്. സ്വകാര്യ കമ്പനികളുടെ 6570 ശതമാനം പോളിസികളും ഇത്തരത്തിലുള്ളവയാണ്. രണ്ടാമതു പറഞ്ഞ ഇനം പോളിസികൾക്ക് ലാഭവിഹിതമായി ബോണസ് ഇല്ല. എൽ.ഐ.സി. യാവട്ടെ ഇങ്ങനെയുള്ള പോളിസികളിൽനിന്നും ഉണ്ടാക്കുന്ന ലാഭവും പാർട്ടിസിപ്പേറ്റിങ് പോളിസികൾക്ക് ബോണസായി വിതരണം ചെയ്യുന്നു. സ്വകാര്യ മുതലാളിമാർകൂടി എൽ.ഐ.സി. യുടെ ഉടമസ്ഥരായിവരുമ്പോൾ മറ്റേത് സ്വകാര്യ കമ്പനികളെയുംപോലെ ലാഭം പരമാവധിയാക്കി ഓഹരി ഉടമസ്ഥർക്കു നൽകുന്ന ഒരു കമ്പനിയായി എൽ.ഐ.സി. മാറും. നഷ്ടം പോളിസി ഉടമസ്ഥർക്കായിരിക്കും.

## സമ്പാദ്യങ്ങൾ അരക്ഷിതാവസ്ഥയിൽ

ഇന്ന് പോളിസി ഉടമസ്ഥർക്ക് അവരുടെ പ്രീമിയത്തിന് സമ്പൂർണ സുരക്ഷിതത്വമുണ്ട്. അതിന് സർക്കാർ ഗാരന്റിയുണ്ട്. എന്നാൽ, സ്വകാര്യ ഓഹരി ഉടമസ്ഥർകൂടി വരുമ്പോൾ ഈ ഗ്യാരന്റി ഉണ്ടാവില്ല. ഫലം പോളിസി ഉടമസ്ഥരുടെ അരക്ഷിതാവസ്ഥയായിരിക്കും. 1990നും 2020നും ഇടയ്ക്ക് അമേരിക്കയിൽ 82 ഇൻഷുറൻസ് കമ്പനികൾ പൊളിഞ്ഞു. 130 രാജ്യങ്ങളിൽ ഒരുലക്ഷത്തോളം ജീവനക്കാരുമായി 7700 കോടി ഡോളറിന്റെ ടേണോവറുണ്ടായിരുന്ന അമേരിക്കൻ ഇന്റർനാഷണൽ ഗ്രൂപ്പ് ലോകത്തെ ഏറ്റവും വലിയ ഇൻഷുറൻസ് കമ്പനിയായിരുന്നു. 2008ലെ ധനകാര്യ കുഴപ്പത്തിൽ ഈ കമ്പനി അടച്ചുപൂട്ടി. ഇത്തരമൊരു അരക്ഷിതാവസ്ഥയാണ് ഇന്ത്യയിലെ പോളിസി ഉടമസ്ഥരെ കാത്തിരിക്കുന്നത്.

## ഗ്രാമീണ ചെറുകിടമേഖല അവഗണനയിൽ

പാവപ്പെട്ടവരും സാധാരണക്കാരും അവഗണിക്കപ്പെടും. 2020-21ൽ എൽ.ഐ.സി.യുടെ ശരാശരി പോളിസി പ്രീമിയം 16,156 രൂപയായിരുന്നു. സ്വകാര്യമേഖലയുടേത് 89,004 രൂപയും.

സ്വകാര്യമേഖല വൻകിട പോളിസി ഉടമസ്ഥന്മാരിലാണ് കൂടുതൽ ശ്രദ്ധിക്കുന്നതെന്നു വ്യക്തം. നഗരമേഖലയും. 2020-21ൽ സ്വകാര്യ ഇൻഷുറൻസ് കമ്പനികളുടെ 78 ശതമാനം ബ്രാഞ്ചുകളും ഒരുലക്ഷത്തിലേറെ ജനസംഖ്യയുള്ള നഗരങ്ങളിലായിരുന്നു. എൽ.ഐ.സി.യിൽ ഇത് 37 ശതമാനമേ വരൂ. 20,000ത്തിൽ താഴെ ജനസംഖ്യയുള്ള ചെറുപട്ടണങ്ങളിലാണ് 24 ശതമാനം ബ്രാഞ്ചുകൾ. സ്വകാര്യ ഇൻഷുറൻസുകാരുടെ മൂന്നുശതമാനത്തിൽ താഴെ ബ്രാഞ്ചുകളേ ഇവിടങ്ങളിലുള്ളൂ. സ്വകാര്യവത്കരണത്തിന്റെ ഫലമായി ഗ്രാമീണമേഖലയും ചെറുകിട പോളിസി ഉടമസ്ഥരും അവഗണിക്കപ്പെടും.

## പാവങ്ങളുടെ സാമൂഹികസുരക്ഷ

കേരളമൊഴികെ മഹാഭൂരിപക്ഷം ഇന്ത്യക്കാർക്കും യാതൊരുവിധത്തിലുള്ള സാമൂഹികസുരക്ഷിതത്വവലയവുമില്ല. അവർക്കായി ഒട്ടേറെ സാമൂഹികസുരക്ഷാ പദ്ധതികൾ എൽ.ഐ.സി. നടപ്പാക്കുന്നുണ്ട്. 330 രൂപയ്ക്ക് രണ്ടുലക്ഷം രൂപയുടെ കവറേജ് നൽകുന്ന പി.എം. ജീവൻ ജ്യോതി ഭീമാ യോജനയിൽ 1.50 കോടി ഗുണഭോക്താക്കളുണ്ട്. പി.എം. വയ വന്ദനം യോജന ഒരു നിശ്ചിത ഡെപ്പോസിറ്റിന്റെ അടിസ്ഥാനത്തിൽ മാസംതോറും പെൻഷൻ നൽകുന്ന പരിപാടിയാണ്. അടൽ പെൻഷൻ യോജന എന്നത് അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് അവർ മാസംതോറും പെൻഷൻ നൽകുന്ന പരിപാടിയാണ്. അടൽ പെൻഷൻ യോജന എന്നത് അസംഘടിതമേഖലയിലെ തൊഴിലാളികൾക്ക് അവർ മാസംതോറും അടയ്ക്കുന്ന ഒരു ചെറിയ പ്രീമിയത്തിന് പെൻഷൻ നൽകുന്ന പദ്ധതിയാണ്.

ഇതുപോലെ 13 തരം പെൻഷൻ സ്കീമുകൾ എൽ.ഐ.സി. ഫണ്ട് ലിമിറ്റഡിന്റെ കീഴിലുണ്ട്. ഇതിനെല്ലാം പുറമേ സ്വയംസഹായ സംഘങ്ങൾ വഴി മൈക്രോ ഇൻഷുറൻസിനുള്ള പദ്ധതിയുമുണ്ട്. സ്വകാര്യവത്കരണം ക്രോസ് സബ്സിഡി ഇല്ലാതാക്കും. ഇത്തരം പദ്ധതികളെല്ലാം അവതാളത്തിലാകും.

### പോളിസി ഉടമസ്ഥരെ കബളിപ്പിക്കൽ

2019-20ൽ അൺഫെയർ ബിസിനസ് പ്രാക്ടീസസ് പരാതികൾ (ബിസിനസ് നടത്തിപ്പിലെ തട്ടിപ്പുകൾ) 43,444 ആയിരുന്നു. അവയിൽ 90 ശതമാനവും സ്വകാര്യകമ്പനികളുമായി ബന്ധപ്പെട്ടവയാണ്. മൊത്തം ഇൻഷുറൻസ് ഇടപാടുകളുടെ 34 ശതമാനമേ സ്വകാര്യമേഖലയുടേതായിട്ടുള്ളൂവെന്നത് ഓർക്കുക. സ്വകാര്യകമ്പനികളുടെ ഇടപാടുകളുടെ സിംഹഭാഗവും ബാങ്ക് ഓഫീസുകൾ വഴിയാണ്. എൽ.ഐ.സി.ക്കാവട്ടെ 13.50 ലക്ഷം ഏജന്റുമാരുമുണ്ട്. എന്നിട്ടും എൽ.ഐ.സി.ക്കാണ് താരതമ്യേന ചെലവുകുറവ്. 2020-21ൽ ഓപ്പറേറ്റിങ് ചെലവുകൾ പ്രീമിയത്തിന്റെ 8.68 ശതമാനമേ വരൂ. സ്വകാര്യകമ്പനികളുടേതാവട്ടെ ഈ തോത് 11.72 ശതമാനവുമാണ്.

### ഇരിക്കുന്ന കൊമ്പ് മുറിക്കുന്നവർ

കേന്ദ്രസർക്കാരിന് മേൽപ്പറഞ്ഞ സാമൂഹിക പ്രത്യാഘാതങ്ങളെക്കുറിച്ച് ചിന്തയില്ല. ഇന്ന് എത്ര കോടി ഷെയർ വിറ്റുകിട്ടും എന്നതിനെക്കുറിച്ചു മാത്രമാണ് ചിന്ത.എൽ.ഐ.സി. ഇപ്പോൾ 38 ലക്ഷം കോടി രൂപ സെക്യൂരിറ്റികൾ, ഷെയറുകൾ, പശ്ചാത്തല സൗകര്യങ്ങൾ തുടങ്ങിയവയിൽ നിക്ഷേപിച്ചിട്ടുണ്ട്. വൈദ്യുതി, പാർപ്പിടം, കുടിവെള്ളം, റോഡ്, റെയിൽവേ തുടങ്ങിയ സാമൂഹികപശ്ചാത്തലസൗകര്യങ്ങളിൽ 2090-21ൽ എൽ.ഐ.സി.യുടെ നിക്ഷേപം 26,322 കോടി രൂപയായിരുന്നു.

താരതമ്യേന താഴ്ന്ന പലിശയാണ് ഈ നിക്ഷേപങ്ങൾ മുഴുവൻ. എന്നാൽ, സ്വകാര്യ ഉടമസ്ഥന്മാർ കൂടുതൽ പലിശയോ ലാഭമോ കിട്ടുന്ന നിക്ഷേപങ്ങളിലേക്ക് എൽ.ഐ.സി.യെ മാറാൻ നിർബന്ധിക്കും. ഇന്ന് കേന്ദ്രസംസ്ഥാന സർക്കാരുകൾക്ക് ഉറപ്പായും ലഭ്യമായ ഒരു വായ്പാ സ്രോതസ്സാണ് ഇല്ലാതാവുക.

### വിൽപ്പന ഉറപ്പാക്കാൻ

2021-22ൽ 1.75 ലക്ഷം കോടി രൂപയാണ് പൊതുമേഖലാ സ്വകാര്യവത്കരണത്തിലൂടെ സമാഹരിക്കാൻ കേന്ദ്രസർക്കാർ ലക്ഷ്യമിട്ടത്. പക്ഷേ, ഇതുവരെ 9240 കോടി രൂപയ്ക്കുള്ള പൊതുസ്വത്തേ വിൽക്കാൻ കഴിഞ്ഞിട്ടുള്ളൂ. ഈ നാണക്കേട് മറയ്ക്കാൻ എൽ.ഐ.സി. ഓഹരി വിറ്റേപറ്റൂ. ഇതു വിജയിക്കുമെന്നുറപ്പിക്കാൻ ഓഹരിവില താഴ്ത്തി നിശ്ചയിക്കാനും മടിക്കില്ലെന്ന് വിദഗ്ധർ ആശങ്കപ്പെടുന്നു. വിദേശനിക്ഷേപ കമ്പനികൾക്ക് എൽ.ഐ.സി. ഷെയർ വാങ്ങാൻ അനുവാദംനൽകാൻ പോകുകയാണ്. ഇനി ഇൻഷുറൻസ് റെഗുലേറ്ററി ഡെവലപ്മെന്റ് അതോറിറ്റി എന്തെങ്കിലും ഇടങ്കോലിട്ടാലോ? അതുണ്ടാവില്ലെന്ന് ഉറപ്പുവരുത്താൻ ഒമ്പതുമാസമായി ഈ അതോറിറ്റിയുടെ ചെയർമാൻസ്ഥാനം ആരെയും നിയമിക്കാതെ ഒഴിച്ചിട്ടിരിക്കുകയാണ്. ഇതുവരെ എൽ.ഐ.സി. സ്വകാര്യവത്കരണം ജീവനക്കാരുടെ പ്രശ്നമായിരുന്നു. ഇനിമേൽ അത് 49 കോടി പോളിസി ഉടമകളുടെ കാര്യമാണ്.

### പൊൻമുട്ടയിടുന്ന താറാവിന് ഇറച്ചിവില

എൽ.ഐ.സി.യുടെ വാല്വേഷൻ പൂർത്തീകരിച്ചു. 15 ലക്ഷം കോടി രൂപയാണത്രേ മൂല്യം. പക്ഷേ, ഷെയർ വാങ്ങാൻപോകുന്ന ഇൻവെസ്റ്റർ ഈ മൂല്യമല്ല നോക്കുക. തങ്ങൾക്ക് എന്ത് ലാഭം കിട്ടുമെന്നതിലാണ് ശ്രദ്ധ. ഇങ്ങനെ ഇൻവെസ്റ്റേഴ്സിന്റെ ലാഭകോണിൽ നിന്നുകൊണ്ട് കണക്കുകൂട്ടുന്നതിനെയാണ് എംബഡഡ് വാല്യൂ എന്നു വിളിക്കുന്നത്. അങ്ങനെ നോക്കുമ്പോൾ എൽ.ഐ.സി.യുടെ എംബഡഡ് വാല്യൂ നാലുലക്ഷം കോടി രൂപയേ വരൂ. ഈ കണക്കുകൂട്ടലുകളെല്ലാം ഊഹാപോഹങ്ങളാണ്. പൊതു മണ്ഡലത്തിൽ കൃത്യമായ വിവരങ്ങളില്ല. ഇന്ത്യൻ റെയിൽവേ കഴിഞ്ഞാൽ ഏറ്റവുമധികം ഭൂസ്വത്ത് ഉള്ള പൊതുമേഖലാ സ്ഥാപനമാണ് എൽ.ഐ.സി. ഇവയെല്ലാം എങ്ങനെയാണ് പരിഗണിച്ചിരിക്കുന്നതെന്ന് അറിയില്ല.•


## എൽഐസിയെ സംരക്ഷിക്കാനായി കേരളം ഒറ്റക്കെട്ട്

**ഓഹരി വിൽപ്പന അവസാനിപ്പിക്കുക**

**മാർച്ച് 13ന് എറണാകുളത്ത് ജനകീയ സമരപ്രഖ്യാപന സംസ്ഥാന കൺവൻഷൻ**
**പോളിസി ഉടമകളും ജീവനക്കാരും ബഹുജനങ്ങളും ഒന്നിക്കുന്നു.**




**കോവിഡ് മഹാമാരി സൃഷ്ടിച്ച തീരാവേദനകൾക്ക് ആശ്വാസം ലഭിക്കാതെ ലോകം ഭയചകിതരായി നിൽക്കുമ്പോഴാണ് 2022ലെ സാർവദേശീയ വനിതാദിനം ആഗതമാകുന്നത്. ഉള്ള തൊഴിലും വരുമാനവും നഷ്ടപ്പെട്ടും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസവും ആരോഗ്യപരവുമായ വേർതിരിവ് കൂടുതൽ വിടവ് സൃഷ്ടിച്ചും സാമ്പത്തിക പ്രതിസന്ധിയുടെ ആഴവും പരപ്പും കരകാണാക്കടലായി തിരതല്ലുന്ന കാലഘട്ടം ഇവിടെയാണ് 2021ലെ വനിതാദിനത്തിന് തൊഴിലാളിവർഗ്ഗം ഉയർത്തിയ "ലിംഗ സമത്വ ലോകം" എന്ന ആശയത്തിന്റെ പ്രസക്തി.**



കെ.എൻ.ഗോപിനാഥ്

## മാർച്ച് 8

# സമരം പൂക്കേണ്ട കാലത്തെ സാർവദേശീയ വനിതാദിനം

സ്ത്രീ സമത്വത്തിന്റെ പ്രസക്തി അനുദിനം ചർച്ച ചെയ്യപ്പെടുന്ന കാലഘട്ടത്തിലാണ് ഇപ്രാവശ്യത്തെ സാർവദേശീയ വനിതാദിനം മാർച്ച് 8 ആഗതമാകുന്നത്. സ്ത്രീകളുടെ ഇടപെടൽ വഴി നാം ജീവിതത്തിൽ നേടിയ നേട്ടങ്ങൾ അനുസ്മരിക്കുകയും വിലമതിക്കുകയും ചെയ്യുന്ന പ്രത്യേക ദിവസത്തിന്റെ പ്രസക്തി വലുതാണ്. സ്ത്രീ ഒരു ടീച്ചർ, വീട്ടു ജോലിക്കാരി, സാമ്പത്തികവിദഗ്ധ, എഞ്ചിനീയർ, ഗവേഷക, തൊഴിലാളി സ്കീംവർക്കർ, കർഷക എന്നിങ്ങനെ എതുരംഗത്താണെങ്കിലും വിശ്വാസം, നിശ്ചയദാർഢ്യം, അനന്തമായ കരുത്ത് ഇവകൊണ്ട് അനുസ്യൂതം ലോകത്തെതന്നെ പുതിയൊരു ഇടമാക്കിമാറ്റിക്കൊണ്ടിരിക്കുകയാണ്. പുരുഷമേധാവിത്വത്തിന്റെ സാമൂഹ്യ അടിച്ചമർത്തലുകളിൽ നിന്നും വേർതിരിവുകളിൽ നിന്നും മോചനം തേടുന്ന സ്ത്രീസമൂഹം വൻശക്തിയായി ആധുനിക ലോകത്തിലേക്കുള്ള മാറ്റത്തിന്റെ സംഘശക്തിയായി മാറുന്ന കാലം അടുക്കുകയാണ്. സാർവദേശീയ വനിതാദിനം അതുകൊണ്ടുതന്നെ ലോകത്തിന്റെ സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക, രാഷ്ട്രീയ നേട്ടങ്ങളുടെ ദിനമായി ലോകത്തെമ്പാടുമുള്ള സ്ത്രീകൾ ആഘോഷമാക്കുകയാണ്. സ്ത്രീസമത്വം അഥവാ അവസരസമത്വത്തിനു വേണ്ടിയുള്ള പോരാട്ടത്തിന്റെ ദിനം കൂടിയാണ് മാർച്ച് 8. എല്ലാ സ്ത്രീകളും തൊഴിലാളികളും മാർച്ച് 8 ന് യോജിച്ച ഒത്തുചേരലുകളും ആഘോഷറാലികളും സംഘടിപ്പിച്ച് സ്ത്രീസമത്വത്തിന് വേണ്ടി അണിനിരക്കുന്നു.

കോവിഡ് മഹാമാരി സൃഷ്ടിച്ച തീരാവേദനകൾക്ക് ആശ്വാസം ലഭിക്കാതെ ലോകം ഭയചകിതരായി നിൽക്കുമ്പോഴാണ് 2022ലെ സാർവദേശീയ വനിതാദിനം ആചരിക്കേണ്ടത്. ഉള്ള തൊഴിലും വരുമാനവും നഷ്ടപ്പെട്ടും കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസവും ആരോഗ്യപരവുമായ വേർതിരിവ് സൃഷ്ടിച്ചും സാമ്പത്തിക പ്രതിസന്ധിയുടെ ആഴവും പരപ്പും കരകാണാക്കടലായി തിരതല്ലുന്ന കാലഘട്ടം. ഇവിടെയാണ് 2021- ലെ വനിതാദിനത്തിന് തൊഴിലാളിവർഗ്ഗം ഉയർത്തിയ "ലിംഗ സമത്വലോകം" എന്ന ആശയത്തിന്റെ പ്രസക്തി ഇപ്പോഴും നിലനിൽക്കുകയാണ്. ലിംഗസമത്വം എന്നത് സങ്കുചിത പുരുഷമേധാവിത്വവാദികൾക്ക് ദഹിക്കാത്ത കാര്യമാണ്. തൊഴിലാളിവർഗത്തിനാണ് ലിംഗ സമത്വം സാധൂകരിക്കുന്ന ഒരു ലോകം കെട്ടിപ്പടുക്കാനാകുക. സ്ത്രീകൾക്ക് ഭയാശങ്കകളില്ലാതെ ജോലി ചെയ്യാൻ, സമ്പത്തുണ്ടാക്കുവാൻ, ആശയവിനിമയം നടത്താൻ, ആവിഷ്കാരത്തിന്, വിശ്രമത്തിനും വിനോദത്തിനും അവസരം ലഭിക്കുവാൻ ലിംഗസമത്വം അനിവാര്യമാണ്. പരിഷ്കൃത സമൂഹത്തിലെ ചില സ്ത്രീസംഘടനകളും ഫെമിനിസ്റ്റ് വാദികളും, ചില എൻജിഒകളും

പലപ്പോഴും പൊങ്ങച്ചവേദികളും പരമാവധി സ്ത്രീകളുടെ ശരീരരാഷ്ട്രീയവും മാത്രമാണ് ചർച്ചയാക്കുന്നതും ഉയർത്തിപ്പിടിക്കുന്നതും. വർഗരാഷ്ട്രീയം ഇതിൽ നിന്നും വ്യത്യസ്തമാണ്. സ്ത്രീകൾ ഉൾപ്പെടെ തൊഴിലാളിവർഗത്തിന്റെ ജീവിതത്തിന്റെ രാഷ്ട്രീയമാണത്.

വർഗപ്രസ്ഥാനത്തിനും, തൊഴിലാളിവർഗത്തിനും മാത്രമേ സ്ത്രീകളുടെ അവസരസമത്വത്തിന്റെ പ്രാധാന്യം ഉൾക്കൊള്ളുവാനാകൂ. സംഘടിത തൊഴിലാളിവർഗം വർഗസമരങ്ങളിലൂടെ വരേണ്യവർഗത്തിന്റെ ആധിപത്യത്തിനെതിരെ നടത്തുന്ന ഏതൊരു നീക്കവും സ്ത്രീകൾക്കെതിരായ അടിച്ചമർത്തലുകളെ പ്രതിരോധിക്കുവാൻ ശേഷിയുള്ളതാകും. 2022ലെ ലോക വനിതാ ദിനത്തിന്റെ ഹാഷ്ടാഗ് അതുകൊണ്ടു തന്നെ "വെല്ലുവിളികൾക്കെതിരെ സമരങ്ങൾ പൂക്കുന്ന കാലഘട്ടം" സാർവദേശീയ വനിതാദിനം2022" എന്നതായിരിക്കണം.

സ്ത്രീകളുടെ ഉന്നമനത്തിന് വ്യത്യസ്ത പദ്ധതികൾ അനിവാര്യമാണ്. സാങ്കേതിക വൈദഗ്ധ്യമുള്ള സ്ത്രീകളുടെ നേട്ടങ്ങൾ, കണ്ടുപിടുത്തങ്ങൾ, കായികകലാസാംസ്കാരിക മേഖലയിലെ സ്ത്രീകളുടെ കൈയ്യൊപ്പുകൾ, വിദ്യാഭ്യാസ ആരോഗ്യമേഖലയിലെ സ്ത്രീകളുടെ പ്രതിരോധനിരയും ഇടപെടലുകളും, സ്ത്രീകളുടെ മറ്റ് സർഗാത്മകമായ കഴിവുകൾ ഇത്തരം ലോകമാതൃകകൾ പ്രചരിപ്പിക്കുവാനാകണം.

1900 കാലഘട്ടത്തിലാണ് സാർവദേശീയ വനിതാദിനം ആചരിക്കപ്പെടാൻ തുടങ്ങിയത്. വ്യാവസായിക വിപ്ലവത്തിന്റെ കുതിച്ചുചാട്ടത്തിന്റേതായിരുന്നു കാലഘട്ടം. ജനസംഖ്യയും കുതിച്ചുയർന്നു. സമൂലമായ ആശയങ്ങൾ വളർന്ന കാലം. 1908ൽ സ്ത്രീകൾക്കെതിരായ അടിച്ചമർത്തൽ അസമത്വം അവസാനിപ്പിക്കണമെന്ന ചർച്ച ന്യൂയോർക്ക്, യൂറോപ്പ്, ലാറ്റിൻ അമേരിക്ക തുടങ്ങിയ രാജ്യങ്ങളിൽ ഉയർന്നു വന്നു. 15000 സ്ത്രീകൾ ന്യൂയോർക്ക് പട്ടണത്തിൽ മാർച്ച് ചെയ്തു. മെച്ചപ്പെട്ട കൂലി, ജോലി സമയം വെട്ടിച്ചുരുക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, കൂലി അസമത്വം പരിഹരിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തി അതേകാലഘട്ടത്തിൽ ആദ്യമായി ആസ്ട്രിയ, ഡെൻമാർക്ക്, ജർമ്മനി, സ്വിറ്റ്സർലാന്റ് എന്നീ രാജ്യങ്ങളിൽ 1908 മാർച്ച് 19 ന് ഉജ്വലമായ റാലികൾ സംഘടിപ്പിക്കപ്പെട്ടു. 1913, 1914 ൽ റഷ്യയിൽ ഫെബ്രുവരി 23 ന് ആദ്യമായി വനിതാദിനം ആചരിച്ചു. പിന്നീടാണ് മാർച്ച് 8 ന് ലോകത്തെല്ലായിടത്തും വനിതാദിനം ആചരിക്കാൻ തെരഞ്ഞെടുത്തത് 1975 മാർച്ച് 8 ന് ഐക്യരാഷ്ട്രസഭ ആദ്യമായി ആചരിച്ചതിന് ശേഷമാണ്.

സാർവദേശീയ വനിതാദിനത്തിന് മൂന്ന് പ്രധാന കളറുകൾ നൽകിയിട്ടുണ്ട്. പർപ്പിൾ, ഗ്രീൻ, വൈറ്റ് എന്നിങ്ങനെ. പർപ്പിൾ കളർ നീതി, അന്തസിനെ കുറിക്കുന്നു. ഗ്രീൻ പ്രതീക്ഷയെക്കുറിക്കുന്നു. വൈറ്റ് ശുദ്ധതയെയും കുറിക്കുന്നു. എന്നാൽ ഈ കോമ്പിനേഷൻ സംബന്ധിച്ച് തർക്കങ്ങളും ഉടലെടുത്തു. കളറുകളുടെ ഉറവിടം 1908 ൽ ഇംഗ്ലണ്ടിൽ പ്രവർത്തിച്ചിരുന്ന വുമൺ സോഷ്യൽ ആന്റ് പൊളിറ്റിക്കൽ യൂണിയൻ അംഗീകരിച്ച കളറുകൾ എന്ന നിലയിലായിരുന്നു.

വനിതാദിനം ലോകത്തെ ഏതെങ്കിലും ഒരു രാജ്യത്തിനോ സംഘടനകൾക്കോ, വിഭാഗങ്ങൾക്കോ മാത്രമായിട്ടുള്ളതല്ല. എന്നാൽ ലോകത്തെമ്പാടുമുള്ള സ്ത്രീകൾക്ക് മാത്രമായുള്ളതാണ്. അതുകൊണ്ടുതന്നെ സ്ത്രീകൾക്കെതിരായ അടിച്ചമർത്തൽ അവസാനിപ്പിക്കുവാനുള്ള മുൻകൈ സ്ത്രീകൾ തന്നെ ഏറ്റെടുക്കേണ്ടി വരുന്നു. എന്നാൽ ട്രേഡ് യൂണിയനുകളുടെയും മറ്റ് വർഗപ്രസ്ഥാനങ്ങളുടെയും കടമയാണ് സ്ത്രീകൾക്ക് അവസരസമത്വം നേടിക്കൊടുക്കുക എന്നത്.

കോവിഡ് കാലത്ത് ഇന്ത്യയിൽ സ്ത്രീകൾ ചെയ്യുന്ന ജോലികൾ 16.1% കുറവു വന്നു. ലോകത്തിലെ ഏറ്റവും കുറഞ്ഞ സ്ത്രീ തൊഴിലുകളുള്ള രാജ്യങ്ങളിൽ ഒന്നാണ് ഇന്ത്യ എന്നാണ് ലോകബാങ്കിന്റെ വെളിപ്പെടുത്തൽ. ആകെ ജോലികളിൽ മൂന്നിൽ ഒന്ന് മാത്രമേ സ്ത്രീകൾക്ക് ലഭിക്കുന്നുള്ളൂ. ശ്രീലങ്കയിൽ ആകെ തൊഴിലുകളിൽ 33.7% സ്ത്രീകൾക്കുള്ളപ്പോൾ 30.5% ബംഗ്ലാദേശിലുള്ളപ്പോൾ ഇന്ത്യയിൽ 2019 ൽ ഇത് 20.3% മാത്രമായിരുന്നു. വീട്ടുവേല. ചെറുകിട ഫാക്ടറികളിലെ തൊഴിൽ, നിർമ്മാണം, സ്കീമുകൾ, കാർഷികമേഖല, തൊഴിലുറപ്പ് എന്നിങ്ങനെ കോവിഡ് ദുരന്തം വിതച്ച സെക്ടറുകളിലെ അസംഘടിത-അനൗപചാരിക മേഖലകളിലാണ് ഇന്ത്യയിൽ സ്ത്രീകൾ കാര്യമായി ജോലി ചെയ്യുന്നത്.

2020-21 സെപ്റ്റംബറിലെ കണക്ക് പ്രകാരം സ്ത്രീകളിലെ തൊഴിലില്ലായ്മ നിരക്ക് 15.8% എത്തിനിൽക്കുന്നു. അതേസമയം പുരുഷന്മാരുടേത് 12.6 ശതമാനം ആണ്. ഇതരസംസ്ഥാനങ്ങളിൽ തൊഴിൽ ചെയ്തിരുന്ന അതിഥിതൊഴിലാളികൾക്കും അതിൽ സ്ത്രീതൊഴിലാളികൾക്ക് അവരുടെ തൊഴിൽ തിരിച്ചു കിട്ടിയിട്ടില്ല. കേന്ദ്രസർക്കാരിന്റെ പദ്ധതിതൊഴിലുകളായ തൊഴിലുറപ്പ്, ആഷ, അംഗൻവാടി, സ്കൂൾ പാചകം അടക്കം

സ്കീംതൊഴിലാളികൾ സർവശിക്ഷ അഭിയാൻ, നാഷണൽ റൂറൽഹെൽത്ത് മിഷൻ എന്നീ രംഗങ്ങളിൽ കേന്ദ്രബഡ്ജറ്റിൽ (2022) വലിയ അളവിൽ ഫണ്ട് വെട്ടിക്കുറച്ചിരിക്കുന്നു. ലക്ഷക്കണക്കിന് സ്ത്രീതൊഴിലാളികൾക്ക് കേന്ദ്രസംസ്ഥാന സർക്കാരുകളുടെ പാലിയേറ്റീവ്, സ്കൂൾ കൗൺസിലേഴ്സ്, കുടുംബശ്രീ ഓഡിറ്റർമാർ, ഡാറ്റ എൻട്രി ഓപ്പറേറ്റർമാർ തുടങ്ങിയ രംഗങ്ങളിൽ പദ്ധതി തൊഴിലുകൾ ലഭ്യമായിട്ടുണ്ട്. എങ്കിലും അത്തരം ജീവനക്കാരെ തൊഴിലാളികളായി അംഗീകരിക്കാനോ തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുവാനോ സർക്കാരുകൾ ഒന്നും ചെയ്യുന്നില്ല. താരതമ്യേന കേരളത്തിലെ എൽ.ഡി.എഫ് സർക്കാർ അനുവദിക്കുന്ന ക്ഷേമ ആനുകൂല്യങ്ങൾ മാത്രമായിരുന്നു ആശ്വാസം.

തൊഴിലിടങ്ങളിലെ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയുന്നതിനും തൊഴിലുടമകൾ കാര്യമായ ഇടപെടലുകൾ നടത്തുന്നില്ല എന്നത് ഒരു വസ്തുതയാണ്. സിനിമ, വ്യവസായം, അനൗപചാരികമേഖല, ജിഗ്‌വർക്കേഴ്സ് ഈ രംഗങ്ങളിൽ ഒരു പരാതിപരിഹാര സെല്ലുകളൊ, മറ്റ് നിയമനടപടികളൊ ഇന്ത്യയിൽ തന്നെ പല സംസ്ഥാനത്തും നടപ്പിലാക്കിയിട്ടില്ല. സിനിമാമേഖലയെ ഒരു വ്യവസായമായി കണക്കാക്കി മഹാരാഷ്ട്ര, തമിഴ്നാട്, പശ്ചിമബംഗാൾ തുടങ്ങിയ സംസ്ഥാനങ്ങളിൽ മാത്രമാണ് പോഷ്ആക്ട് 2013 നടപ്പിലാക്കിയിട്ടുള്ളത്. ഇൻഡസ്ട്രിയൽ കംപ്ലെയിന്റ് കമ്മിറ്റി (ഇപ്പോൾ ഐ സി) ജില്ലാകളക്ടർമാർക്ക് ചുമതലയുള്ള ലോക്കൽക്കമ്മിറ്റികൾ (എൽസി) എല്ലാതലങ്ങളിലുമുണ്ടെങ്കിലും ദിലീപും ഇരയായ സ്ത്രീയും തമ്മിലുള്ള പ്രശ്നങ്ങൾ പോലെയുള്ള സംഭവങ്ങൾ ഇതിനേക്കാൾ ഗൗരവത്തിൽ പരിശോധിക്കപ്പെട്ടേനെ.

യു.പിയിലെ ബൽവാരിദേവി എന്ന സർക്കാർ ജീവനക്കാരി ശൈശവവിവാഹത്തിനെതിരെ വിരൽ ചൂണ്ടിയതിനെതിരെ വധൂഗൃഹത്തിലെ കുടുംബാംഗങ്ങളും ഗുണ്ടകളും ബൽവാരിദേവിയെ കൂട്ടബലാൽസംഗം ചെയ്ത കേസ് "വൈശാഖ' എന്ന പറയുന്ന സംഘടന സുപ്രീംകോടതിയിൽ എത്തിച്ചാണ് 2013 ൽ പോഷ് ആക്ട് നടപ്പിലാക്കുവാൻ കേന്ദ്രസർക്കാർ നിർബന്ധിതമായത്. 2013 ൽ തന്നെ ചട്ടവും പാസാക്കി. അടിയന്തിരമായി എല്ലാ സംസ്ഥാനങ്ങളും നടപ്പിലാക്കാനായി കർശനനിർദേശവും നൽകിയെങ്കിലും ഒമ്പത് വർഷം പിന്നിട്ടിട്ടും നിയമം നടപ്പിലാക്കുന്നതിന്റെ ബാലാരിഷ്ടതകൾ ഏറെയാണ്. എവിടെയും ഇത് ചർച്ചചെയ്യപ്പെടുന്നില്ല. ഇത്തരം ഉദാസീനതകൾക്കെതിരെ പ്രതികരിക്കേണ്ടത് സ്ത്രീസംഘടനകളുടെ മാത്രം ഉത്തരവാദിത്വമല്ല. സ്വാതന്ത്ര്യം ലഭിച്ച് 74 വർഷം പിന്നിടുമ്പോഴും ഇന്ത്യ സ്വതന്ത്രപരമാധികാര റിപ്പബ്ലക്കായിട്ട് 72 വർഷം പിന്നിടുമ്പോഴും സ്ത്രീസംവരണം പ്രഗൽഭ രാഷ്ട്രീയ പാർട്ടികൾ പോലും മാറ്റി നിർത്തുന്നു. പ്രധാനമന്ത്രി കസേരയിൽ ഇന്ദിരാഗാന്ധി ഇരുന്ന ഒരു രാജ്യത്താണ് ഈ സ്ഥിതിവിശേഷം എന്നത് ഗൗരവമാണ്.

രാജ്യത്തെ ജനസംഖ്യയിൽ പകുതിയോളം സ്ത്രീകളാണ്. ജനപ്രാതിനിധ്യനിയമപ്രകാരം ആകെ വോട്ടർമാരിൽ ഏറെക്കുറെ സ്ത്രീകളാണ്. എല്ലാ തലങ്ങളിലും സ്ത്രീകൾക്ക് തുല്യപ്രാതിനിധ്യം അഥവാ സംവരണം ഉറപ്പാക്കാതെ ഇന്ത്യൻ ജനാധിപത്യം എങ്ങിനെയാണ് നീതിപൂർവമാകുക. നവീന ഇന്ത്യയുടെ നിർമ്മിതിയിൽ ഏറെ കഴിവുള്ള സ്ത്രീകൾക്കും അവരുടേതായ പങ്ക് നിർവഹിക്കാനുണ്ട് എന്നത് വിസ്മരിച്ചുകൂടാ. ഇന്ത്യയുടെ ആളോഹരി വരുമാനവളർച്ചയിൽ നിർണായകമായ സ്ഥാനം തൊഴിലാളിവർഗത്തിനും, കർഷക ജനസാമാന്യത്തിനുമുണ്ട്. ഈ വിഭാഗങ്ങളിൽ ഗണനീയമായ വിഭാഗം സ്ത്രീകളുമാണ്. അവകാശപോരാട്ടങ്ങൾക്ക് മുന്നിൽ പുരുഷന്മാരെപ്പോലെ തന്നെ തളരാതെ പോർമുഖത്ത് ധൈര്യംപകർന്ന് കൂടെ നിൽക്കുന്നവരാണ് സ്ത്രീകൾ.

അഹല്യരങ്കനേക്കർ, വിമലരണദിവെ, അരുണ അസഫ് അലി, ഉഷാതായ് ഡാങ്കേ, പാർവതി ബായി ഭോർ, പ്രഭാവതി ദാസ് ഗുപ്ത, ബീനാ ദാസ്, സക്കീനാ ബീഗം, സുശീലാഗോപാലൻ, കെ.ദേവയാനി, പ്രമീളപാണ്ഡെ, കെ.ആർ. ഗൗരിയമ്മ തുടങ്ങിയവരുടെ നേതൃത്വ ശക്തിയിൽ മുദ്രാവാക്യങ്ങൾ കൊണ്ട് പ്രകമ്പനം കൊണ്ട ഇന്ത്യയിലെ തൊഴിലാളിപ്രസ്ഥാനങ്ങളും മഹിളാപ്രസ്ഥാനങ്ങളും "വെല്ലുവിളികൾക്കെതിരെ സമരങ്ങൾ പൂക്കുന്ന കാലം" തൊട്ടറിയുവാൻ തളരാതെ പോർമുഖത്ത് ഉയർന്ന് വന്നുകൊണ്ടിരിക്കും. 21 ദേശീയപണിമുടക്കുകളുടെ ചരിത്രം സൃഷ്ടിച്ച ഇന്ത്യയിലെ തൊഴിലാളിവർഗവും ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളും 2021 സെപ്റ്റംബർ 27 ലെ തൊഴിലാളികർഷകഐക്യങ്ങളിൽ ഉയർന്ന ഭാരത ബന്ദിന് ശേഷം വീണ്ടുമിതാ 12 ആവശ്യങ്ങളെ മുൻനിർത്തി 2022 മാർച്ച് 28, 29 ന് ഐതിഹാസികമാകാൻ പോകുന്ന ദ്വിദിന ദേശീയ പണിമുടക്കിന് ഒരുങ്ങുകയാണ്. 2022 മാർച്ച് 8 ലെ സാർവദേശീയ വനിതാദിനം ലോകത്തെമ്പാടും പുതിയൊരു ചരിത്രം സൃഷ്ടിക്കുന്നതോടൊപ്പം വരാൻ പോകുന്ന ദ്വിദിന പണിമുടക്ക് സ്ത്രീ തൊഴിലാളികൾ ചരിത്ര വിജയമാക്കട്ടെ. .•

# സർഗ്ഗത്താളുകൾ



രാജീവ്ഗാന്ധി ആരോഗ്യ സർവകലാശാല ആയുർവേദ എംഡി (കൗമാരഭൃത്യം) പരീക്ഷയിൽ ഒന്നാം റാങ്ക് നേടിയ ഡോ:രാജശ്രീ ടി.ആർ, കാസർകോട് നുള്ളിപ്പാടി ഇ.എം.എസ് ഗ്രന്ഥാലയത്തിന്റെ ഉപഹാരം സ്വീകരിച്ചപ്പോൾ. സിഐടിയു സംസ്ഥാനസെക്രട്ടറി ടി.കെ.രാജന്റെ മകളാണ്.



തൃക്കാക്കര മുൻസിപാലിറ്റിയിലെ 42ാം ഡിവിഷനിൽ 140ാം വീട് നമ്പർ റിൻസി വില്ലയിൽ വെൽഡിംഗ് തൊഴിലാളിയായ റോബർട്ട് ഗോമസിന്റെ മകളായ റിൻസി ഗോമസ് 6ാം ക്ലാസ് മുതൽ ഹോക്കി രംഗത്ത് വരികയും 9ാം ക്ലാസ് മുതൽ കേരള സ്കൂൾസ് ഹോക്കി ടീമിലും, ജൂനിയർ വുമൺസ് നാഷണൽസിനു വേണ്ടിയും യൂണിവേഴ്സിറ്റിക്കു വേണ്ടിയും ജേഴ്സി അണിഞ്ഞു. തുടർന്ന് DITE കുറുപ്പുംപടിയിൽ 2 വർഷത്തെ ടീച്ചർ ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കി. താല്ക്കാലിക അധ്യാപികയായി സേവനം അനുഷ്ഠിച്ചു. 2019 ൽ ഗുജറാത്തിലെ വഡോദരയിൽ വച്ച് നടന്ന മാസ്റ്റേഴ്സ് വനിതാ ചാമ്പ്യൻഷിപ്പിൽ കേരളം ജേതാക്കളായി. 2022 ൽ ജപ്പാനിലെ കൻസായിൽ വെച്ചു നടക്കുന്ന വേൾഡ് മാസ്റ്റേഴ്സ് ഗെയിമിൽ പങ്കെടുത്തു. 2021 ഡിസംബറിൽ നേപ്പാളിൽ വെച്ച് നടന്ന നേപ്പാൾ ഹീറോ കപ്പിൽ ടീം ജേതാക്കളായി. 2020 ജൂലൈ മുതൽ ഏലൂർ നഗരസഭയിൽ താൽക്കാലിക ജീവനക്കാരിയായി സേവനം അനുഷ്ഠിച്ചു വരുന്നു. സിഐടിയു അംഗമാണ്.



2022 ൽ നടന്ന ഇന്ത്യൻ സിവിൽ സർവീസ് പരീക്ഷയിൽ 481ാം റാങ്ക് നേടി ഉജ്ജ്വല പോരാട്ടമാണ് തിരുവനന്തപുരം കരിക്കകം സ്വദേശിനിയായ അശ്വതി നടത്തിയത്. കെട്ടിട തൊഴിലാളിയും കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡംഗവുമായ ശ്രീപ്രേമകുമാറിന്റെയും, ശ്രീലതയുടെയും മകളാണ് അശ്വതി. നിലവിൽ ഐആർഎസ് ന് യോഗ്യത ലഭിച്ച അശ്വതി ഐഎഎസ് എന്ന സ്വപ്നസാക്ഷാത്കാരത്തിനായി വീണ്ടും തയ്യാറെടുക്കുകയാണ്.



കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാലയുടെ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിൽ നിന്ന് ത്രിവത്സര എൽ.എൽ.ബിയിൽ മൂന്നാം റാങ്ക് നേടിയ കെ.വി.വിനോദ് കുമാർ. എറണാകുളം ജില്ലയിൽ അമ്പലമുകൾ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിലെ സിഐടിയു അഫിലിയേറ്റഡ് യൂണിയനായ എച്ച്ഒസി വർക്കേഴ്സ് യൂണിയൻ (സിഐടിയു) ജനറൽ സെക്രട്ടറിയായി പ്രവർത്തിച്ച കാലയളവിലാണ് സഖാവ് റാങ്കോടെ നിയമബിരുദം നേടിയത്. നിലവിൽ ഹിന്ദുസ്ഥാൻ ഓർഗാനിക് കെമിക്കൽസിൽ ഓഫീസർ കാറ്റഗറിയിൽ ജോലി ചെയ്യുന്നു.

ടോക്കിംഗ് PoINT

# മിനിമം കൂലി സംവിധാനം തകർക്കുന്നു

**2022 മാർച്ച് 28, 29 തീയതികളിൽ ഇന്ത്യയിലെ തൊഴിലാളികൾ ഒന്നടങ്കം, കർഷകർ ഉൾപ്പെടെയുള്ള ജനവിഭാഗങ്ങളുടെ വലിയ പിന്തുണയോടെ ഒരു ദ്വിദിന പണിമുടക്കിലേക്ക് നീങ്ങുകയാണ്. പണിമുടക്കുമായി ബന്ധപ്പെട്ട് ഉയർത്തുന്ന വിവിധ വിഷയങ്ങളിൽ സിഐടിയുവിന്റെ സമീപനം വ്യക്തമാക്കുന്ന ചില കുറിപ്പുകൾ, സിഐടിയു കേന്ദ്ര കമ്മിറ്റി ടോക്കിംഗ് പോയിന്റ് എന്ന പേരിൽ തയ്യാറാക്കിയിട്ടുണ്ട്. അതിന്റെ ചില ഭാഗങ്ങൾ ഈ ലക്കത്തിൽ ചേർക്കുന്നു.**

- വേതനമെന്നത് തൊഴിലാളികളെ മറ്റൊരു ദിനത്തിലേക്ക് തൊഴിലെടുക്കാനും പുതിയ ഒരു തൊഴിലാളിയെ സൃഷ്ടിക്കാനുമുള്ള ചെലവാണ്. അത് തൊഴിലാളിയുടെ കുടുംബത്തിന്സഹായകമായിട്ടുള്ളതും അതുവഴി കൂടുതൽ തൊഴിലാളികളെ സൃഷ്ടിക്കാനുമുള്ളതാണ്.

### നിലനിന്ന ആ നിയമത്തിന്റെ ഇന്നത്തെ അവസ്ഥയെന്താണ്?

- അസിം പ്രേംജി യുണിവേഴ്സിറ്റിയുടെ സെന്റർ ഫോർ സസ്റ്റൈയ്നബിൾ ഡവലപ്മെന്റ് റിപ്പോർട് പ്രകാരം സ്ഥിരവേതനം ലഭിക്കുന്നവരിൽ 57 ശതമാനത്തിനും 10000ൽ താഴെയാണ് വേതനം. എഴാം ശമ്പള കമീഷൻ നിശ്ചയിച് 18000 രൂപയെന്ന മിനിമം വേതനത്തിലും എത്രയോ കുറവാണിത്. കാഷ്വൽ തൊഴിലാളികളിൽ 84.3 ശതമാനത്തിനും പ്രതിമാസം ലഭിക്കുന്നത് 7500 രൂപയാണ്.

### സമ്പദ്ഘടനയിലെ തൊഴിലിന്റെ പങ്ക്

- വേജ് ഷെയർ അല്ലെങ്കിൽ ലേബർ ഷെയർ എന്നത് ദേശീയ വരുമാനത്തിന്റെ അല്ലെങ്കിൽ ഒരു പ്രത്യേക സാമ്പത്തിക മേഖലയിൽ വേതനത്തിനായി (തൊഴിലിനായി) അനുവദിക്കപ്പെട്ട പങ്കാണ്. ഈ പങ്കിൽ കുറവു വരുന്നു എന്നതിനർഥം മുതലാളിവർഗം കൂലി നൽകാത്ത തൊഴിലിന്റെ ഫലം തൊഴിലാളിവർഗത്തിൽനിന്ന് മുമ്പത്തെക്കാൾ കൂടുതൽ ഊറ്റിയെടുക്കുന്നു എന്നാണ്.
- ഇന്ദിരാ ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡവലപ്മെന്റ് റിസർച്ചിന്റെ പഠനത്തിൽ 1980ൽ 49 ശതമാനമായിരുന്ന ലേബർ ഷെയർ 2016ൽ 54 ശതമാനമായി കുറഞ്ഞു.
- അസമത്വം: ദേശീയ സമ്പത്തിന്റെ 77 ശതമാനവും 10 ശതമാനം ധനാഢ്യരുടെ കൈയിലാണ്. 2017ൽ സൃഷ്ടിക്കപ്പെട്ട സ്വത്തിന്റെ 73 ശതമാനവും ഒരു ശതമാനം ധനാഢ്യരിലേക്കാണ് പോയത്.

തൊഴിലാളിക്ക് സ്വന്തം അധ്വാനശക്തി മാത്രമേ ഉപജീവനത്തിനായി വിൽക്കാനുള്ളൂ. അത് ചെയ്യില്ലെങ്കിൽ അവർ പട്ടിണി ആകും. ക്രയ വസ്തുവായ മനുഷ്യാധ്വാനം, ഉത്പാദനോപാധികളുടെ ഉടമകളായ തൊഴിലുടമക്ക് വിൽക്കുമ്പോൾ നൽകുന്ന തുകയാണ് വേതനം എന്ന് പറയുന്നത്. ഈ പ്രക്രിയയിൽ ലഭിക്കുന്ന വേതനത്തെക്കാൾ മൂല്യമാണ് തൊഴിൽശക്തി സൃഷ്ടിക്കുന്നത്. ആ മൂല്യത്തിന്റെ ഒരു ഭാഗം മാത്രമാണ് തൊഴിലാളിക്ക് വേതനമായി ലഭിക്കുന്നത്, ശേഷിക്കുന്നതിനെ മിച്ച മൂല്യം എന്നാണ് വിളിക്കുന്നത്. ഈ മിച്ച മൂല്യമാണ് മുതലാളിയുടെ ലാഭത്തിന്റെ ഉറവിടം.





**മിനിമം കൂലി നിർണയിക്കുന്നതിന് ഒരു മാനദണ്ഡമോ ചട്ടമോ മുന്നോട്ടുവയ്ക്കുന്നില്ല. മാത്രവുമല്ല, രാജ്യത്താകമാനം അത് ബാധകമാകുന്നുമില്ല. നിശ്ചയിക്കപ്പെട്ട തൊഴിന് മാത്രമാണ് അത് ബാധകമാകുന്നത്. രാജ്യത്തെ ആകെ തൊഴിലാളികളിൽ പകുതി പേർക്കു പോലും അത് ബാധമാകുന്നില്ല. തൊഴിലാളികൾക്ക് മിനിമം കൂലി നൽകാൻ തയ്യാറാവാത്ത വ്യവസായങ്ങൾക്ക് തുടരാൻ അവകാശമില്ലെന്നാണ് രാജ്യത്തെ പരമോന്നത നീതിപീഠം (ക്രൗൺ അലുമിനിയം കേസ്, സുപ്രിംകോടതി വിധിന്യായം, 1958, 1എൽഎൽജെ) പ്രഖ്യാപിച്ചിട്ടുള്ളത്.**
**മിനിമം കൂലി നിശ്ചയിക്കുന്ന കാര്യത്തിൽ അത് നൽകാനുള്ള ശേഷി എന്ന വിഷയം അപ്രസക്തമാണെന്ന് നാഷണൽ കമീഷൻ ഓഫ് ലേബർ അതിന്റെ റിപ്പോർട്ടിൽ പറയുന്നുണ്ട്.**




- 1992 ൽ ഇന്ത്യയിലെ സമ്പന്നരായ ഒരു ശതമാനത്തിന്റെ വരുമാനത്തിന്റെ വിഹിതം 10.3 ശതമാനമായിരുന്നെങ്കിൽ താഴെയുള്ള 50 ശതമാനത്തിന്റേത് 10.3 ശതമാനമായിരുന്നു.
- 2018 ൽ സമ്പന്നരുടെ വിഹിതം 19.8 ശതമാനത്തിലേക്ക് ഉയരുകയും 50 ശതമാനം ദരിദ്രരുടെ വിഹിതം 13.1ശതമാനമായി താഴുകയും ചെയ്തു.
- **സമ്പത്തിന്റെ സമാഹരണം:** ഇന്ത്യയിലെ ശതകോടീശ്വരന്മാരുടെ സ്വത്ത് ലോക്ഡൗൺ കാലത്ത് 35 ശതമാനം വർധിച്ചു. 2009 മുതലുള്ള കണക്കു നോക്കിയാൽ വർധനവ് 90 ശതമാനമാണ്. മഹാമാരിക്കാലത്ത് രാജ്യത്തെ ഏറ്റവും സമ്പന്നനായ വ്യക്തിയുടെ വരുമാനംകൊണ്ട് 40 കോടി അസംഘടിത തൊഴിലാളികൾക്ക് അഞ്ചുമാസം പട്ടിണിമാറ്റാൻ ഉതകുമെന്നാണ് കണക്ക്.

## ദാരിദ്ര്യവും പട്ടിണിയും

- 116 രാജ്യങ്ങളുള്ള 2021ലെ ആഗോള പട്ടിണി സൂചികയിൽ ഇന്ത്യയുടെ സ്ഥാനം 101 ആണ്. ഇന്ത്യയിലെ ദാരിദ്ര്യരേഖ നിർണയിക്കുന്നത് പ്രതിദിന ആളോഹരി കലോറി ഉപഭോഗമായ 2200 കലോറി (മുതിർന്നവരെയും കുട്ടികളെയും ഒറ്റ യൂണിറ്റായാണ് കണക്കാക്കുന്നത്) ക്കു വേണ്ടിയുള്ള ചെലവിനുള്ള ശേഷി കണക്കാക്കിയാണ്.
- ഇന്ന് ഒരു വ്യക്തിക്ക് 2050 കലോറി വച്ച് നാലു പേരടങ്ങുന്ന കുടുംബത്തിന് 8100 കലോറി കണക്കാക്കി നിശ്ചയിക്കുന്ന മിനിമം കൂലി ഗ്രാമങ്ങളിലെ ദാരിദ്ര്യരേഖയ്ക്കും താഴെയാണ്നിൽക്കുന്നത്.
- നമ്മുടെ മിനിമം കൂലി നിയമമെന്നത് കുറഞ്ഞ കൂലി ഉറപ്പാക്കുന്നതിൽ ദയനീയമായി പരാജയപ്പെട്ടു എന്നു മാത്രമല്ല, എല്ലാ മേഖലയിലെയും തൊഴിലാളികളെ ദാരിദ്ര്യത്തിലേക്കും കഷ്ടപ്പാടിലേക്കും നയിക്കാൻ കാരണമാകുന്ന തരത്തിലുള്ള ദയാരഹിതമായ ചൂഷണം തടയാൻ പര്യാപ്തവുമല്ല.
- മിനിമം വേതനം നിർവചിക്കുന്നതിന് ചട്ടവും മാനദണ്ഡവും സംബന്ധിച്ച വിഷയത്തിൻമേൽ ട്രേഡ് യൂണിയനുകൾ നിരന്തരമായ സമരത്തിലാണ്. ഇതിന്റെ തുടർച്ചയായാണ് 1957ലെ 15ാം ഇന്ത്യൻ ലേബർ കോൺഫറൻസ് മിനിമം വേതനം നിശ്ചയിക്കുന്ന കാര്യത്തിൽ ഏകകണ്ഠമായ നിർദേശങ്ങൾ മുന്നോട്ടുവച്ചത്.
- മിനിമം കൂലി നൽകാനു ള്ള ശേഷിയില്ലെന്ന തൊഴിലുടമകൾ മുറവിളി കൂട്ടി. മിനിമം കൂലി നിശ്ചയിക്കുന്ന കാര്യത്തിൽ ഈ ശേഷി പരിഗണനാവിഷയമേ അല്ല.
- 2019ൽ ബിജെപി രണ്ടാമതും അധികാരത്തിൽ വന്നതോടെ മിനിമം കൂലി നിയമവയുമായി ബന്ധപ്പെട്ട എല്ലാ ഗുണപരമായ വശങ്ങളും നശിപ്പിക്കാൻ ആരംഭിച്ചു. കോർപറേറ്റ് യജമാനന്മാരെ സേവിക്കാനുള്ള

തത്രപ്പാടിൽ വേജ് കോഡ് നടപ്പാക്കി. മിനിമം കൂലി നിശ്ചയിക്കുന്നതിൽ നിയതവും ശാസ്ത്രീയവുമായ മാനദണ്ഡമോ ചട്ടമോ നിശ്ചയിക്കുന്നത്ഒഴിവാക്കിക്കൊണ്ടായിരുന്നു ഇത്.

- വേതനവും മിനിമം വേതനവും തമ്മിൽ ഒരു വ്യത്യാസവുമില്ലാതാക്കി. 'നാഷണൽ ഫ്ളോർ ലെവൻ വേജ്' എന്ന പേരിൽ താഴെ തട്ടിൽ മറ്റൊരു വേതനത്തിനായാണ് സർക്കാർ ശ്രമിക്കുന്നത്.
- മിനിമം വേതനം 26000 രൂപ ആക്കണമെന്ന ആവശ്യമാണ് ഇന്ന് കേന്ദ്ര ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി ഉയർത്തുന്നത്. മിനിമം വേതനം ഉപഭോക്തൃ വിലസൂചികയുമായി ബന്ധപ്പെടുത്തണമെന്ന് എല്ലാ ട്രേഡ് യൂണിയനുകളും ആവശ്യപ്പെടുന്നുണ്ട്.
- മിനിമം വേതനം 26000 രൂപയാക്കണമെന്ന ആവശ്യം തികച്ചും ന്യായയുക്തവും യുക്തിസഹവുമാണ്. സർക്കാർ അടിയന്തരമായി ഈ ആവശ്യം അംഗീകരിക്കണം.
- 2019 ലെ വേജ് കോഡ് സംബന്ധിച്ച കരടു ചട്ടങ്ങളിൽ ഉൾച്ചേർത്തിട്ടുള്ള മിനിമം കൂലി നിശ്ചയിക്കുന്നതു സംബന്ധിച്ച ഐഎൽസി മാർഗനിർദേശങ്ങൾ ഇനിയും വിജ്ഞാപനം ചെയ്യിട്ടില്ല. കോർപറേറ്റ് യജമാനൻമാരുടെ സമ്മർദമാണ് ഇതിന് കാരണം.
- മോഡി സർക്കാർ ഭരണഘടനയുടെ എല്ലാ വ്യവസ്ഥകളും കാറ്റിൽ പറത്തിക്കൊണ്ട് 2021 ജൂൺ മൂന്നിന് ഒരു വിദഗ്ധ സമിതിക്ക് രൂപം നൽകി. പ്രൊഫ. അജിത്ത് മിശ്ര അധ്യക്ഷനായ, മൂന്ന് വർഷം കാലാവധി നിശ്ചയിച്ച ഈ സമിതിയുടെ ദൗത്യം മിനിമം കൂലിയും നാഷണൽ ഫ്ളോർ ലവൽ മിനിമം കൂലിയും നിശ്ചയിക്കുന്നതിന് ശുപാർശ സമർപ്പിക്കുക എന്നതാണ്. ഈ സമിതിയിൽ തൊഴിലാളികളുടെ പ്രതിനിധികൾ ഇല്ല. സമിതി അധ്യക്ഷൻ പ്രൊഫ. മിശ്ര ഈയിടെ രാജിവച്ചതിനെ തുടർന്ന് സമിതി അഴിച്ചു പണിത് കൽക്കത്ത യൂണിവേഴ്സിറ്റിയിലെ പ്രൊഫ. എസ് പി മുഖർജിയെ ചെയർമാനായി നിയമിക്കുകയും ചെയ്യു. വിദഗ്ധ സമിതി അധ്യക്ഷൻ എന്ന നിലയ്ക്ക് യോഗം ചേരുന്നതിന് മുമ്പ് തന്നെ അദ്ദേഹം പരസ്യമായി പറഞ്ഞത് മിനിമം കൂലി നിശ്ചയിക്കാൻ ഒന്നിലേറെ (കലോറി അടിസ്ഥാനം ആക്കിയ മാനദണ്ഡം) തേടുമെന്നാണ്. കൂലി വർധന ഉണ്ടെങ്കിൽ തന്നെ അതിനെ ബിസിനസ്സിന്റെ കണ്ണിലൂടെയേ സമീപിക്കൂ എന്നും അദ്ദേഹം പറഞ്ഞു.
- മിനിമം കൂലിയും ദാരിദ്ര്യ രേഖയും കണക്കാക്കാൻ കലോറി അടിസ്ഥാനമാക്കിയുള്ള കണക്കുകൂട്ടൽ സംവിധാനം അട്ടിമറിക്കാനും നാഷണൽ ഫ്ളോർ ലെവൽ മിനിമം വേജിന് രൂപം നൽകി, മിനിമം കൂലി എന്ന ആശയം തകർക്കാനുമുള്ള ഇന്ത്യൻ ഭരണവർഗ പദ്ധതിയാണിത്.




**മിനിമം കൂലി നിശ്ചയിക്കുന്ന കാര്യത്തിൽ 15-ാം ഐഎൽസിയുടെ ശുപാർശകളുടെയും 46-ാമത്തെയും 47-ാമത്തെയും ഐഎൽസി യോഗങ്ങൾ അടിയവരയിട്ടു പറഞ്ഞ സുപ്രിം കോടതി നിർദേശങ്ങളുടെയും അടിസ്ഥാനത്തിലുള്ള ഒരു ഫോർമുലയാണ് The Draft (Central) Rules on Code on Wage 2019 -ൽ ഉൾച്ചേർത്തിരിക്കുന്നത്.**

1) മൂന്ന് യൂണിറ്റുകൾ (അതായത് രണ്ടു മുതിർന്നവരും രണ്ടുകുട്ടികളും ഉൾപ്പെടുന്ന) ഉള്ള തൊഴിലാളികുടുംബത്തിന്റെ ആളോഹരി ഭക്ഷ്യ ഉപഭോഗം 2700 കലോറി.
2) ഒരു വർഷത്തെ വസ്ത്ര ഉപഭോഗം കുറഞ്ഞത് 18 യാർഡ്.
3) കുറഞ്ഞ വരുമാനക്കാർക്കുള്ള സർക്കാരിന്റെ ഇൻഡ്സ്ട്രിയൽ ഹൗസിങ് സ്കീം നിശ്ചയിക്കുന്ന കുറഞ്ഞ വാടകയിലുള്ള താമസസൗകര്യം.
4) ഇന്ധനം, വെളിച്ചം, മറ്റു പലവക ചെലവുകൾ മൊത്തം മിനിമം കൂലിയുടെ 20 ശതമാനം.
5) മിനിമം കൂലി നിശ്ചയിക്കുമ്പോൾ വിദ്യാഭ്യാസം, മെഡിക്കൽ ചെലവുകൾ, വിനോദങ്ങൾ, പ്രായമുള്ളവർക്കുള്ള ചെലവുകൾ, വിവാഹങ്ങൾ എന്നിവയ്ക്ക് 1992ലെ സുപ്രിംകോടതി വിധി പ്രകാരം അധികമായി 25 ശതമാനം പരിഗണിക്കണം.

# ഓട്ടോ ടാക്സി തൊഴിലാളികളുടെ ഉപജീവന മാർഗം സംരക്ഷിക്കണം



ബിജെപി സർക്കാർ റോഡപകടങ്ങൾ കുറയ്ക്കാനെന്ന പേരിൽ മോട്ടോർ വെഹിക്കിൾസ് ഭേദഗതി നിയമം 2019 നടപ്പാക്കി. റോഡ് ട്രാൻസ്പോർട് തൊഴിലാളികളിൽ നിന്നും അവരുടെ സംഘടനകളിൽ നിന്നും ഇടതുപക്ഷ പാർട്ടികളിൽ നിന്നുമൊക്കെ ഉയർന്ന ശക്തമായ എതിർപ്പ് വകവയ്ക്കാതെ ആയിരുന്നു ഈ നിയമനിർമാണം. ട്രാൻസ്പോർട് തൊഴിലാളികൾക്ക് പൊതുവിലും ഓട്ടോറിക്ഷ തൊഴിലാളികൾക്ക് പ്രത്യേകിച്ചും ഈ നിയമം ആപൽക്കരമായ ഭവിഷ്യത്ത് സൃഷ്ടിക്കും.




- നവലിബറൽ കാലത്ത് സ്ഥിരം തൊഴിലിനുള്ള സാദ്ധ്യതകൾ കുറയുന്ന സാഹചര്യത്തിലാണ് കൂടുതൽ കൂടുതൽ യുവാക്കൾ ഉപജീവന മാർഗം തേടി ഓട്ടോ റിക്ഷകളും ടാക്സികളും ഓടിക്കുന്നത്.
- 90 ശതമാനം ഓട്ടോ ടാക്സി ഡ്രൈവർമാർ സ്വയം തൊഴിൽ കണ്ടെത്തിയവരാണ്. അവർ ഓടിക്കുന്നത് സ്വന്തം വാഹനങ്ങളാണ്. സ്വകാര്യ ഫിനാൻസ് സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്താണ് അവർ വാഹനം വാങ്ങുന്നത്. അവർക്ക് സാമ്പത്തിക പിന്തുണ നൽകാനോ വാഹനം വാങ്ങുന്നതിനു ബാങ്ക് വായ്പ ഏർപ്പാടാക്കി കൊടുക്കനോ സർക്കാർ തയ്യാറാകുന്നില്ല.
- ഈ മേഖലയിൽ മിക്കവാറും ആളുകൾക്ക് അവരുടെ ചെലവ് വർധിക്കുകയും വരുമാനം കുറയുകയും ചെയ്യുന്നു. നവ ലിബറൽ നയങ്ങൾ അടിച്ചേല്പിക്കപ്പെട്ടതോടെ പെട്രോൾ, ഡീസൽ വില നിയന്ത്രണം എടുത്തുകളഞ്ഞു. അതിന്റെ ഫലമായി ദിനംപ്രതിയെന്നോണം ഇന്ധനവില വർധിപ്പിക്കുന്നു.




- 2019 ജൂലായിൽ ഡൽഹിയിലെ ഡീസൽ വില 66 രൂപ 69 പൈസ ആയിരുന്നുവെങ്കിൽ 2022 ജനുവരിയിൽ വില 86 രൂപ 71 പൈസ ആയി വർധിച്ചു. അതായത് ലിറ്ററിന് ഇരുപത് രൂപയിലധികം വർധന.
- ഒരു ഓട്ടോ റിക്ഷ നൂറു കിലോമീറ്റർ ഓടണമെങ്കിൽ ശരാശരി അഞ്ചു ലിറ്റർ ഡീസൽ വേണം. അതായത് ഒരു ഓട്ടോ ഡ്രൈവർ പ്രതിദിനം നൂറു രൂപയിലധികം ഡീസലിനു മാത്രമായി ചെലവഴിക്കണം എന്നർത്ഥം.
- ഇൻഷുറൻസ് പ്രീമിയവും ഓരോ വർഷവും വർധിക്കുകയാണ്.
- 2014 ഏപ്രിലിൽ ഓട്ടോ റിക്ഷയുടെ വാർഷിക തേർഡ് പാർട്ടി ഇൻഷുറൻസ് പ്രീമിയം 1212 രൂപ ആയിരുന്നു. 2018 ഏപ്രിലിൽ അത് 2595 രൂപ. ഇപ്പോഴത് 5500 രൂപ മുതൽ 7500 രൂപ വരെ. ഏറ്റവും പുതിയ മോഡലുകൾക്ക് പ്രീമിയം 9500 രൂപ മുതൽ 12000 രൂപ വരെ ആയി. സ്വകാര്യ ഇൻഷുറൻസ് കമ്പനികൾക്ക് ലാഭം പരമാവധി വർധിപ്പിക്കുക എന്ന ഉദ്ദേശമാണ് പിന്നിലുള്ളത്.
- ഇൻഷുറൻസ് റെഗുലേറ്ററി അതോറിറ്റി (IRDA) ആണെങ്കിൽ പ്രീമിയം എത്ര ലഭിച്ചുവെന്നോ അപകടത്തിൽ മരണപ്പെട്ടവർക്ക് എത്ര തുക നഷ്ടപരിഹാരമായി നൽകിയെന്നു വെളിപ്പെടുത്താൻ തയ്യാറല്ല.

- ഡ്രൈവർമാർക്ക് ESI, PF പോലുള്ള ഒരു സാമൂഹിക സുരക്ഷാ ആനുകൂല്യങ്ങളും ഇല്ല.
- സർക്കാർ ഡീസൽ വിലയുടെ നിരന്തര വർധനയുമായി മീറ്റർ ചാർജ് നിർണയത്തെ ബന്ധപ്പെടുത്തി പരിഗണിക്കുന്നില്ല. മീറ്റർ നിരക്ക് കൃത്യമായ ഇടവേളകളിൽ പുതുക്കുന്നില്ല.
- അഗ്രഗേറ്റർ സമ്പ്രദായം നടപ്പാക്കുന്നതാണ് ഈ നിയമത്തിലെ പ്രധാന ഭേദഗതി. ഒറ്റവാഹന ഉടമകളെ ഇല്ലാതാക്കാനാണ് ഇതിലൂടെ സർക്കാർ ശ്രമിക്കുന്നത്. മൊത്തം ബിസിനസ്സും യൂബറും ഒലയും പോലുള്ള വൻകിട കോർപറേറ്റ് കമ്പനികൾക്ക് കൈമാറാനാണ് ഇത്തരമൊരു ഭേദഗതി. പല സംസ്ഥാനങ്ങളിലും യൂബറും ഒലയും മറ്റു അഗ്രഗേറ്റർ കമ്പനികളും ടാക്സി സേവനം മാത്രമല്ല ഓട്ടോറിക്ഷകളും ഓപ്പറേറ്റ് ചെയ്യാൻ ആരംഭിച്ചിരിക്കുന്നു.
- ഒല, യുബർ പോലുള്ള കമ്പനികളുമായി ബന്ധപ്പെട്ടു നിൽക്കുന്ന ഡ്രൈവർമാർക്ക് വാഹനത്തിന്റെ വായ്പ തിരിച്ചടയ്ക്കാനുള്ള വരുമാനം പോലും ലഭിക്കുന്നില്ല. ചില ഡ്രൈവർമാർ സമീപകാലത്തു ആത്മഹത്യ ചെയ്യുകപോലും ഉണ്ടായി.
- ഇന്ന് കൂടുതൽ യാത്രക്കാരെ ഉൾപ്പെടുത്താനായി ഭൂരിഭാഗം ഓട്ടോ റിക്ഷകളും ഷെയറിങ്/സർവീസ് സേവനങ്ങൾ ആണ് ഉപയോഗിക്കുന്നത്. മോട്ടോർ വാഹന ഭേദഗതി നിയമം ഈ ഡ്രൈവർമാർക്കെതിരെ കൂടുതൽ പിഴ ക്ഷണിച്ചു വരുത്താൻ ഇടയാക്കും.
- എല്ലാ അറ്റകുറ്റപ്പണികളും സർവീസുകളും അംഗീകൃത സർവീസ് സ്റ്റേഷനുകളിൽ നിന്ന് മാത്രമേ സാധ്യമാകൂ. സ്പെയർ പാർട്ടുകൾ പോലും ബ്രാൻഡഡ് കമ്പനികളുടേത് തന്നെ വാങ്ങണം. അംഗീകൃത സ്വകാര്യ ഏജൻസികളിൽ നിന്ന് കനത്ത ഫീസ് നൽകി ഫിറ്റ്നസ് സർട്ടിഫിക്കറ്റ് വാങ്ങേണ്ടി വരും. വലിയ ചെലവേറിയ കാര്യങ്ങൾ ആകുന്നതോടെ ഭൂരിഭാഗം ഡ്രൈവർമാർക്കും അത് അപ്രാപ്യമാകും.
- അപകടങ്ങൾ കുറയ്ക്കാനെന്ന പേരിൽ പിഴയും ശിക്ഷകളും വഴി വലിയ സാമ്പത്തിക ബാധ്യതയാകും ഡ്രൈവർമാർക്ക് ഉണ്ടാകുക.
- കോവിഡ് മൂലം പ്രതിസന്ധിയിലായ ഓട്ടോ ടാക്സി തൊഴിലാളികളുടെ വരുമാനം ഗണ്യമായി കുറയ്ക്കുന്നതാണ് മോട്ടോർ വാഹന ഭേദഗതി നിയമവും യുബർ / ഒല എന്നിവയുടെ കടന്നുകയറ്റവും.
- കോവിഡ് കാലത്ത് ലോക്ഡൗൺ നിയന്ത്രണങ്ങൾ വന്നതോടെ ഓട്ടോ ഡ്രൈവർമാർക്ക് അക്ഷരാർത്ഥത്തിൽ വരുമാനം നിലയ്ക്കുകയും കുടുംബത്തെ പുലർത്താൻ കഴിയാതെ വരികയും ചെയ്തു.
- ഇ എം ഐ അടയ്ക്കാൻ കഴിയാത്തതു മൂലം അസഹനീയമായ പീഡനങ്ങളാണ് സ്വകാര്യ ഫിനാൻസ് കമ്പനികളിൽ നിന്ന് അവർ നേരിടുന്നത്.



- ഓട്ടോ-ടാക്സി ഡ്രൈവർമാരുടെ ദുരിതം ഇരട്ടിയാക്കിക്കൊണ്ട് റോഡ് ഗതാഗത മന്ത്രാലയം ലൈസൻസിനും ലൈസൻസ് പുതുക്കലിനും ഫിറ്റ്നസ്സിനും ഉള്ള നിരക്കുകൾ അസാധാരണമാം വിധം വർധിപ്പിക്കുകയും ചെയ്തു. രാജ്യമാകെയുള്ള ക്രമസമാധാനപാലന സംവിധാനങ്ങൾ ഒക്കെയും ഈ തൊഴിലാളികളെ ക്രിമിനൽവൽക്കരിക്കാനാണ് ശ്രമിക്കുന്നത്.

---

- ഇഎസ്ഐ ആനുകൂല്യം ഓട്ടോ ഡ്രൈവർമാർക്കും റിക്ഷാ വലിക്കാർക്കും ബാധകമാക്കണമെന്നു 2015 ൽ നടന്ന നാൽപ്പത്താറാം ഇന്ത്യൻ ലേബർകോൺഫറൻസ് ശുപാർശ ചെയ്തിരുന്നു. ശുപാർശകൾ നടപ്പാക്കാൻ കോൺഗ്രസ് സർക്കാരോ മോഡി നയിക്കുന്ന ബിജെപി സർക്കാരോ തയ്യാറായിട്ടില്ല.

# ഇഎസ്ഐയെ രക്ഷിക്കൂ




2021 മാർച്ച് 31 വരെ ഇഎസ്ഐ (ഇൻഷുറൻസ്) പദ്ധതിയിൽ ഉൾപ്പെടുത്തപ്പെട്ട തൊഴിലാളികളുടെ എണ്ണം വെറും 3.39 കോടി മാത്രമാണ്. അതേസമയം ഇപിഎഫിലേക്ക് വിഹിതമടക്കുന്ന മൊത്തം തൊഴിലാളികളെ നോക്കിയാൽ (ഇരുപതോ അതിലധികമോ തൊഴിലാളികളെ നിയമിക്കുന്ന വലിയ കമ്പനികളിൽ നിന്നുള്ളവരെ കൂടി കൂട്ടിയ കണക്ക്) അത് 6.9 കോടിയുണ്ട്. ഇപിഎഫ് വരിക്കാരുടെ ഇരട്ടിയെങ്കിലും പേർ ഇഎസ്ഐ ഗുണഭോക്താക്കളായി ഉണ്ടാകേണ്ടതാണെന്ന് വ്യക്തം. ഇപിഎഫിന്റെ കാര്യത്തിൽപ്പോലും, തൊഴിലുടമകൾ അവരുടെ വിഹിതം നൽകാൻ തയ്യാറല്ലാത്തതിനാൽ 50 ശതമാനത്തിലേറെ യോഗ്യരായ തൊഴിലാളികൾ പടിക്കു പുറത്താണെന്നതും വസ്തുതയാണ്. ഇഎസ്ഐയിൽ എല്ലാവരേയും ഉൾപ്പെടുത്തണമെന്ന് എല്ലാ ട്രേഡ് യൂണിയനുകളും എത്രയോ കാലമായി ആവശ്യപ്പെടുന്നുമുണ്ട്.




- തൊഴിലാളിജീവിതങ്ങളുടെ ചിലവിൽ സ്വകാര്യ ആരോഗ്യ ഇൻഷുറൻസ് കമ്പനികളുടെ ഖജനാവ് നിറക്കാൻ വേണ്ടി മോദി ഭരണകൂടം ഇഎസ്ഐ തകർക്കാൻ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്.
- ഇന്ത്യയിലെ തൊഴിലാളികൾക്ക് ലഭ്യമായ സുപ്രധാന സാമൂഹ്യസുരക്ഷാ സംവിധാനമാണ് ഇഎസ്ഐ. സ്വാതന്ത്ര്യലബ്ധിയുടെ തൊട്ടുപിന്നാലെ 1948ൽ തന്നെ ഇഎസ്ഐ നിയമം നിലവിൽ വന്നു. ഈ നിയമമനുസരിച്ചാണ് ഇഎസ്ഐ കോർപ്പറേഷൻ (ഇഎസ്ഐസി) സ്ഥാപിതമായത്. ഫാക്ടറികളിലും സ്ഥാപനങ്ങളിലും ഉള്ള ജീവനക്കാർക്ക് പ്രസവപരിചരണം രോഗങ്ങൾക്കുള്ള വൈദ്യസഹായം എന്നിവ ലഭ്യമാക്കുക എന്നതായിരുന്നു നിയമത്തിന്റെ ലക്ഷ്യം.
- തൊഴിലാളികളും തൊഴിലുടമകളും അടയ്ക്കുന്ന പണത്തിലൂടെയുണ്ടാകുന്ന സഞ്ചിതനിധിയിൽ നിന്നാണ് നിയുക്തമായ എല്ലാ ആനുകൂല്യങ്ങളും നൽകുന്നതെന്നും ഓർക്കണം. ഇന്ത്യാഗവണ്മന്റ് ഇതിലേക്കായി ഒറ്റ പൈസ മുടക്കുന്നില്ല. എന്നിട്ടും മോദി ഭരണകൂടം ഈ സമാഹൃതനിധിയെ തന്നെ പൊളിച്ചുകളയാൻ സംഭാവനവിഹിതം 6.5 ശതമാനത്തിൽ നിന്ന് നാല് ശതമാനമായി കുറച്ചു.
- ഇഎസ്ഐ നിയമമനുസരിച്ച് പത്തോ അതിലധികമോ ജോലിക്കാരുള്ള സ്ഥാപനങ്ങളെല്ലാം ഈ പദ്ധതി കീഴിൽ വരാൻ യോഗ്യരാണ്. വേതനപരിധി 25000 രൂപയാക്കണമെന്ന ദീർഘപ്രക്ഷോഭത്തിനുശേഷം അൽപ്പകാലം മുമ്പ് അത് 21000 രൂപയാക്കി. എങ്കിലും തൊഴിലാളികളിൽ വലിയൊരു വിഭാഗം ഏതാണ്ട് 70 % ഇഎസ്ഐ ആനുകൂല്യങ്ങൾക്ക് അർഹരാണെങ്കിലും ഉൾപ്പെടുത്തപ്പെട്ടിട്ടില്ല. ആരോഗ്യ, വൈദ്യശുശ്രൂഷ രംഗങ്ങളിൽ നിയമപരമായി വലിയവിഭാഗം തൊഴിലാളികൾക്ക് ലഭ്യമാകുമായിരുന്ന ആനുകൂല്യങ്ങൾ നഷേധിക്കാനുള്ള കാരണം ഇഎസ്ഐ പദ്ധതിയിലേക്ക് തങ്ങളുടെ വിഹിതം അടയ്ക്കാൻ തൊഴിലുടമകൾ തയ്യാറല്ല എന്നുതന്നെ.
- റിക്ഷ വലിക്കുന്നവർ, സ്വയംതൊഴിൽ ചെയ്യുന്നവർ, നിർമാണത്തൊഴിലാളികൾ, റോഡ് ഗതാഗതജോലികൾ തുടങ്ങിയ അസംഘടിതതൊഴിലാളികളെയും സ്കീം വർക്കർമാരേയും സർക്കർ പദ്ധതികളിൽ ജോലി ചെയ്യുന്ന ലക്ഷക്കണക്കിന് പേർക്കുകൂടി ഇഎസ്ഐ ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാണ് 2015ൽ നടന്ന 46ാം ഇന്ത്യൻ ലേബർ കോൺഗ്രസ്സ് ശുപാർശ ചെയ്തത്.

- പരിരക്ഷയുള്ള സ്ഥാപനത്തിൽ ജോലിക്ക് ചേരുന്ന അന്നുമുതൽ തൊഴിലാളിക്കും ആശ്രിതർക്കും ഇഎസ്ഐ വൈദ്യപരിരണം ഉറപ്പുനൽകുന്നു. അതിനുപുറമെ രോഗം മൂലമുള്ള ശാരീരിക അവശതകൾ, താൽക്കാലികമോ സ്ഥിരമോ ആയ ശേഷി നഷ്ടങ്ങൾ, കുഞ്ഞ് പിറക്കൽ എന്നീ ഘട്ടങ്ങളിൽ അവർക്ക് വിവിധതരം സാമ്പത്തികസഹായങ്ങൾക്കും അർഹത നൽകുന്നു. വ്യാവസായിക അപകടങ്ങളോ പരിക്കുകളോ മൂലം മരണമടയുന്നവരുടെ ആശ്രിതർക്ക് പ്രതിമാസ പെൻഷനും അർഹതയുണ്ട്. തുച്ഛമായ സംഭാവനയ്ക്ക് പകരമായി ഇഎസ്ഐ വളരെയേറെ ആനുകൂല്യങ്ങൾ നൽകുന്നു. മെഡിക്ലെയ്മാണെങ്കിൽ ആശുപത്രിയിൽ കിടത്തിച്ചികിത്സ വേണ്ടിവരുന്ന നിശ്ചിതരോഗങ്ങൾക്ക് നിശ്ചിതതുക വരെയുള്ള ചികിത്സാച്ചിലവ് മാത്രമെ വഹിക്കുകയുള്ളൂ. ചിലവ് അതിലും കൂടിയാൽ രോഗിയായ കക്ഷി തന്നെ പണമടക്കണം. പ്രീമിയം, അഥവാ ഈ തുക കിട്ടാൻ വേണ്ടി തൊഴിലാളി കൊടുക്കുന്ന സംഭാവന, ഉറപ്പുതരുന്ന തുകയ്ക്കനുസരിച്ച് മാറും. മോദി സർക്കാരാണെങ്കിൽ ഇഎസ്ഐ യെ നിർബന്ധിതം എന്ന നിലയിൽനിന്ന് ഐച്ഛികം എന്ന നിലയിലേക്ക് മാറ്റണമെന്ന തൊഴിലുടമാസമ്മർദ ഗ്രൂപ്പുകളുടെ ഡിമാൻഡിന് വഴങ്ങാനൊരുങ്ങുകയുമാണ്.
- സാമൂഹ്യസുരക്ഷ ആനുകൂല്യങ്ങൾ വെട്ടിച്ചുരുക്കുക എന്ന നവലിബറൽ കർമപദ്ധതിയോടുള്ള അർപ്പണത്തിന്റെ ഭാഗമായി നരേന്ദ്ര മോദി നേതൃത്വം കൊടുക്കുന്ന ബിജെപി ഗവൺമെന്റ് അധികാരമേറ്റ ഉടൻ തന്നെ മെഡിക്കൽ ഇൻഷുറൻസ് കൊണ്ടുവന്ന് ഇഎസ്ഐയെ നീക്കാനുള്ള ശ്രമങ്ങളും ആരംഭിച്ചു. ഇഎസ്ഐ ക്ക് കീഴിൽ ലഭ്യമായ ആനുകൂല്യങ്ങൾ വെട്ടിക്കുറക്കാനുള്ള സംരംഭങ്ങൾ 2014 ജൂലായിൽ തന്നെ ഇഎസ്ഐ കോർപറേഷൻ ആരംഭിച്ചിരുന്നു.
- 2010ൽ ആരംഭിച്ച പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത തൊഴിലാളികൾക്ക് ചികിത്സ നിഷേധിക്കുകയാണ്. തൊഴിലാളിക്കോ ആശ്രിതനോ ഇഎസ്ഐയിൽ രജിസ്റ്റർ ചെയ്യുന്നതിനും മുമ്പ് വൃക്കരോഗങ്ങൾ, അർബുദങ്ങൾ എന്നിവ കണ്ടെത്തിയിട്ടുണ്ടെങ്കിൽ അതിനും ചികിത്സാനുകൂല്യങ്ങൾ നിഷേധിക്കുന്നു.
- 2019-20ലെ ഇഎസ്ഐസിയുടെ വാർഷിക വരവുചിലവ് കണക്കുകൾ നോക്കിയാൽ ചിലവ് കഴിഞ്ഞ് അധികവരുമാനം 9196 കോടി രൂപയാണെന്ന് മനസ്സിലാകും. 2019-20ലെയും 2020-21ലെയും കരുതൽ, നിക്ഷേപനിധി യഥാക്രമം 107,266.72 കോടിയും 116,253.32 കോടിയും വീതമായിരുന്നു.

**ഇപിഎഫിന്റെ കാര്യത്തിലെന്നപോലെ ഇഎസ്ഐ പദ്ധതിയും പൊളിച്ചുകളയണമെന്ന കാര്യത്തിൽ ബി.ജെ.പി. ഗവൺമെന്റ് നിശ്ചയിച്ചുറച്ചിരിക്കുകയാണ്. വർഷങ്ങളായി തൊഴിലാളികൾക്ക് ഗുണകരമായിരുന്ന ഈ രണ്ട് സാമൂഹ്യസുരക്ഷാ പദ്ധതികളും പൊളിച്ചുകളയാൻ ബിജെപി സർക്കാർ ഇറങ്ങിപ്പുറപ്പെട്ടിരിക്കുകയാണ്. പട്ടിയെ കൊല്ലുന്നതിനുമുമ്പ് അതിനെപ്പറ്റി ദോഷം പറഞ്ഞുപരത്തും എന്ന പഴഞ്ചൊല്ല് പോലെയായി കാര്യങ്ങൾ. ഇഎസ്ഐയോ ആരോഗ്യ ഇൻഷുറൻസോ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം തൊഴിലാളികൾക്ക് നൽകാൻ എന്ന പേരിൽ ഇക്കാലത്തിനിടയിൽ ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് സഹായമാവുകയും ആയിരക്കണക്കിന് തൊഴിലാളികളുടെയും അവരുടെ കുടുംബാംഗങ്ങളുടെയും ജീവൻ രക്ഷിക്കുകയും ചെയ്ത ഇഎസ്ഐ തന്നെ പൊളിച്ചടുക്കാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഇതെല്ലാം ഇന്ത്യയിലെയും വിദേശത്തെയും സ്വകാര്യ ഇൻഷുറൻസ് കമ്പനികളെ സഹായിക്കാൻ വേണ്ടി മാത്രവും.**



# മാധ്യമങ്ങളുടെ നിലപാടുകൾ




സമൂഹത്തെ മാറ്റുന്നതിൽ മാധ്യമങ്ങൾക്ക് വലിയ ഉത്തരവാദിത്തം നിർവഹിക്കാനുണ്ട്. മാധ്യമങ്ങൾ അത് നിർവഹിക്കുന്നുണ്ടോ? ഉത്തരവാദിത്തം നിർവഹിക്കാൻ മാധ്യമങ്ങളെ അനുവദിക്കുന്നുണ്ടോ? മാധ്യമങ്ങൾ എക്കാലത്തും മൂലധന വർഗ്ഗത്തിന്റെയും അതുവഴി അധികാരം കയ്യാളുന്ന ബൂർഷ്വാ പാർട്ടികളുടെ താല്പര്യമാണ് സംരക്ഷിക്കുന്നത്. വൻകിട പത്രങ്ങളും ടി വി ചാനലുകളും ബിജെപിയുടെയും ആർ എസ് എസ്സിന്റെയും ജിഹ്വകളായി മാറിയിരിക്കുന്നു.




- രാജ്യത്തിന് വേണ്ടി സമ്പത്ത് സൃഷ്ടിക്കുന്നതിൽ ഏറ്റവും പ്രധാന പങ്ക് വഹിക്കുന്ന തൊഴിലാളികൾക്കും കർഷകർക്കും കർഷകത്തൊഴിലാളികൾക്കും മുഖ്യധാരാ മാധ്യമങ്ങളിൽ ഒരിക്കലും ഇടം നൽകാറില്ല.
- 17,000 പത്രങ്ങളും 98,000 ആനുകാലികങ്ങളും രാജ്യത്തുണ്ട്. ഇവയ്ക്കെല്ലാമായി 49 കോടിയുടെ സർക്കുലേഷനും. രാജ്യത്തെ ടിവി ചാനലുകളുടെ എണ്ണം 900ൽ കൂടുതൽ വരും. ഇതിൽ പകുതിയും വാർത്താചാനലുകൾ. 210 ദശലക്ഷം വീടുകളിൽ ടെലിവിഷൻ ഉണ്ട്.
- ഇന്റർനെറ്റിന്റെയും മൊബൈൽ ഫോണിന്റെയും വ്യാപനത്തോടെ പലരും വാർത്തകൾ അറിയുന്നത് ഓൺലൈൻ വഴിയാണ്. ഫേസ്ബുക്കും വാട്സാപ്പും പോലുള്ള സമൂഹ മാധ്യമ പ്ലാറ്റ്ഫോമുകൾ വാർത്തകൾ കൈമാറുന്നതിൽ പ്രധാന പങ്കു വഹിക്കുന്നു.

### കോർപറേറ്റുകളുടെ ശ്വാസംമുട്ടിക്കൽ

- മുകേഷ് അംബാനിയാണ് റിലയൻസ് ഇൻഡസ്ട്രീസിന്റെയും അഞ്ച് വൻകിട വാർത്താ ചാനലുകളുടെയും ഉടമ. ക്രോസ് ഓണർഷിപ് കൂടുതൽ ആധിപത്യത്തിലേക്ക് നയിക്കും. ഒരു കമ്പനി തന്നെ വിവിധ തരം മാധ്യമ സ്ഥാപനങ്ങൾ നിയന്ത്രിക്കുന്നതിനെ ആണ് ക്രോസ് ഓണർഷിപ് എന്ന് പറയുന്നത്.




- ബെന്നറ്റ് ആൻഡ് കോൾമാൻ ആൻഡ് കമ്പനി ലിമിറ്റഡിന്റെ ഉടമസ്ഥതയിൽ ആണ് ടൈംസ് ഓഫ് ഇന്ത്യ, ഇക്കണോമിക്സ് ടൈംസ് തുടങ്ങിയ പത്രങ്ങളും ടൈം നൗ, ടൈംസ് നൗ നവഭാരത്, മിറർ നൗ എന്നീ വാർത്താ ചാനലുകളും മറ്റനേകം വിനോദ ചാനലുകളും പ്രസിദ്ധീകരണ ശാലകളും. സിനിമ നിർമാണ കമ്പനികളും ഈ ഗ്രൂപ്പിനുണ്ട്.
- സമ്പദ്ഘടന തകർന്നത് മറച്ചുവയ്ക്കാനാണ് മാധ്യമ ശ്രമം. പ്രധാനമന്ത്രിയും മറ്റു മന്ത്രിമാരും നൽകുന്ന സ്ഥിതിവിവര കണക്കുകൾ ഒരു പരിശോധനയും കൂടാതെ പകർത്തി വക്കുകയും ആ വ്യാജ വാർത്തകൾ സർക്കാരിന് വേണ്ടി പ്രചരിപ്പിക്കുകയും ചെയ്യുന്നു.
- സുദർശൻ ടിവി പോലുള്ള ചാനലുകൾ നഗ്നമായി മുസ്ലിം വിരുദ്ധത പ്രചരിപ്പിക്കുന്നു.
- വർഗീയ ധ്രുവീകരണം സൃഷ്ടിക്കാൻ രണ്ടു മാധ്യമ സ്ഥാപനങ്ങൾ നടത്തിയ ശ്രമങ്ങളെ തുറന്നു കാട്ടി 2018 ൽ കോബ്ര പോസ്റ്റ് പുറത്തു വിട്ട വാർത്ത അമ്പരപ്പിക്കുന്നതായിരുന്നു.

## പരസ്യം എന്ന പ്രധാന ബിസിനസ്

- ഇന്ത്യൻ മാധ്യമങ്ങളുടെ പരിണാമങ്ങളിൽ സർക്കാരിൽ നിന്നും കോർപറേറ്റുകളിൽ നിന്നുമുള്ള പരസ്യത്തിൽ നിന്നുള്ള കനത്ത വരുമാനത്തിന്റെ പങ്ക് അവഗണിക്കാനാവില്ല. അതുകൊണ്ടു തന്നെ മാധ്യമങ്ങളുടെ ആദ്യ പരിഗണന പരസ്യത്തിനായിരിക്കും.
- പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി പറഞ്ഞത് സർക്കാർ അനുകൂലമായ വാർത്ത നൽകിയില്ലെങ്കിൽ സർക്കാർ പരസ്യം നിഷേധിക്കുമെന്നാണ്.

## സർക്കാരിന്റെ പങ്ക്

- മാധ്യമങ്ങളുടെ കാര്യത്തിൽ സർക്കാരിന് രണ്ടു വിധം പങ്കാണ് വഹിക്കാനുള്ളത്. ഒരു വശത്തു അത് നിയന്ത്രണ സംവിധാനമാണ്. മറുവശത്തു പ്രസാർ ഭാരതി പോലെ കേന്ദ്ര വാർത്ത പ്രക്ഷേപണ മന്ത്രാലയത്തിന് കീഴിലുള്ള പൊതു സേവന പ്രക്ഷേപക സംവിധാനവും.
- നരേന്ദ്ര മോഡി പ്രധാനമന്ത്രി ആയതോടെ മാധ്യങ്ങളുടെ ഉള്ളടക്കത്തിൽ സർക്കാരിന്റെ നിയന്ത്രണം വർധിച്ചു. മോദിയെക്കുറിച്ചും അമിത് ഷായെക്കുറിച്ചും എത്രത്തോളം വാർത്തനൽകുന്നുണ്ടെന്ന് നിരീക്ഷിക്കാൻ 200 അംഗ ടീമിനെ നിയോഗിച്ചതായുള്ള വാർത്ത ഈയിടെ പുറത്തുവന്നിരുന്നു.
- അന്ധവിശ്വാസ പ്രചാരണം, പുരാണകഥകൾ, വ്യാജ വാർത്തകൾ എന്നിവയേയും സ്ത്രീകളെ ലൈംഗിക ഉപകരണങ്ങൾ ആക്കുകയും പുരുഷന്മാരേക്കാൾ താഴെയായി ചിത്രീകരീകരിക്കുന്നതിനെയും നിയന്ത്രിക്കാൻ ഒരു നിരീക്ഷണ സംവിധാനവും ഇല്ല.
- ഒരു പൊതു പ്രക്ഷേപണ സംവിധാനം എന്ന നിലയ്ക്ക് ആകാശവാണിയും ദൂരദർശനും എക്കാലവും സർക്കാരിന്റെ നാവായിട്ടാണ് പ്രവർത്തിച്ചത്. ഇത്തരം പൊതു സ്ഥാപനങ്ങളിലൂടെ ആർ എസ് എസ്സിന്റെ പ്രത്യയശാസ്ത്രം പ്രചരിപ്പിക്കപ്പെടുകയും ചെയ്യുന്നു.
- പ്രസ് കൗൺസിൽ, അക്രിഡിറ്റേഷൻ കമ്മിറ്റി പോലുള്ള നിയന്ത്രണ സംവിധാനങ്ങളും മോഡി സർക്കാരിന് കീഴിൽ റബ്ബർ സ്റ്റാമ്പായി മാറിയിരിക്കുന്നു.
- അർത്ഥപൂർണമായ മാധ്യമ പ്രവർത്തനം നടത്തുന്ന വെബ് സൈറ്റുകളെ വരുതിയിൽ നിർത്താനായി Information Technology (Intermediary Guidelines and Digital Media Ethics Code) Rules, 2021 എന്ന ചട്ടം കൊണ്ട് വന്നു.

- കോർപറേറ്റുകളെ വെള്ള പൂശുക എന്നതാണ് ഇവരുടെ ദൗത്യം. വാർത്തയും പരസ്യവും വേർതിരിക്കുന്ന രേഖ നേർത്തു കഴിഞ്ഞു,
- ജനങ്ങളെ മുതലാളിത്തത്തിന്റെ അടിമകളാക്കാനും അത് വഴി ഉപഭോഗ തൃഷ്ണ പ്രചരിപ്പിക്കാനുമാണ് മാധ്യമങ്ങൾ ശ്രമിക്കുന്നത്.
- ചില ചാനലുകൾ സ്പെഷലൈസ് ചെയ്തിരിക്കുന്നത് ആചാരങ്ങളുടെ പേരിലുള്ള അന്ധവിശ്വാസ പ്രചാരണത്തിലാണ്. മറ്റു ചില ചാനലുകൾ ആകട്ടെ




പ്രകടമായും മതപരമായ ഉള്ളടക്കമാണ് പ്രോത്സാഹിപ്പിക്കുന്നത്.
- മിക്കവാറും മാധ്യമങ്ങൾ മോഡി നയിക്കുന്ന ബിജെപി സർക്കാരിന്റെ പ്രചാരകർ ആണ്.
- എല്ലാ സർക്കാർ വിരുദ്ധ പ്രക്ഷോഭങ്ങളെയും ദേശവിരുദ്ധമായി മുദ്രകുത്തുകയും ചെയ്യുന്നു. അർബൻ നക്സൽ, ചൈന ചാരൻ, പാകിസ്ഥാനി എന്നൊക്കെയാണ് പ്രശസ്തരായ ടെലിവിഷൻ അവതാരകർ, കർഷക പ്രക്ഷോഭകർക്കു നൽകിയ ഇരട്ടപ്പേര്.

- തൊഴിലാളികളുടെ ദുരിതങ്ങളുടെയും അവരുടെ നട്ടെല്ലൊടിക്കുന്ന തൊഴിൽ സാഹചര്യങ്ങളെ കുറിച്ചും എഴുതാനും അവയുടെ ദൃശ്യങ്ങൾ കാണിക്കാനും മാധ്യമങ്ങൾ തയ്യാറാവില്ല. തൊഴിലാളികളുടെയും കർഷകരുടെയും സമരങ്ങളെ അവർ നിരന്തരം വിമർശിക്കും.
- ഒരു വർഷം നീണ്ട കർഷക പ്രക്ഷോഭത്തെ മാധ്യമങ്ങൾ സമീപിച്ച രീതി നോക്കിയാൽ ഇത് വ്യക്തമാകും. രാജ്യ തലസ്ഥാനത്തിന്റെ അതിർത്തികളിൽ തമ്പടിച്ച കർഷക പോരാളികളെ ഒരു മാധ്യമ സ്ഥാപനത്തിനും അവഗണിക്കാൻ കഴിഞ്ഞില്ല. ചില മാധ്യമങ്ങൾ ഒഴികേ മറ്റെല്ലാവരും ഈ സമരം രാജ്യത്ത് അസ്ഥിരത സൃഷ്ടിക്കാനും സർക്കാരിനെ ദുർബലമാക്കാനും വേണ്ടി ഉള്ളതാണെന്ന് ചിത്രീകരിച്ചു




## തൊഴിലാളി വർഗ പ്രസ്ഥാനത്തോടുള്ള ശത്രുത

- സർക്കാരുകൾ മാറി മാറി അധികാരത്തിൽ വന്നാലും മുഖ്യധാരാ പത്രങ്ങളും ചാനലുകളും കോർപ്പറേറ്റുകളെ സഹായിക്കുന്ന നയങ്ങളെ എക്കാലവും പിന്തുണക്കും.
- മാധ്യമങ്ങൾ ബിജെപിയുമായും അതിന്റെ ഐടി സെല്ലുമായും ചേർന്ന് കർഷകർക്ക് എതിരെ വ്യാജ വാർത്തകൾ പ്രചരിപ്പിക്കാനും ഗൂഢാലോചനാ സിദ്ധാന്തം ആവിഷ്കരിക്കാനും പൊതുവിൽ കർഷക പ്രസ്ഥാനത്തെ അപമാനിക്കാനും തുടങ്ങി.
- യൂ ട്യൂബ് വഴി സാമൂഹ്യ മാധ്യമങ്ങളിൽ ഇടപെട്ട സ്വതന്ത്ര പത്രപ്രവർത്തകരാണ് പ്രക്ഷോഭത്തിന്റെ യഥാർഥ സംഭവ വികാസങ്ങൾ പുറത്ത് കൊണ്ടുവന്നത്.
- ചിലപ്പോഴെങ്കിലും ഇന്ത്യൻ തൊഴിലാളി വർഗ്ഗം നടത്തുന്ന സമരങ്ങൾ മെച്ചപ്പെട്ട രീതിയിൽ റിപ്പോർട് ചെയ്യപ്പെട്ടിട്ടുണ്ട്.
- സാമൂഹ്യ മാധ്യമങ്ങളിൽ ട്രെൻഡിങ് ആയ ഹാഷ് ടാഗുകൾ കോർപറേറ്റ് മാധ്യമങ്ങൾക്ക് പിന്തുടരേണ്ടതായി വന്നു.
- കോർപറേറ്റുകൾ നിയന്ത്രിക്കുന്ന മുഖ്യധാരാ മാധ്യമങ്ങൾ തൊഴിലാളി വർഗ്ഗത്തിന്റെ മുന്നേറ്റങ്ങൾ ചില ഘട്ടത്തിൽ റിപ്പോർട് ചെയ്യാൻ നിർബന്ധിതരാകും എന്നതിന്റെ ഒരു ഉദാഹരണമാണ് മഹാരാഷ്ട്ര കർഷകരുടെ ലോങ് മാർച്ച്. അതിന് കാരണം സമൂഹ മാധ്യമങ്ങളുടെ സമ്മർദമാണ്.
- മാധ്യമ പ്രവർത്തകർക്കും മാധ്യമ ജീവനക്കാർക്കും നാളെ തൊഴിലിൽ തുടരാൻ കഴിയുമോ എന്ന് ഉറപ്പ് ഇല്ലാത്തിടത്തോളം മാധ്യമങ്ങൾക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയില്ല.

## മാധ്യമങ്ങളോടുള്ള സമീപനം

- കോർപറേറ്റ് മാധ്യമങ്ങൾക്കുള്ള എല്ലാ പരിമതികളും അതിന് തൊഴിലാളി പ്രസ്ഥാനത്തോട് ശത്രുതയുണ്ടെങ്കിലും അവയ്ക്ക് ജനങ്ങളിലുള്ള പ്രാപ്യത അവഗണിക്കാനാവില്ല.
- നമ്മുടെ പ്രചാരണ ശ്രമങ്ങളുടെ ഒരു ഭാഗം മാത്രമാണ് മാധ്യമ കവറേജ് എന്ന ബോധ്യം വേണം. നേരിട്ട് തൊഴിലാളികളുമായി ബന്ധപ്പെട്ടു കൊണ്ടു നടത്തുന്ന സമരരൂപങ്ങളായ യോഗങ്ങൾ, ലഘുലേഖ വിതരണം, പ്രകടനങ്ങൾ എന്നിവയെക്കാൾ പ്രാഥമികമോ ഏറ്റവും മികച്ചതോ ആയ ദൗത്യമായി ഇതിനെ കാണേണ്ടതില്ല.

# ദേശീയ പണിമുടക്ക്

## വ്യാപാരികളുടെ സഹകരണം ആവശ്യമാണ്



**അഡ്വ.പി.സജി**
ജനറൽ സെക്രട്ടറി,
കേരള ഷോപ്പ്സ് & കൊമേഴ്സ്യൽ
എംപ്ലോയീസ് ഫെഡറേഷൻ
(സി.ഐ.റ്റി.യു.)

**ചില്ലറ വ്യാപാര മേഖലയിൽ 100% വിദേശ നിക്ഷേപം ഏർപ്പെടുത്താൻ കേന്ദ്രഗവർമെന്റ് തീരുമാനിച്ചത് വഴിയാണ് ഇന്ത്യയിലെ ചെറുകിട വ്യാപാര മേഖല പ്രതിസന്ധിയിലായത്. ആമസോണും, വാൾമാർട്ടും പോലെയുള്ള വിദേശ കുത്തകകൾക്ക് ഇന്ത്യൻ കമ്പോളം നിയന്ത്രണങ്ങളില്ലാതെ തുറന്നുകൊടുത്തു. ഒന്നുകിൽ കോർപ്പറേറ്റുകളുടെ വൻകിട മാളുകൾ അല്ലെങ്കിൽ ബഹുരാഷ്ട്ര കുത്തകകളുടെ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയുള്ള പർച്ചേസിംഗ് എന്ന സമീപനമാണ് കേന്ദ്ര ഗവർമെന്റ് നടപ്പിലാക്കുന്നത്.**

മാർച്ച്മാസം 28,29 തീയതികളിൽ സംയുക്ത ട്രേഡ് യൂണിയൻ ആഹ്വാനം ചെയ്ത പണിമുടക്കിൽ 2 ദിവസം വ്യാപാര വാണിജ്യ സ്ഥാപനങ്ങൾ അടയ്ക്കേണ്ടതുണ്ടോ എന്ന ചർച്ചകൾ അങ്ങിങ്ങായി ചില വ്യാപാരി സുഹൃത്തുക്കൾ നടത്തുന്നുണ്ട്. യഥാർത്ഥ വസ്തുതകൾ മനസ്സിലാക്കാതെയുള്ള അഭിപ്രായ പ്രകടനങ്ങൾ ആണ് ഇത്.

ജനങ്ങളെ രക്ഷിക്കൂ, രാജ്യത്തെ രക്ഷിക്കൂ എന്ന ഏറ്റവും പ്രധാനപ്പെട്ട മുദ്രാവാക്യമാണ് ഈ പണിമുടക്കിൽ മുന്നോട്ട് വയ്ക്കുന്നത്. രാജ്യത്തെ ഏറ്റവും വലിയ തൊഴിൽ മേഖലയായ വാണിജ്യവ്യാപാര മേഖലയെ തകർക്കുന്ന കേന്ദ്രനയങ്ങൾക്കെതിരായ പോരാട്ടം കൂടിയാണ് ഈ പണിമുടക്ക് എന്നത് വ്യാപാര സമൂഹം മനസ്സിലാക്കണം.

ചില്ലറ വ്യാപാര മേഖലയിൽ 100% വിദേശ നിക്ഷേപം ഏർപ്പെടുത്താൻ കേന്ദ്രഗവർമെന്റ് തീരുമാനിച്ചത് വഴിയാണ് ഇന്ത്യയിലെ ചെറുകിട വ്യാപാര മേഖല പ്രതിസന്ധിയിലായത്. ആമസോണും, വാൾമാർട്ടും പോലെയുള്ള വിദേശ കുത്തകകൾക്ക് ഇന്ത്യൻ കമ്പോളം നിയന്ത്രണങ്ങളില്ലാതെ തുറന്നുകൊടുത്തു.

ഒന്നുകിൽ കോർപ്പറേറ്റുകൾ നടത്തുന്ന വൻകിട മാളുകൾ അല്ലെങ്കിൽ ബഹുരാഷ്ട്ര കുത്തകകൾ ഒരുക്കുന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെയുള്ള പർച്ചേസിംഗ് എന്ന സമീപനമാണ് കേന്ദ്ര ഗവർമെന്റ് നടപ്പിലാക്കുന്നത്. ഇതിന്റെ ഫലമായി ചെറുകിട വ്യാപാര സ്ഥാപന




ങ്ങളും, ലക്ഷക്കണക്കിന് തൊഴിലാളികളും പ്രതിസന്ധിയിലേക്ക് എറിയപ്പെട്ടു.

ചെറുകിട വ്യാപാര മേഖല കൈകാര്യം ചെയ്തുകൊണ്ടിരിക്കുന്ന എല്ലാത്തരം ഉൽപ്പന്നങ്ങളുടെയും വ്യാപാരത്തിൽ ബഹുരാഷ്ട്ര ഓൺലൈൻ വ്യാപാര കുത്തകകൾ വൻതോതിൽ കടന്നു വന്നു കഴിഞ്ഞു. ആമസോണിന്റെയും, വാൾമാർട്ടിന്റെയും ചതികുഴിയിൽ ഉപഭോക്താക്കൾ അകപ്പെട്ടു. ഓൺലൈൻ വ്യാപാര രംഗത്ത് 40%




## കടകൾ അടയ്ക്കുക

കൈകാര്യം ചെയ്തിരുന്ന ഫ്ളിപ്കാർട്ട് എന്ന ഇന്ത്യൻ കമ്പനിയെ കേന്ദ്ര ഗവർമെന്റിന്റെ നിർദ്ദേശ പ്രകാരം ആഗോള ഭീമനായ വാൾമാർട്ട് കൈവശപ്പെടുത്തി. ഇതോടെ ഇന്ത്യയിലെ ഓൺലൈൻ വ്യാപാരം ആഗോള കുത്തകകളുടെ കൈയ്യിൽ കേന്ദ്രഗവർമെന്റ് എത്തിച്ചു.

ഓൺലൈൻ വ്യാപാര വിഹിതം 40 % ത്തിൽ നിന്ന് ഇരട്ടിയാക്കുന്നതിലൂടെ ഇന്ത്യൻ വിപണി കീഴടക്കാൻ കുത്തകകൾക്ക് എളുപ്പമായി. ഈ രംഗത്ത് കുത്തക സ്ഥാപിച്ചു കഴിഞ്ഞാൽ ഉപഭോക്തൃ ചൂഷണം എളുപ്പമാകും. ഇത്തരം ബഹുരാഷ്ട്ര കുത്തകകൾ തങ്ങളുടെ ഫാക്ടറി ഗോഡൗണുകളിൽ നിന്ന് സാധനങ്ങൾ ഉപഭോക്താവിൽ എത്തിക്കും. റീട്ടെയിലുകളെയും നേരിട്ട് കടകളിൽ പണിയെടുക്കുന്ന കോടിക്കണക്കിന് തൊഴിലാളികളെയും ഒഴിവാക്കുന്ന സമീപനമാണ് കൈക്കൊള്ളുന്നത്. തന്മൂലം ഉണ്ടാവുന്ന ചെറിയ വിലകുറവ് എന്ന ആകർഷകത്വം ഒരു വിപണനതന്ത്രമായി ബഹുരാഷ്ട്ര ഓൺലൈൻ കുത്തക കമ്പനികൾ സ്വീകരിക്കുന്നു. ആദ്യം കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ വിൽക്കും. പിന്നീട് ക്രമേണ വില ഉയർത്തും. എല്ലാറ്റിനും ഒറ്റയടിക്ക് ഉയർത്താതെ ചിലതിന് 5% മറ്റൊന്നിന് 20% എന്ന നിലയിൽ ഉപഭോക്താവ് അറിയാതെ പോക്കറ്റിൽ നിന്ന് പണം പിടിച്ചു പറിക്കാൻ കഴിയുന്ന വിപണന തന്ത്രമാണ് ഇവർ ആസൂത്രണം ചെയ്യുന്നത്.

ഓൺലൈൻ വിപണി കീഴടക്കി ബഹുരാഷ്ട്ര കുത്തകകൾ അവരുടെ ദൗത്യം പൂർത്തിയാക്കുമ്പോൾ തങ്ങൾക്കു തോന്നിയതു പോലെ വില നിശ്ചയിച്ച് ഉപഭോക്താക്കളെ കൊള്ളയടിക്കാമെന്ന മാനേജ്മെന്റ് തന്ത്രം ഫലപ്രദമായി ഇന്ത്യയിൽ നടപ്പിലാക്കി കഴിഞ്ഞു. ചെറുപ്പക്കാരെയും, മുതിർന്നവരെയും, വിദ്യാർത്ഥികളെയും എല്ലാം ഈ കെണിയിൽ അകപ്പെടുത്തി.

ലക്ഷക്കണക്കിന് തൊഴിലാളികളെയും, ചെറുകിട വ്യാപാരികളെയും തൊഴിലില്ലാത്തവരായി പുറന്തള്ളപ്പെടുന്ന ഭീകരമായ അവസ്ഥ വന്നു കഴിഞ്ഞു. ഇപ്പോൾ തന്നെ പതിനായിരക്കണക്കിന് സ്ഥാപനങ്ങൾ കച്ചവടമില്ലാതെ പൂട്ടി ചെറുകിട വ്യാപാരികൾ ആത്മഹത്യ ചെയ്തു. ലക്ഷക്കണക്കിന് തൊഴിലാളികൾ ജോലി നഷ്ടപ്പെട്ട് പട്ടിണിയിലായി. ഈ പ്രതിസന്ധിയെ കുറിച്ച് കേന്ദ്രഗവർമെന്റിന് യാതൊരു ആശങ്കയും ഇല്ല.

ലോകത്ത് ഉണ്ടാവുന്ന ആധുനിക സാധ്യത പ്രയോജനപ്പെടുത്തുന്നതിനെയല്ല എതിർക്കുന്നത്. മറിച്ച് തൊഴിലില്ലായ്മ സൃഷ്ടിക്കുകയും, വിപണി കൈയ്യടക്കി ഉപഭോക്താവിനെ ഭാവിയിൽ പിടിച്ചു പറിക്കാമെന്ന ബഹുരാഷ്ട്ര കുത്തകകളുടെ മനുഷ്യദ്രോഹപരമായ വിപണന തന്ത്രത്തെയാണ് എതിർക്കുന്നത്. ഇത് മൂലം ഉണ്ടാകുന്ന തൊഴിൽ നഷ്ടത്തെ എങ്ങനെ തരണം ചെയ്യണമെന്ന ആസൂത്രണമോ, നിയന്ത്രണമോ ഇല്ലാതെ ആഗോള കുത്തകകളുടെ വിപണന തന്ത്രത്തിന് പച്ചയായി കൂട്ടുനിൽക്കുന്ന ഭരണകൂടത്തിന്റെ നയങ്ങളെ ശക്തമായി പ്രതിരോധിക്കുകയാണ് വേണ്ടത്.

തദ്ദേശീയമായി രൂപപ്പെടുത്തുന്ന ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ ഇന്ത്യയിലെ വ്യാപാരികളുടെ ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സാധ്യത തേടുന്നതിനു പകരം കുത്തകകളുടെ പിടിച്ചു പറിക്കു കേന്ദ്രഗവർമെന്റ് കൂട്ടു നിൽക്കുകയാണ്.

കോവിഡ് കാലത്ത് ഇന്ത്യയിലെ ചെറുകിട വ്യാപാരികൾ കടക്കെണിയിൽ അകപ്പെട്ട് ആത്മഹത്യ ചെയ്തപ്പോൾ ബഹുരാഷ്ട്ര കുത്തകളായ ആമസോണിന്റെയും, വാൾമാർട്ടിന്റെയും വിറ്റു വരവും, ലാഭവും ട്രില്യൺ കണക്കിനാണ് വർധിച്ചത്. ഇത് മാത്രം പരിശോധിച്ചാൽ വസ്തുതകളുടെ തീവ്രത എത്രയാണെന്ന് മനസ്സിലാകും ?

രാജ്യത്ത് ഏറ്റവും കൂടുതൽ തൊഴിൽ പ്രദാനം ചെയ്യുന്ന വ്യാപാരവാണിജ്യ മേഖലയെ തകർക്കുന്ന കേന്ദ്ര നയങ്ങൾക്കെതിരെ പടപൊരുതാനും അഭിപ്രായം പറയുവാനും വ്യാപാര സമൂഹം ഇനിയും വൈകരുത്. രണ്ട് ദിവസത്തെ പൊതു പണിമുടക്കിൽ തൊഴിലാളികളോടൊപ്പം സഹകരിച്ച് കേന്ദ്രഗവർമെന്റിന്റെ ജനദ്രോഹ നയങ്ങൾക്കെതിരായ പോരാട്ടത്തിന് കരുത്തു പകരാൻ കേരളത്തിലെ വ്യാപാര സമൂഹം തയ്യാറാകണം. •

# തൊഴിലാളിവർഗ്ഗ പോരാട്ടങ്ങളുടെ മുന്നേറ്റം മാറ്റങ്ങൾക്കു വഴിതെളിച്ചു

**ഒന്നാംലോകമഹായുദ്ധാനന്തരം മുതലാളിത്തത്തിന്റെ ദ്രുതഗതിയിലുള്ള വളർച്ചയുടെ വ്യാപനത്തിന്റെയും ദൃഢീകരണത്തിന്റെയും ദശകങ്ങളായിരുന്നു. മാത്രമല്ല, വ്യാവസായിക, ഗതാഗത, ധനകാര്യ കൂട്ടുകെട്ടുകളുടെ അതിവേഗത്തിലുള്ള ദൃഢീകരണവും സംവിധാനത്തിലും രാഷ്ട്രീയഭരണകൂടത്തിലും പ്രഭുത്വം ഉയർന്നു വരുന്നതിനും ഇത് ഇടയാക്കി. അങ്ങനെ മത്സരാധിഷ്ഠിത മുതലാളിത്തം മാറി എന്നാണ് ലെനിൻ വിശകലനം നടത്തിയത്. ആധിപത്യത്തിനായി വിവിധ മുതലാളിത്തശക്തികൾക്കിടയിൽ നടന്ന അതിരൂക്ഷവും നിഷ്ഠൂരവും നിരന്തരവുമായ പോരാട്ടത്തിൽ അമേരിക്ക ഏറ്റവും കരുത്തുറ്റ ശക്തിയായി ഉയർന്നു വന്നു.**



എൻ.പത്മലോചനൻ

ഒരു കാലത്ത് ലോകമുതലാളിത്തത്തിന്റെ ചോദ്യം ചെയ്യപ്പെടാനാകാത്ത വ്യാവസായിക നായകനായിരുന്ന ബ്രിട്ടൺ മത്സരത്തിൽ ഏറെ പിൻതള്ളപ്പെട്ടു. പുതിയ സാഹചര്യത്തിൽ ഉരുക്ക് ഉൽപ്പാദനത്തിൽ ബ്രിട്ടനെക്കാൾ അമേരിക്ക രണ്ടര ഇരട്ടിയും ജർമ്മനി രണ്ടിരട്ടിയും ഉൽപ്പാദിപ്പിക്കുന്ന സ്ഥിതിയിലെത്തി. ലോകസമ്പദ്ഘടനയുടെ മറ്റു മേഖലകളിലും ഇതുതന്നെയായിരുന്നു സ്ഥിതി.

ഈ പുതിയ പതിറ്റാണ്ടുകളിൽ മുതലാളിത്തം പല പുതിയ പ്രദേശങ്ങളിലേക്കും നുഴഞ്ഞു കയറി. മദ്ധ്യപൂർവ യൂറോപ്യൻ രാജ്യങ്ങൾ ഏറിയോ കുറഞ്ഞോ തോതിൽ വ്യാവസായിക പുരോഗതി കൈവരിച്ചു. ഈ ഘട്ടത്തിൽ സാമ്രാജ്യത്വശക്തികൾ ആഫ്രിക്കയിലേയും ഏഷ്യയിലേയും വിശാലമായ ഭൂപ്രദേശങ്ങളെയും ശതകോടിക്കണക്കിന് മനുഷ്യരെയും പങ്കിട്ടെടുത്തു. അവർ ഏഷ്യയിലേയും ലാറ്റിനമേരിക്കയിലെയും എല്ലാ രാജ്യങ്ങളെയും ഫലത്തിൽ കോളനികളോ അർദ്ധകോളനികളോ ആക്കിമാറ്റി. ഒന്നാം ലോകമഹായുദ്ധത്തോടുകൂടി അതിന് മുമ്പ് നിലനിന്നിരുന്ന ഫ്യൂഡലിസം എല്ലാ രംഗങ്ങളിലും പിന്തള്ളപ്പെട്ടു.

1876-ൽ എല്ലാ രാജ്യങ്ങളിലുമായി നിലിനിന്നിരുന്ന ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ കരുത്ത് വെറും 20 ലക്ഷം മാത്രമായിരുന്നു. എന്നാൽ 1914-ൽ ട്രേഡ് യൂണിയൻ അംഗസംഖ്യ 1 കോടി 20 ലക്ഷമായി ഉയർന്നു. ബ്രിട്ടൻ, അമേരിക്ക, ഫ്രാൻസ്, ഇറ്റലി, സ്കാൻഡിനേവിയ, ആസ്ട്രേലിയ, നെതർലന്റ്സ്, ബെൽജിയം, കാനഡയിലും ട്രെയിഡ് യൂണിയനിൽ അംഗങ്ങളായവരുടെ എണ്ണം വർദ്ധിച്ചെങ്കിലും ട്രേഡ് യൂണിയൻ പ്രസ്ഥാനമെന്ന നിലയിലുള്ള പ്രവർത്തനം യൂറോപ്പിലും, അമേരിക്കയിലും മാത്രമായി ഒതുങ്ങി നിന്നു. ഏഷ്യയിൽ അന്ന് യൂണിയൻ ഉണ്ടായിരുന്നത് ജപ്പാനിൽ മാത്രമായിരുന്നു.

കൊളോണിയൽ ഇന്ത്യയിൽ, ഈ കാലഘട്ടത്തിൽ ട്രെയിഡ് യൂണിയനുകൾ രൂപപ്പെട്ടുവരാൻ തുടങ്ങിയിരുന്നു എങ്കിലും 20-ാം നൂറ്റാണ്ടിന്റെ തുടക്കമായപ്പോഴേ അത് വളരാൻ ആരംഭിച്ചിരുന്നുള്ളൂ. 1908-ൽ ബോംബേറിൽ രാജ്യത്തിന്റെ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട വിഷയത്തിൽ ആദ്യത്തെ പൊതുപണിമുടക്കം നടന്നു. അപ്പോഴും രാജ്യത്ത് ദേശീയടിസ്ഥാനത്തിൽ ട്രെയിഡ് യൂണിയൻ രൂപം കൊണ്ടിരുന്നില്ല. 1876 -1914 കാലത്ത് സമരങ്ങളുടെ അനിർവാര്യത കണക്കിലെടുത്ത് പല രാജ്യങ്ങളിലും ശക്തമായ




**അതിരൂക്ഷമായ ഈ പോരാട്ടങ്ങളിലൂടെ നിരവധി രാജ്യങ്ങളിലെ തൊഴിലാളികൾ തൊഴിൽമേഖലകളിൽ നിന്നും ഒട്ടേറെ സുപ്രധാന ആനുകൂല്യങ്ങൾ പിടിച്ചെടുത്തു. ഇവയിൽ ഏറ്റവും പ്രമുഖമായത് തൊഴിൽ ദിനത്തിന്റെ ദൈർഘ്യം കുറച്ചതായിരുന്നു. സാർവ ത്രികമായി 8 മണിക്കൂർ ജോലി സമയം എന്നത് ചരിത്രത്തിന്റെ അജണ്ടയിൽ ഇടംനേടിയത്. ഇന്ത്യയിൽ മോദി നയിക്കുന്ന ബി.ജെ.പി ഭരണം തൊഴിൽസമയം പ്രതിദിനം 12 മുതൽ 16 മണിക്കൂർ വരെ നിശ്ചയിക്കാൻ മുതലുടമകൾക്ക് അവസരം നൽകിയിരിക്കുന്നു.**

ദേശീയ യൂണിയനുകളും ലോക്കൽ കൗൺസിലുകളും ദേശീയഫെഡറേഷനുകളും കെട്ടിപടുക്കാൻ തുടങ്ങി.

1876-ൽ ഒന്നാം ഇന്റർനാഷണലിന്റെ അന്ത്യത്തിന്റെ കാലത്ത് 1869-ൽ ജർമ്മനിയിൽ സംഘടിപ്പിച്ച ഒരേ ഒരു സോഷ്യലിസ്റ്റ് പാർട്ടി മാത്രമേ നിലവിൽ ഉണ്ടായിരുന്നുള്ളൂ. ഹോളണ്ട്, ഡെൻമാർക്ക്, അമേരിക്ക എന്നീ രാജ്യങ്ങളിൽ 187 നും 1876 നും ഇടയിൽ സോഷ്യലിസ്റ്റ് പാർട്ടികൾ രൂപം കൊള്ളാനും തുടങ്ങിയിരുന്നു. 1889ൽ വിവിധ സോഷ്യലിസ്റ്റ് പാർട്ടികൾ ചേർന്ന് രണ്ടാം ഇന്റർനാഷണൽ രൂപീകരിച്ചു. 1914 ആഗസ്റ്റ് ആയപ്പോഴേക്കും സോഷ്യൽ ഡെമോക്രാറ്റിക് എന്ന പേരിൽ എല്ലാ പ്രമുഖ മുതലാളിത്ത രാജ്യങ്ങളിലും തൊഴിലാളികളുടെ പാർട്ടികൾ നിലവിൽ വന്നു. 1889 ൽ വിവിധ സോഷ്യലിസ്റ്റ് പാർട്ടികൾ ചേർന്ന് രണ്ടാം ഇന്റർ നാഷണൽ രൂപീകരിച്ചു.

1914 ആഗസ്റ്റ് ആയപ്പോൾ സോഷ്യൽ ഡെമോക്രാറ്റിക് എന്ന പേരിൽ എല്ലാ പ്രമുഖമുതലാളിത്ത രാജ്യങ്ങളിലും തൊഴിലാളികളുടെ പാർട്ടികൾ നിലവിൽ വന്നു. ഒന്നാംലോക യുദ്ധ പൂർവ്വകാലത്ത് രണ്ടാം ഇന്റർനാഷണലിൽ 22 രാജ്യങ്ങളിലെ 27 സോഷ്യലിസ്റ്റ് പാർട്ടികൾ അഫിലിയേറ്റ് ചെയ്യപ്പെട്ടിരുന്നു. മിക്കവാറും രാജ്യങ്ങളുടെ പാർലമെന്റുകളിൽ നല്ല പ്രാതിനിധ്യമുള്ള പ്രധാനവിഭാഗമായി അവ മാറിയിട്ടുണ്ടായിരുന്നു. ആസ്ട്രേലിയൻ ലേബർപാർട്ടിക്ക് ഫെഡറൽ പാർലമെന്റിൽ ഭൂരിപക്ഷമുണ്ടായിരുന്നു.

ഈ കാലഘട്ടത്തിൽ സഹകരണപ്രസ്ഥാനവും ശ്രദ്ധേയമായ പുരോഗതി കൈവരിച്ചു. 1876 ൽ ചെറിയൊരു പ്രസ്ഥാനമായിരുന്നത്. 1914 ആയപ്പോൾ സോഷ്യൽ ഡെമോക്രാറ്റിക് നേതൃത്വത്തിലുള്ള യൂറോപ്യൻ സഹകരണസംഘങ്ങൾ ഏകദേശം 90 ലക്ഷത്തിലധികം അംഗബലമുള്ളതായി വളർന്നു കഴിഞ്ഞിരുന്നു.

## തൊഴിലാളിവർഗ്ഗത്തിന്റെ സമരങ്ങൾ

ഇവിടെ ചർച്ചചെയ്യപ്പെടുന്ന 4 പതിറ്റാണ്ട് കാലത്ത് നിരവധി രാജ്യങ്ങളിൽ തൊഴിലാളികൾ അസംഖ്യം പ്രാദേശിക പണിമുടക്കങ്ങളും ഒട്ടനവധി ദേശീയ പണിമുടക്കങ്ങളും നടത്തിയിരുന്നു. കാറ്റഗറി അടിസ്ഥാനത്തിലും, വ്യാവസായ അടിസ്ഥാനത്തിലുമുള്ള പണിമുടക്കങ്ങൾ 1914 ആയപ്പോഴേക്കും സർവസാധാരണമായി കഴിഞ്ഞിരുന്നു. ഒട്ടനവധി ദേശീയപണിമുടക്കങ്ങളും നടന്നിരുന്നു. കൂടാതെ, വോട്ടവകാശത്തിനുവേണ്ടിയും തൊഴിൽ ദിനദൈർഘ്യം കുറയ്ക്കുന്നതിനുവേണ്ടിയും, പാർലമെന്ററി പ്രതിനിധികളെ തെരഞ്ഞെടുക്കുന്നതിനായും, തൊഴിലില്ലായ്മ ആനുകൂല്യങ്ങൾ, ആരോഗ്യപരിരക്ഷ, വാർദ്ധക്യകാലപെൻഷൻ എന്നിവയ്ക്കായുള്ള പ്രാഥമിക സാമൂഹ്യസുരക്ഷാ നിയമനിർമ്മാണത്തിനുവേണ്ടിയും എണ്ണമറ്റ രാഷ്ട്രീയപോരാട്ടങ്ങളും നടത്തിയിരുന്നു. പഴയരീതിയിലുള്ള ട്രെയിഡ്യൂണിയൻ പ്രവർത്തകരെ സംബന്ധിച്ചിടത്തോളവും ഇതൊരു വലിയ വഴിത്തിരിവായിരുന്നു.

1877ൽ അമേരിക്കയിൽ റെയിൽവേതൊഴിലാളികൾ നടത്തിയ ഗംഭീരപണിമുടക്കായിരുന്നു ഇതിന് തുടക്കം കുറിച്ചത്, തുടർന്ന് അമേരിക്കൻ തൊഴിലാളിവർഗം സമാനമായ ഒട്ടേറെ പണിമുടക്കങ്ങൾ നടത്തി. വിജയത്തിൽ കലാശിച്ച

രൂക്ഷമായ പോരാട്ടം, 1889 ലെ മഹത്തായ ഇംഗ്ലീഷ് തുറമുഖപണിമുടക്കം, അമേരിക്കൻ തൊഴിലാളികളുടെ പൊതുപണിമുടക്കം (1886) ബൽജിയം തൊഴിലാളി പണിമുടക്കങ്ങൾ (1893, 1902, 1913) സ്വീഡനിലെ തൊഴിലാളി പണിമുടക്കങ്ങൾ (1902, 1909), ഡച്ച് തൊഴിലാളി പണിമുടക്കങ്ങൾ (1904, 1914) സർവോപരി) 1905 ലെ റഷ്യൻ തൊഴിലാളി പൊതുപണിമുടക്കം 1848 ലെ യൂറോപ്യൻ വിപ്ലവത്തേയും 1871ലെ പാരീസ് കമ്മ്യൂണിനേയുംകാൾ ഉയർന്നതലങ്ങളിലേക്ക് തൊഴിലാളികളുടെ പോരാട്ടത്തെ എത്തിച്ച ഈ മഹത്തായ പ്രസ്ഥാനം മുതലാളിത്തത്തിന്റെ ചങ്കിൽ തന്നെ തറച്ചുകയറിയ വിപ്ലവമുന്നേറ്റമായിരുന്നു. തീവ്രമായ ഈ പോരാട്ടകാലഘട്ടത്തിൽ രണ്ടാം ഇന്റർനാഷണലിനെ നയിച്ചത് ജർമ്മൻ തൊഴിലാളിവർഗ്ഗമായിരുന്നു.

അതിരൂക്ഷമായ ഈ പോരാട്ടങ്ങളിലൂടെ നിരവധി രാജ്യങ്ങളിലെ തൊഴിലാളികൾ തൊഴിൽമേഖലകളിൽ നിന്നും ഒട്ടേറെ സുപ്രധാന ആനുകൂല്യങ്ങൾ പിടിച്ചെടുത്തു. ഇവയിൽ ഏറ്റവും പ്രമുഖമായത് തൊഴിൽ ദിനത്തിന്റെ ദൈർഘ്യം കുറച്ചതായിരുന്നു. ട്രെയിഡ് യൂണിയനുകൾ ശക്തമായിരുന്ന രാജ്യങ്ങളിൽ 12 ഉം 14 ഉം മണിക്കൂർ പണി എടുക്കേണ്ടിയിരുന്നത് പഴംകഥയായി മാറി. 8 മുതൽ 10 മണിക്കൂർ വരെ എന്നത് പൊതു നിയമമായി മാറി. അവിടെ നിന്നാണ് സാർവത്രികമായി 8 മണിക്കൂർ ജോലി സമയം എന്നത് ചരിത്രത്തിന്റെ അജണ്ടയിൽ ഇടംനേടിയത്.

ഇന്ത്യയിൽ 'മോദി' നയിക്കുന്ന ബി.ജെ.പി ഭരണം ലേബർകോഡു വഴി 29 തൊഴിൽ നിയമങ്ങളുടെ സാധുത്വം ഇല്ലാതാക്കി. തൊഴിൽസമയം പ്രതിദിനം 12 മണിക്കൂർ മുതൽ 16 മണിക്കൂർ വരെ നിശ്ചയിക്കാൻ മുതലുടമകൾക്ക് അവസരം നൽകിയിരിക്കുന്ന ബി.ജെ.പി ഭരിക്കുന്ന വടക്കേഇന്ത്യൻ സംസ്ഥാനങ്ങൾ അതു നടപ്പിൽ വരുത്തിതുടങ്ങിയിരിക്കുന്നു.

സാമൂഹ്യസുരക്ഷ, ഫാക്ടറി ഇൻസ്പെക്ഷൻ വോട്ടവകാശത്തിലെ നേട്ടങ്ങൾ എന്നിവയെല്ലാം പല രാജ്യങ്ങളിലേയും തൊഴിലാളികൾ നേടിഎടുക്കാനാരംഭിച്ചത് ഈ കാലഘട്ടത്തിലായിരുന്നു.

കൂലി കൂടുതലിനായി തൊഴിലാളികൾ നടത്തിയ ഒട്ടേറെ പോരാട്ടങ്ങൾ തൊഴിലുടമകളുടെ കടുത്ത ചൂഷണത്തിൽ അല്പമെങ്കിലും അയവു വരുത്തുവാൻ ഇടയാക്കി. ഈ കാലഘട്ടത്തിൽ മുൻനിര മുതലാളിത്തരാജ്യങ്ങളിൽ തൊഴിലാളികളുടെ വിശിഷ്യ വിദഗ്ദ്ധ തൊഴിലാളികളുടെ ജീവിതനിലവാരത്തിൽ കുറെ അഭിവൃദ്ധി ഉണ്ടാക്കി. അമേരിക്കയിലെ സ്ഥിതിയെക്കുറിച്ച് 'ഫോക്നർ' പ്രസ്താവിച്ചത് അവിടെ 1899-നും 1914-നും ഇടയ്ക്ക് തൊഴിലാളികളുടെ യഥാർത്ഥ വേതനത്തിൽ നേരിയതോതിലുള്ള വർദ്ധനവ് ഉണ്ടായി എന്നാണ്. ഇതേ സാമാന്യവൽക്കരണം ഇംഗ്ലണ്ടിനും, ജർമ്മനിക്കും ബാധകമാക്കാവുന്നതാണ്. എന്നാൽ മാർക്സ് ചൂണ്ടിക്കാണിച്ചതുപോലുള്ള തൊഴിലാളികളുടെ മൗലികവും ആപേക്ഷികവും കേവലവുമായ നിഷ്ക്രിയത്വം തുടർന്നു നിലനിന്നു. ഒന്നാമത്, ഉൽപാദനം അതിവേഗം വർദ്ധിച്ചിട്ടും തൊഴിലാളികൾ ഉൽപ്പാദിപ്പിക്കുന്നതിന്റെ തികച്ചും ചെറിയൊരു വിഹിതം മാത്രമേ ലഭിക്കുന്നുള്ളൂ. രണ്ടാമത്തെ സംഗതി, സാമ്രാജ്യത്വരാജ്യങ്ങളിൽ യഥാർത്ഥ വേതനത്തിൽ ചില്ലറ വർദ്ധനവ് ഉണ്ടായാലും തൊഴിലാളിവർഗ്ഗത്തെ ആകെ കണക്കിലെടുക്കുമ്പോൾ ഇവ തികച്ചും തുച്ഛമായിരുന്നു. വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ, വ്യാവസായിക അപകടങ്ങൾ, കോളനികളിലേയും അർദ്ധകോളനികളിലേയും ശതകോടിയിലേറെ വരുന്ന ജനങ്ങളെ സാമ്രാജ്യത്വം ചൂഷണം ചെയ്യുന്നത് മൂലമുണ്ടാകുന്ന ജീവിതനിലവാരത്തകർച്ച എന്നിങ്ങനെ ഉള്ള ഘടകങ്ങളാണ് പൊതുവിലുള്ളത്.

ഈ കാലഘട്ടത്തിലാകെ നടന്ന തൊഴിലാളികളുടെ വിപുലമായ പോരാട്ടങ്ങളുടെ അടിസ്ഥാനപരവും ശ്രദ്ധേയവുമായ പ്രവണതകളിലൊന്ന് വർദ്ധിച്ചു വരുന്ന അതിന്റെ രാഷ്ട്രീയസ്വഭാവമായിരുന്നു. ഈ രാഷ്ട്രീയവൽക്കരണം പ്രകടമായത് സോഷ്യലിസ്റ്റ് പാർട്ടികൾ കെട്ടിപടുക്കപ്പെട്ടതിലും പ്രസ്തുതപാർട്ടികൾ നടത്തിയ രാഷ്ട്രീയ ക്യാമ്പയിനുകൾ പലമടങ്ങ് വർദ്ധിച്ചതിലൂടെ മാത്രമല്ല മറിച്ച് പണിമുടക്കുകളുടെ തന്നെ സ്വഭാവത്തിൽ വന്ന മാറ്റത്തിലും അത് പ്രകടമായിരുന്നു. പണിമുടക്കുകൾക്കും കുറെ പൊതുവിൽ സാമ്പത്തിക സ്വഭാവം ഉള്ളതായിരുന്നു. എന്നാൽ ഒന്നാം ലോകമഹായുദ്ധത്തിന്റെ തൊട്ടുമുൻപുള്ള കാലഘട്ടത്തിൽ, അതിനകം തന്നെ പ്രാബല്യത്തിൽ കഴിഞ്ഞ ദേശീയ പണിമുടക്കുകൾ, കാറ്റഗറി അടിസ്ഥാനത്തിലും, വ്യാവസായികാടിസ്ഥാനത്തിലുള്ളതുമായ പൊതുപണിമുടക്കുകൾ ശക്തമായ രാഷ്ട്രീയ അനന്തരഫലങ്ങൾ സൃഷ്ടിച്ചവയും ആയിരുന്നു.•




# അമേരിക്കൻ യുദ്ധങ്ങളുടെ വില

ലോക ചരിത്രം ഒരു വിധത്തിൽ പറഞ്ഞാൽ യുദ്ധങ്ങളുടെയും കടന്നാക്രമണങ്ങളുടെയും ചരിത്രമാണ്. കഴിഞ്ഞ ഒരു നൂറ്റാണ്ടിലധികം വരുന്ന കാലമെടുത്താൽ അത് അമേരിക്കൻ നേതൃത്വത്തിലോ, അമേരിക്ക ഒറ്റയ്ക്കു തന്നെയോ നടത്തിയ യുദ്ധങ്ങളുടെയും കടന്നാക്രമണങ്ങളുടെയും ചരിത്രമാണ്. ഒന്നാം ലോക മഹായുദ്ധം വരെയുള്ള ഏതാണ്ട് ഒരു നൂറ്റാണ്ടുകാലം ബ്രിട്ടീഷ് ആധിപത്യത്തിന്റെ കാലമായിരുന്നെങ്കിൽ അതിനുശേഷം ലോകത്തെ സൈനികവും സാമ്പത്തികവുമായ ആധിപത്യം അമേരിക്ക കയ്യടക്കി. അമേരിക്ക അവരുടെ ആധിപത്യം നിലനിർത്താനും വിപുലീകരിക്കാനും നാനാരീതിയിൽ ഇക്കാലമെല്ലാം ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അമേരിക്ക ഒരു നൂറ്റാണ്ടിലധികമായി അവരുടെ ആധിപത്യം ലോകത്ത് ഉറപ്പിച്ചു നിർത്തുന്നത് അമേരിക്കൻ ഡോളറിന്റെയും, ആയുധങ്ങളുടെയും പിൻബലത്തിലാണ്. ആയുധ ശക്തിയും ആയുധ കച്ചവടവും ഡോളറും ഡോളറിന്റെ ശക്തിയുമെല്ലാം വളരെ സങ്കീർണമായ രീതിയിൽ കെട്ടുപിണഞ്ഞു കിടക്കുന്ന ഒരു വിഷയമാണ്. കോവിഡ് കാലത്ത് മിക്ക വ്യവസായങ്ങളും ക്ഷീണിച്ചപ്പോഴും ആഗോള ആയുധ വ്യവസായം പൊടിപൊടിക്കുകയായിരുന്നു.



ജോസ് റ്റി. എബ്രഹാം

### കോവിഡ് കാലത്തും ആയുധ കച്ചവടം വളർന്നുകൊണ്ടിരുന്നു

കോവിഡ് മൂലം ആഗോള സമ്പദ് വ്യവസ്ഥ ചുരുങ്ങിയ 2020ലും ആയുധ വ്യവസായത്തിന് നല്ല വളർച്ചയാണ് ഉണ്ടായതെന്ന് സ്റ്റോക്ക്ഹോം ഇന്റർനാഷണൽ പീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (സിപ്രി) റിപ്പോർട്ട് കണ്ടെത്തി. ലോകത്തെ ഏറ്റവും വലിയ നൂറ് ആയുധ വ്യാപാരികളുടെ കച്ചവടം കോവിഡ് കാലത്തും വളർന്നുകൊണ്ടേയിരുന്നു. ലോക്ഡൗണുകളും വ്യാപാര വ്യവസായ ശൃംഖലകളുടെ തകർച്ചയും, ആരോഗ്യ രംഗത്തെ പ്രശ്നങ്ങളും കോവിഡ് കാലത്ത് സമ്പദ് രംഗത്തുണ്ടായ തകർച്ചയും ഒന്നും തന്നെ ആയുധ വ്യവസായത്തെ ബാധിച്ചില്ല. സിപ്രിയിലെ ഗവേഷക അലക്സാൺട്ര മാർക്ക് സ്റ്റെയ്നർ പറഞ്ഞത് ആഗോള സമ്പദ് രംഗം ഐ.എം.എഫ്. ന്റെ റിപ്പോർട്ടു പ്രകാരം 3.1% ചുരുങ്ങിയ 2020ലും ലോകത്തെ 100 ആയുധ വ്യാപാരികളുടെ കച്ചവടത്തിലെ വളർച്ച അവരെ അത്ഭുതപ്പെടുത്തി എന്നാണ്. 2020ൽ ലോകത്തെ 100 ആയുധ വ്യവസായികളുടെ കച്ചവടം 53 കോടി 10 ലക്ഷം ഡോളറിന്റേതായിരുന്നു ബെൽജിയത്തിന്റെ സാമ്പത്തിക ഉല്പാദനത്തിനും മേലെ. ഇതിൽ 54 ശതമാനവും അമേരിക്കയിലെ 41 കമ്പനികളുടെ കച്ചവടമായിരുന്നു.

ലോകത്തെ 100 മുന്തിയ ആയുധ കച്ചവടക്കാർ 2020ൽ നടത്തിയ കച്ചവടത്തിന്റെ 54% അമേരിക്കയുടെതാണ്. കഴിഞ്ഞ 20 വർഷത്തിൽ ആയുധ കച്ചവടക്കാർ രാഷ്ട്രീയ പ്രചാരണ ഫണ്ടിലേക്ക് നൽകിയത് 28 കോടി 50 ലക്ഷം ഡോളറാണ്. ലോബിയിങ്ങിനായി ചിലവഴിച്ചത് 250 കോടി ഡോളറുമാണ്.

## ഇൻഫർമേഷൻ ടെക്നോളജിയും ആയുധ വ്യവസായവും

ആയുധ സാങ്കേതിക വിദ്യകളും മറ്റു രംഗങ്ങളിലെ സാങ്കേതിക വിദ്യയും തമ്മിലുള്ള അതിർവരമ്പുകൾ ക്രമേണ ഇല്ലാതായി കൊണ്ടിരിക്കുന്ന കാഴ്ചയാണ് ഇൻഫർമേഷൻ ടെക്നോളജിയുടെ ഇക്കാലത്ത് കാണാൻ കഴിയുന്ന ഒരു പ്രത്യേകത.

സിപ്രിയിലെ മാർക്ക് സ്റ്റെയ്നർ പറയുന്നത് ആയുധ വ്യവസായത്തെക്കുറിച്ച് ഇപ്പോൾ വ്യക്തമായ ഒരു ചിത്രം കിട്ടണമെങ്കിൽ പരമ്പരാഗത വ്യവസായികളായ ലോക്ക്ഹീഡ് മാർട്ടിനെക്കുറിച്ച് മാത്രം മനസ്സിലാക്കിയാൽ മതിയാകില്ല എന്നാണ്. സിലിക്കൺ വാലിയിലെ വൻകമ്പനികളായ ഗൂഗിൾ, മൈക്രോസോഫ്റ്റ്, ഓറക്കിൾ തുടങ്ങിയവരെല്ലാം ആയുധ വ്യവസായത്തിൽ ഇടപെടുകയും നല്ല തുകയ്ക്കുള്ള കരാറുകൾ നേടുകയും ചെയ്യുന്നുണ്ടെന്നാണ്. സിപ്രി ഇതിനുദാഹരണമായി പറയുന്നത് മൈക്രോസോഫ്റ്റും അമേരിക്കൻ ഡിഫൻസ് ഡിപ്പാർട്ട്മെന്റുമായുള്ള ഒരു 22 ബില്ല്യൻ ഡോളറിന്റെ കരാറാണ്. പട്ടാളക്കാർക്ക് യുദ്ധ പ്രദേശത്തെക്കുറിച്ച് കൃത്യമായി മനസ്സിലാക്കാൻ പറ്റുന്ന ഒരുതരം സൂപ്പർ കണ്ണടകൾക്കായാണ് മൈക്രോസോഫ്റ്റും ഡിഫൻസ് ഡിപ്പാർട്ടുമെന്റും കരാറിലെത്തിയത്.

ആയുധ നിർമ്മാണവും ആയുധ കച്ചവടവും വളരണമെങ്കിൽ യുദ്ധവും യുദ്ധ ഭീതിയും ഉണ്ടായിരിക്കണം. കഴിഞ്ഞ 20 വർഷത്തിൽ 2001 സെപ്റ്റംബർ 11 നു ശേഷം മാത്രം അമേരിക്ക നടത്തിയ കടന്നാക്രമണങ്ങൾക്കും യുദ്ധങ്ങൾക്കും ലോകം നൽകേണ്ടി വന്ന വില ഭീമമാണ്.

2001 സെപ്റ്റംബർ 11 ന് തട്ടിയെടുക്കപ്പെട്ട രണ്ടു വിമാനങ്ങൾ വേൾഡ് ട്രേഡ് സെന്റർ തകർക്കുകയും മൂന്നാമതൊന്ന് പെന്റഗൺ കെട്ടിടത്തിനെ ഇടിക്കുകയും ചെയ്തശേഷം പ്രസിഡന്റ് ജോർജ്ജ് ഡബ്ല്യു. ബുഷ് പ്രഖ്യാപിച്ചു അമേരിക്ക പുതിയ ഒരുതരം യുദ്ധത്തിലേക്ക് കടക്കുകയാണ്. ലോകത്ത് സമാധാനവും സുരക്ഷിതത്വവും ആഗ്രഹിക്കുന്നവരെല്ലാം ഭീകരതക്കെതിരായ യുദ്ധത്തിൽ അമേരിക്കയോടു ചേർന്നു നിൽക്കണം. അതോടെയാണ് അമേരിക്ക ഭീകരതക്കെതിരായ യുദ്ധം കെട്ടഴിച്ചു വിട്ടത്. ബ്രൗൺ യൂണിവേഴ്സിറ്റിയുടെ വാറ്റ്സൺ ഇൻസ്റ്റിറ്റ്യൂട്ട് റിസർച്ച് സെന്റർ നടത്തിയ യുദ്ധങ്ങളുടെ വില എന്ന പദ്ധതിയിൽ കണ്ടത് അമേരിക്ക 2001 സെപ്റ്റംബർ 11 മുതൽ 2021 സെപ്റ്റംബർ 11 വരെ നടത്തിയ 20 വർഷത്തെ യുദ്ധത്തിൽ 9,29,000 മനുഷ്യർ മരണമടയുകയും 8 ട്രില്യൻ ഡോളർ ഇതുവരെ ചിലവാക്കുകയും ചെയ്തു എന്നാണ്.

ഭീകരതക്കെതിരായ യുദ്ധത്തിൽ അമേരിക്ക രണ്ടു രാജ്യങ്ങളിൽ കടന്നു കയറി അവിടങ്ങളിലെ സർക്കാരുകളെ അട്ടിമറിക്കുകയും അനേകം വർഷം അമേരിക്ക അവിടെ നിലയുറപ്പിക്കുകയും ചെയ്തു.

അമേരിക്ക നടത്തിയ 20 വർഷത്തെ യുദ്ധത്തിൽ 9,29,000 പേർ മരണമടഞ്ഞെന്ന് സൂചിപ്പിച്ചു. അതിനുപുറമേ ഈ യുദ്ധങ്ങളുടെ പരോക്ഷ ഫലമായുണ്ടായ ദാരിദ്ര്യം, പോഷകാഹാരക്കുറവ്, അടിസ്ഥാന സൗകര്യങ്ങളുടെ നാശം, പാരിസ്ഥിതിക നാശം തുടങ്ങിയവ മൂലം വേറെയും ലക്ഷക്കണക്കിന് മനുഷ്യ ജീവൻ പൊലിഞ്ഞു. 3,87,000 സിവിലിയൻസ് യുദ്ധങ്ങളുമായി ബന്ധപ്പെട്ട അതിക്രമങ്ങളിൽ മരണമടഞ്ഞു. 7050 യു.എസ്. ഭടന്മാർ മരണമടഞ്ഞു. യുദ്ധങ്ങളിൽ പരിക്കുപറ്റിയ അമേരിക്കൻ പട്ടാളക്കാരുടെ കൃത്യമായ കണക്കില്ല. യുദ്ധങ്ങളുമായി ബന്ധപ്പെട്ട് കരാർ ജോലിക്കാർ മരണമടഞ്ഞത് കുറഞ്ഞത് 8000 വരും. അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ഇറാഖ്, സിറിയ, ലിബിയ, യെമൻ, സൊമാലിയ, ഫിലിപ്പീൻസ് തുടങ്ങിയ രാജ്യങ്ങളിൽ അമേരിക്ക നടത്തിയ കടന്നുകയറ്റത്തിന്റെ ഫലമായി 3 കോടി 80 ലക്ഷം മനുഷ്യർക്ക് അവരുടെ വാസസ്ഥലങ്ങൾ വിട്ടോടേണ്ടി വന്നു. 85ലധികം രാജ്യങ്ങളിൽ അമേരിക്ക ഭീകര വിരുദ്ധ യുദ്ധത്തിന്റെ പേരിൽ ഇടപെടുന്നുണ്ട്. അങ്ങനെ അവരുടെ ആഗോള സൈനിക സാന്നിദ്ധ്യം അമേരിക്ക ഇക്കാലത്ത് വലിയ തോതിൽ വിപുലമാക്കി. അമേരിക്കയുടെ ഭീകരവിരുദ്ധ പ്രസ്ഥാനവും യുദ്ധങ്ങളും മൂലം അമേരിക്കക്കകത്തും പുറത്തും പൗരസ്വാതന്ത്ര്യം വളരെയധികം നഷ്ടമായി മനുഷ്യാവകാശങ്ങൾ നിരന്തരം ലംഘിക്കപ്പെട്ടുകൊണ്ടിരിക്കുകയുമാണ്.

അമേരിക്ക കഴിഞ്ഞ 20 വർഷമായി നടത്തുന്ന ഈ യുദ്ധങ്ങൾക്കായി 8 ട്രില്യൻ ഡോളറിലധികം ചിലവായി എന്നു സൂചിപ്പിച്ചു. (1 ട്രില്യൻ = 1 ലക്ഷം കോടി) ഇതിനായി ഭാവിയിൽ ഉണ്ടാകുന്ന പലിശ ചിലവുകൾ ഈ കണക്കിൽ വരുന്നില്ല.

ഇത്രയും വില കൊടുത്തു നടത്തിയ യുദ്ധങ്ങളുടെ ഫലം നാം ഇപ്പോൾ അഫ്ഗാനിസ്ഥാനിൽ കണ്ടുകൊണ്ടിരിക്കുകയാണ്. ആ രാജ്യം മുഴുവൻ ഇപ്പോൾ ഭീകരരുടെ കൈയിലായി, അഫ്ഗാനിസ്ഥാൻ ജനതയിൽ പകുതിയിലധികം കടുത്ത പട്ടിണിയിലുമായി ഭക്ഷണം കിട്ടാതെ അലയുന്ന സ്ഥിതിയാണ്. അഫ്ഗാനിസ്ഥാനും ഗൾഫ് പ്രദേശവും പാകിസ്ഥാനും എല്ലാം കടന്ന് അമേരിക്ക ഇപ്പോൾ അവരുടെ സൈനിക ശ്രദ്ധ തെക്കൻ ചൈന കടൽ, ഉക്രൈൻ തുടങ്ങിയ പ്രദേശങ്ങളിലേക്ക് തിരിച്ചിരിക്കുകയാണ്. •

## ഇ.പി.എഫ് പെൻഷൻ

# ആഗോള പെൻഷൻ റാങ്കിംഗിലെ ഇന്ത്യയുടെ സ്ഥാനം

**തൊഴിലുടമയും സർക്കാരും ചേർന്ന് ശമ്പളത്തിന്റെ 9.49 ശതമാനം പെൻഷൻ ഫണ്ടിലേക്ക് നൽകണം എന്ന ആകർഷകമായ വ്യവസ്ഥയ്ക്കു പിന്നിൽ ഒരു ചതി ഒളിപ്പിച്ചുവച്ചിട്ടുണ്ട്. ജീവനക്കാരുടെ പെൻഷനു അർഹമായ പ്രതിമാസ ശമ്പളത്തിന്റെ ഉയർന്ന പരിധി കേവലം 15,000 രൂപയായി നിജപ്പെടുത്തിയിരിക്കുന്നു എന്നതാണ് കെണി. 2014 വരെ ഉയർന്ന ശമ്പള പരിധി 6,500 രൂപ മാത്രമായിരുന്നു! തൊഴിലുടമ എത്ര വലിയ സ്ഥാപനമായാലും ജീവനക്കാരന്റെ പെൻഷൻ ഫണ്ടിലേക്ക് തുച്ഛവും തികച്ചും അപര്യാപ്തവുമായ തുകയേ നീക്കി വയ്ക്കേണ്ടതുള്ളു എന്നു ഭരണകൂടം തന്നെ നിഷ്കർഷിക്കുന്ന സ്ഥിതി എത്ര ജുഗുപ്ത്സാവഹമാണ്.**



ഡോ.കെ.എൻ.ഹരിലാൽ

സാമുഹ്യനീതിയുടെയും സുരക്ഷയുടെയും ആഗോള റാങ്കിംഗിൽ ഇന്ത്യയുടെ സ്ഥാനം പിന്നണി രാജ്യങ്ങളുടെ പിൻനിരയിലാണ് എന്നു സ്ഥാപിക്കുന്ന പഠനങ്ങൾ പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. പട്ടിണിയുടെ ലോക റാങ്കിംഗിൽ 2021 ലെ കണക്കുകൾ പ്രകാരം ഇന്ത്യയുടെ സ്ഥാനം 101-ാമതാണെന്ന ഒട്ടും അഭിമാനകരമല്ലാത്ത വാർത്ത ഏറെ ചർച്ച ചെയ്യപ്പെടുകയുണ്ടായി. സാമൂഹ്യനീതിയിൽ പിൻനിരയിലാണെങ്കിൽ അസമത്വത്തിന്റെ കാര്യത്തിൽ ഇന്ത്യയുടെ സ്ഥാനം ലോകരാജ്യങ്ങളുടെ മുൻനിരയിലാണ് എന്നാണ് 2021-ലെ അസമത്വം സംബന്ധിച്ച റിപ്പോർട്ട് വെളിവാക്കുന്നത്. പ്രമുഖ രാജ്യങ്ങളിലെ പെൻഷൻ സമ്പ്രദായങ്ങളെ താരതമ്യം ചെയ്തുകൊണ്ടു പ്രസിദ്ധീകരിക്കപ്പെട്ട ആഗോള പെൻഷൻ ഇൻഡക്സും വലിയ ആത്മപരിശോധന ആവശ്യപ്പെടുന്നുണ്ട്. 2021-ലെ കണക്കുകൾ പ്രകാരം 43 രാജ്യങ്ങളുടെ താരതമ്യത്തിൽ ഇന്ത്യയുടെ റാങ്ക് നാൽപതാമത്തേതാണ്. മുൻ വർഷങ്ങളെ അപേക്ഷിച്ച് പട്ടിണിയിലും പെൻഷനിലും മറ്റും ഇന്ത്യയുടെ സ്ഥാനം മോശമായിക്കൊണ്ടിരിക്കുന്നു എന്നതും ആശങ്ക വർദ്ധിപ്പിക്കുന്നു.

ആഗോള താരതമ്യ പഠനങ്ങൾ ഏറ്റെടുക്കുന്ന ഏജൻസികളുടെ താൽപര്യം, അവർ ഉപയോഗിക്കുന്ന സ്ഥിതിവിവരകണക്കുകളുടെ ഗുണനിലവാരം, ആധാരമാക്കുന്ന രീതിശാസ്ത്രത്തിന്റെ ആധികാരികത തുടങ്ങിയവയൊക്കെ സൂക്ഷ്മ പരിശോധനക്കു വിധേയമാക്കപ്പെടേണ്ടതുണ്ട്. പക്ഷെ, വിമർശനം ആത്മപരിശോധനയ്ക്ക് തടസ്സമായി തീരരുത്. മറിച്ചു ഉത്തേജനമാവുകയാണ് വേണ്ടത്. ആഗോള പട്ടിണി റാങ്കിംഗിനെതിരെ കേന്ദ്രസർക്കാർ ഭാഗത്തുനിന്നു ഉണ്ടായ വിമർശനവും അതിനെത്തുടർന്നുണ്ടായ ചർച്ചകളും ഇതാണ് വ്യക്തമാക്കുന്നത്. പോഷകാഹാരക്കുറവ് അനുഭവിക്കുന്നവരുടെ ജനസംഖ്യയിലെ അനുപാതം, ശിശുമരണനിരക്ക്, കുട്ടികളിലെ വളർച്ചാ മുരടിപ്പ്, ഭാരക്കുറവ് തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് ഹംഗർ ഇൻഡക്സ് തയ്യാറാക്കിയിരിക്കുന്നത്. സാർവ്വത്രിക സ്വീകാര്യതയുള്ള ഈ മാനദണ്ഡങ്ങളിൽ ഏതെടുത്താലും ഭാരതത്തിന്റെ സ്ഥിതി ദയനീയമാണ് എന്ന വസ്തുതയിൽ നിന്നു ബന്ധപ്പെട്ടവർക്കു ഒളിച്ചോടാനാവില്ല.

ലോകജനസംഖ്യയിൽ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നവരുടെ മൂന്നിലൊന്നും ഇന്ത്യയിലാണുള്ളത്. വളർച്ച മുരടിച്ച കുഞ്ഞുങ്ങളിൽ നാലിലൊന്നും ഭാരക്കുറവുള്ള കുഞ്ഞുങ്ങളിൽ പകുതിയിലധികവും ഇന്ത്യയിലാണ്. പട്ടിണിയും പോഷകാഹാരക്കുറവും ജനങ്ങളെ വിശേഷിച്ചും കുഞ്ഞുങ്ങളെ ഇത്ര തീഷ്ണമായി ബാധിക്കുന്നതിന്റെ പ്രത്യാഘാതം ദൂര വ്യാപകമാണ്. കായികവും,

**ഇപ്പോഴും ആയിരം രൂപ തികച്ചു പെൻഷൻ ലഭിയ്ക്കാത്ത 27 ലക്ഷം പേരുണ്ട്. ന്യായമായ പെൻഷൻ നിഷേധിക്കുന്നതിന് പറയുന്ന ന്യായം പണമില്ല എന്നതാണ്. പെൻഷൻ ഫണ്ടിലേക്ക് കൂടുതൽ വിഹിതം അടയ്ക്കാൻ തയ്യാറാകുന്ന തൊഴിലുടമകളേയും തൊഴിലാളികളെയും അതിനു അനുവദിച്ചാൽ കൂടുതൽ വിഭവം ലഭ്യമാകും. പെൻഷൻ ഫണ്ടിൽ അവകാശികളില്ലാതെ കിടക്കുന്ന 50,000 കോടി രൂപയോളം ചോർത്തിയെടുക്കുന്നതിനുള്ള നിർദ്ദേശം ഉപേക്ഷിച്ച് അത് കുറഞ്ഞ ശമ്പളക്കാർക്കു മിനിമം പെൻഷൻ ഉയർത്തി നൽകാൻ ഉപയോഗിക്കാവുന്നതാണ്.**



മാനസികവും, ബുദ്ധിപരവുമായ വളർച്ചയുടെ നിർണ്ണായക ഘട്ടത്തിൽ പോഷകാഹാരം നിഷേധിക്കപ്പെടുന്ന കോടിക്കണക്കായ ഈ കുഞ്ഞുങ്ങളാണ് ഭാവി ഭാരത പൗരന്മാരായി വളർന്നു വരേണ്ടത്.

സി.എഫ്ഏ ഇൻസ്റ്റിറ്റ്യൂട്ടും മൊണാഫ് സെന്ററും സംയുക്തമായാണ് പെൻഷൻ ഇൻഡക്സ് തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നത്. പെൻഷൻ സമ്പ്രദായത്തിന്റെ പര്യാപ്തത തുടർച്ചാ സാദ്ധ്യത, വിശ്വാസ്യത എന്നീ ഘടകങ്ങൾ പരിശോധിച്ചു കൊണ്ടാണ് ഇൻഡക്സ് തയ്യാറാക്കിയിട്ടുള്ളത്. ഇൻഡക്സ് തയ്യാറാക്കുന്ന രീതിയിൽ മാറ്റം വരുത്തിയാൽ ഇന്ത്യയുടെ റാങ്കിംഗിൽ ചെറിയ വ്യത്യാസം വന്നേക്കാം. പക്ഷെ, ഏറ്റവും മോശപ്പെട്ട പെൻഷൻ സമ്പ്രദായം നിലനിൽക്കുന്ന രാജ്യങ്ങളിൽ ഒന്നാണ് എന്ന യാഥാർത്ഥ്യം അവശേഷിക്കും. യഥാർത്ഥത്തിൽ ഇന്ത്യൻ തൊഴിൽ സേനയിൽ നിസ്സാരമായ പങ്ക് മാത്രമുള്ള സർക്കാർ ജീവനക്കാർക്കു മാത്രമാണ് തൊഴിൽ ദാതാവ് മുഴുവൻ ചെലവും ഏറ്റെടുക്കുന്ന ന്യായമായ പെൻഷൻ ലഭ്യമാവുന്നത്. 2004നു ശേഷം സർക്കാർ മേഖലയും പങ്കാളിത്ത പെൻഷനിലേക്ക് മാറ്റപ്പെട്ടു. സർക്കാർ മേഖലയിൽ നടപ്പിലാക്കിയ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ നിന്നും ജീവനക്കാർക്കു ന്യായമായ പെൻഷൻ ലഭിക്കുമോ എന്ന കാര്യത്തിൽ ആർക്കും ഉറപ്പു പറയാനാവാത്ത സ്ഥിതിയാണുള്ളത്. വേണ്ടത്ര സുതാര്യതയോടെയല്ല പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ നടത്തിപ്പ് പുരോഗമിക്കുന്നത്. ഇക്കാര്യത്തിൽ കൂടുതൽ വ്യക്തതയും ഉറപ്പും ഉണ്ടാവണം.

### സംഘടിത മേഖലയിലെ പെൻഷൻ

അതിസൂക്ഷ്മ ന്യൂനപക്ഷമായ സർക്കാർ ജീവനക്കാരെ അപേക്ഷിച്ച് എത്രയോ മോശമാണ് ഇതര മേഖലകളിലെ തൊഴിലാളികളുടെയും സ്വയം തൊഴിൽ കണ്ടെത്തുന്നവരുടെയും സ്ഥിതി. ഇതിൽ കുറച്ചെങ്കിലും മെച്ചപ്പെട്ട പെൻഷൻ ലഭിക്കാൻ സാദ്ധ്യതയുണ്ട് എന്ന് പൊതുവെ വിശ്വസിക്കപ്പെടുന്ന വിഭാഗമാണല്ലോ സംഘടിത മേഖലയിലെ തൊഴിലാളികൾ. ഇതിൽ നവരത്ന കമ്പനികൾ ഉൾപ്പടെയുള്ള പൊതുമേഖലയിലെ തൊഴിലാളികളും ഇരുപത് പേരിൽ കൂടുതൽ പണിയെടുക്കുന്ന സ്വകാര്യ സ്ഥാപനങ്ങളിലെ ജീവനക്കാരും ഉൾപ്പെടും. തൊഴിൽസേനയുടെ 10 ശതമാനത്തിൽതാഴെ മാത്രമാണ് സംഘടിത മേഖലയിൽപ്പെടുക. സംഘടിത മേഖലയിലെ തൊഴിലാളികൾക്കു ബാധകമായിട്ടുള്ളത് 1995ൽ ആരംഭിച്ച എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷന്റെ (ഇ.പി.എഫ്.ഒ) ആഭിമുഖ്യത്തിലുള്ള പെൻഷൻ സ്കീമാണ്. ഇ.പി.എഫിന്റെ പെൻഷന്റെ ദയനീയ സ്ഥിതി കാണുമ്പോൾ ഇന്ത്യയിലെ സംഘടിതമേഖലയിലെ തൊഴിലാളികൾ പോലും വിരമിച്ചു കഴിഞ്ഞാൽ വൈകാതെ ദാരിദ്ര്യ രേഖയ്ക്കു താഴേക്കു തള്ളിമാറ്റപ്പെടും എന്നത് വ്യക്തമാവും. ജീവനക്കാരന്റെ ശമ്പളത്തിന്റെ 8.33 ശതമാനം തൊഴിലുടമയും 1.16 ശതമാനം സർക്കാരും പെൻഷൻ ഫണ്ടിലേക്ക് നൽകണം എന്നാണ് വ്യവസ്ഥ. തൊഴിലുടമയും സർക്കാരും ചേർന്ന് ശമ്പളത്തിന്റെ 9.49 ശതമാനം പെൻഷൻ ഫണ്ടിലേക്ക് നൽകണം എന്ന ആകർഷകമായ വ്യവസ്ഥയ്ക്കു പിന്നിൽ ഒരു ചതി ഒളിപ്പിച്ചു വച്ചിട്ടുണ്ട്. **(അടുത്ത ലക്കം തുടരും)**

# സംഘടനാ വാർത്ത

## ഈ ബാലാനന്ദന് സ്മരണാഞ്ജലി



സി.ഐ.ടി.യു അഖിലേന്ത്യാ പ്രസിഡന്റും സി.പി.ഐ.എം പൊളിറ്റ് ബ്യൂറോ അംഗവുമായിരുന്ന സ:ബാലാനന്ദന്റെ സ്മരണ ജനുവരി 19 ന് സംസ്ഥാനത്ത് ആകെ ആചരിച്ചു. സി.ഐ.ടി.യു ഓഫീസുകൾ അലങ്കരിച്ചും പതാകകൾ ഉയർത്തിയുമാണ് ദിനാചരണ പരിപാടികൾ നടത്തിയത്. സി.ഐ.ടി.യു സംസ്ഥാനകമ്മിറ്റി ഓഫീസിൽ നടന്ന അനുസ്മരണയോഗം സി.ഐ.ടി.യു സംസ്ഥാനപ്രസിഡന്റ് സ:ആനത്തലവട്ടം ആനന്ദൻ പതാക ഉയർത്തി നിർവഹിച്ചു.



ഇലക്ട്രിസിറ്റി ജീവനക്കാർ വൈദ്യുതി ഭവന് മുന്നിൽ ആരംഭിച്ച അനിശ്ചിതകാല സമരത്തെ സി.ഐ.ടി.യു ജനറൽ സെക്രട്ടറി എളമരം കരീം അഭിവാദ്യം ചെയ്തു.

ജനുവരി 19ന്റെ തൊഴിലാളി കർഷക സംഗമ അനുസ്മരണ ദിനം സിഐടിയു സംസ്ഥാന സെക്രട്ടറി സ. കെ.എസ്. സുനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു.






ജനവിരുദ്ധ കേന്ദ്ര ബജറ്റിനെതിരെ ട്രേഡ് യൂണിയൻ സംയുക്ത സമിതി തിരുവനന്തപുരം ജിപിഒക്ക് മുന്നിൽ സംഘടിപ്പിച്ച പ്രതിഷേധ സായാഹ്നം സിഐടിയു സംസ്ഥാന പ്രസിഡന്റ് ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്യുന്നു.